

DEVA MATHA COLLEGE
Affiliated to Mahatma Gandhi University, Kottayam
NAAC Accredited with A-Grade
വേരുകൾ
2017-18


MIRAMAC
editing suite & studios
SHAPING YOUR DIGITAL IDENTITY
VIDEO EDITING
WEDDING MOVIE
VIDEO WORK
PHOTOGRAPHY
ALBUM DESIGNING
SHORT FILM WORK
Contact: Ph - 9946297383, 09414094332
OPP. Deva Matha College, Kuravilangad
Email: miramacstudios@gmail.com
DEVA MATHA COLLEGE



ഭൂമിക്കടിയിൽ
വേരുകൾകൊണ്ട്
കെട്ടിപ്പിടിക്കുന്നു,
ഇലകൾ തമ്മിൽ
തൊടുമെന്നു പേടിച്ച്
നാം അകറ്റി നട്ട
മരങ്ങൾ.

വീരാൻകുട്ടി

# DEVA MATHA COLLEGE


Affiliated to Mahatma Gandhi University, Kottayam
NAAC Accredited with A-Grade
Kuravilangad P.O. Kerala, India



Publisher : Dr. PHILIP JOHN
General Editor : Dr. CIBY KURIAN
Staff Editors : Dr. JOBIN JOSEPH
: Mr. ALPHIN CHACKO
: Mrs. DEEPA THOMAS

Student Editor : AMALA TREESA JAMES
Sub Editors : ALBIN SABU
: BIJESH P. BIJU
: HARISHANKAR J.

Design : Greenmango Ads. (Ajesh P T: 9847800057)
Printed at : Alpha Creations, Kuravilangad. 9497746988





Declaration about Ownership of Deva Matha College Annual 2017-18 (see from IV Rule 8)

Place of Publication : KURAVILANGAD
Periodity of Publication : ANNUAL
Publishers Name : Dr. PHILIP JOHN
Address : PRINCIPAL, DEVA MATHA COLLEGE, KURAVILANGAD

I **Dr. Philip John**, hereby declare that the particulars given above are true to the best of my knowledge and belief

Dr. PHILIP JOHN
Principal



# Management



MAR. JOSEPH KALLARANGATT

*- Our Patron -*



MAR. JACOB MURICKEN

*- Auxillary Bishop -*



REV. DR. JOSEPH THADATHIL

*- Our Manager -*



FR. KURIAKOSE VELLACHALIL

*- Our Bursar -*

## Farewell to our Principal



DR. PHILIP JOHN

## Hearty Welcome



DR. JOJO K. JOSEPH

*- New Principal -*



FR. DINOY KAVALAMMACKAL

*- New Vice Principal -*

# Principal's Message



നമ്മുടെ കലാലയത്തിന്റെ ശബ്ദമായ **'വേരുകൾ'** പ്രകാശിതമാകുന്നതിൽ എനിക്ക് ഏറെ സന്തോഷവും അഭിമാനവുമുണ്ട്. 2017-18 ലെ അദ്ധ്യയന വർഷത്തിലെ പ്രതിഭാധനരായ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന രചനകൾ ഈ മാഗസിന്റെ ഏടുകളിലൂടെ വെളിച്ചം കാണുകയാണ്. അക്കാദമിക് രംഗത്തെന്നപോലെ കലാ കായിക രംഗങ്ങളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ **'ദേവമാതാ'** യുടെ പ്രിയമക്കൾക്ക് സാധിക്കുന്നു. അവരുടെ ഉയർന്ന ചിന്തകളും സർഗ്ഗവാസനകളും ഈ മാഗസിന്റെ താളുകളിൽ തെളിയുന്നു. മാഗസിന്റെ രൂപീകരണത്തിന് നേതൃത്വം നല്കിയ ചീഫ് എഡിറ്റർ ഡോ. സിബി കുര്യൻ സ്റ്റാഫ് എഡിറ്റർമാരായ ഡോ. ജോബിൻ ജോസ്, ആൽഫിൻ ചാക്കോ, ദീപ തോമസ് എന്നിവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. മികച്ച ഒരു മാഗസിൻ പുറത്തിറക്കുന്നതിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്ത സ്റ്റുഡന്റ് എഡിറ്റർ അലെ ട്രീസാ ജയിംസ്, സബ് എഡിറ്റേഴ്സ് ആൽബിൻ സാബു, ബിജേഷ് പി. ബിജു, ഹരിശങ്കർ. ജെ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ വേരുകൾ ദേവമാതയുടെ മണ്ണിൽ പടരട്ടെ എന്ന് ആശംസിക്കുന്നു.

**പ്രിൻസിപ്പൽ**
**ഡോ. ഫിലിപ്പ് ജോൺ**

# Union



JOHN K. XAVIER

*- Chairman -*



LIMY MARIA MATHEW

*- Chair Person -*



ALBIN DEVASYA

*- General Secretary -*



KRISHNADAS

*- Arts Club Secretary -*



AMALA TREEASA JAMES

*- Magazine Editor -*



ASHIN K. PAUL

*- University Union Councillor -*



BIBIN JOY

*- University Union Councillor -*



ALEXEENA S JOHN

*- Lady Representative -*



BINILA PRASANNAN

*- Lady Representative -*



SUMAL S. BABU

*- III DC Representative -*



ALWIN PAUL

*- II DC Representative -*



GEORGE SAJU

*- I DC Representative -*



DONA MATHEW

*- PG Representative -*



JEFFIN SABU

*- Sports Secretary -*

# Editorial Board



**DR. CIBY KURIAN**

*- General Editor -*



**AMALA TREEASA JAMES**

*- Student Editor -*



**DR. JOBIN JOSE**

*- Staff Editor -*



**MR. ALPHIN CHACKO**

*- Staff Editor -*



**MRS. DEEPA THOMAS**

*-Staff Editor -*



**ALBIN SABU**

*- Sub Editor -*



**BIJESH P. BIJU**

*- Sub Editor -*



**HARISHANKAR J.**

*- Sub Editor -*


പീതം
ശ്വേതം
അരുണം
ഹരിതം

# Editorial Note




അനന്തവിഹായസ്സിലേക്ക് തലയുയർത്തി നിൽക്കുന്ന മഹാവൃക്ഷങ്ങൾ. മണ്ണിനടിയിൽ അവയെ താങ്ങി നിർത്തുന്ന ബലിഷ്ഠമായ വേരുകൾ. ആശയങ്ങളുടെ, ആദർശങ്ങളുടെ, കലകളുടെ സമ്പന്നമായ വേരുകളിലാണ് സംസ്കാരവൃക്ഷങ്ങളുടെയും നിലനിൽപ്പ്. നമ്മെ നമ്മാക്കുന്ന വേരുകൾ.. ഇത് വേരുകളിലേയ്ക്കുള്ള മടക്കമാണ്.

ആ യാത്രയിൽ കണ്ടതും കേട്ടതും അറിഞ്ഞതും അനുഭവിച്ചതും കുത്തിക്കുറിച്ച് കൂട്ടിത്തുന്നിയെടുത്ത പുസ്തകത്തിന് വേരുകൾ എന്നല്ലാതെ എന്തു പേരിടാൻ...

വരൂ നമുക്കൊരുമിച്ച് നമ്മുടെ വേരുകളിലേയ്ക്ക് മടങ്ങാം.

എഡിറ്റർ
**അമല ട്രീസ ജെയിംസ്**

# കാരിത്താസ് ആശുപത്രി
## സമർപ്പിത സേവനം. സമഗ്ര ചികിത്സ.






OUR DEPARTMENTS

- General Medicine
- Emergency Medicine
- Ophthalmology • Orthopaedics & Traumatology • Dentistry
- Oto-Rhino- Laryngology (ENT) • Pulmonology
- Department of Dermatology, Venereology and Leprosy
- Department of General Minimal Access and Bariatric Surgery
- Obstetrics and Gynaecology • Neonatology
- Paediatric Department and Paediatric Surgery
- Plastic Surgery • Urology
- Gastroenterology and Hepatology
- Nephrology and Renal Transplantation • Psychiatry
- Department of Radiology and Imaging • Rheumatology
- Laboratory Science and Transfusion Medicine
- Surgical Gastroenterology & HPB Surgery
- Interventional Radiology
- Endocrinology • Nuclear Medicine & PET-CT

CARITAS NEUROSCIENCES

- Neurology Medicine • Neuro Surgery
- Physiotherapy
- Department of Physical Medicine and Rehabilitation

CARITAS HEART INSTITUTE

- Interventional Cardiology • Cardiothoracic Surgery
- Combined Heart & Lung Transplantation Centre

CARITAS CANCER INSTITUTE

- Medical Oncology • Surgical Oncology
- Radiation Oncology • Palliative Care
- Bone Marrow Transplantation

CARITAS HOSPITAL
ISO 9001:2015 | NABH ACCREDITED
Thellakom P.O, Kottayam-686 630, Kerala | T: 0481-2790025-29, 2790413-416
F: 0481-2790418 | E-mail: mail@caritashospital.org | www.caritashospital.org


പീതം
സൗഹൃദക്കൈകോർത്ത് നടക്കാം
പീത പാതയിലൂടെ...

# Pages Contents

ഇത്തിരിവെളുപ്പിൽ കാണപ്പെടുന്നത് .......... 17
ഭ്രാന്തൻ .......... 18
Chunkzz .......... 19
മാപ്പ് .......... 21
വൃദ്ധൻ .......... 24
കേസ് .......... 27
കറുപ്പ് .......... 27
കാഴ്ചയുടെ ചഷകങ്ങൾ (വേണു) .......... 28
കറുമ്പിപശുവിന്റെ പാൽ .......... 34
അവളുടെ കൊലപാതകം എന്തിന്റേയോ ആത്മഹത്യ .......... 35
വന്നുപോയ വസന്തം .......... 36
Rainbow .......... 37

# ഇത്തിരിവെളുപ്പിൽ കാണപ്പെടുന്നത്?

അന്ന് വീട്ടിലേയ്ക്ക് നടന്നു.
വഴിയിൽ ജോണേട്ടനെ കണ്ടു.
ചേട്ടായി--എന്നാ ഒരു കറുത്ത റിബ്ബൺ?
സക്കറിയാപാപ്പൻ മരിച്ചു കുഞ്ഞേ-------
അന്ന് വീട്ടിലെത്തി.
അപ്പാ എന്നാ എല്ലാടത്തും കറുത്ത കൊടി ?
മോളേ, മരണം നടന്നില്ലേയോ അതാ !
• • • • • • • • • • • • • • • • • • • •

അന്ന് സക്കറിയാ പാപ്പന്റെ വീട്ടിൽ പോയി മടങ്ങി
വന്നു.
അപ്പാ-----
'എന്നാ കുഞ്ഞേ ? '
'സക്കറിയാ പാപ്പൻ വെളുത്ത ഉടുപ്പല്ലിയോ
ഇട്ടേക്കുന്നേ ?
'അതേ.'
'പിന്നെന്നാ, എല്ലാവരും കറുത്ത റിബൺ
കുത്തിയേക്കുന്നേ ?
'മരണവീടല്ലിയോ, അതാ ! '
'അതിനെന്താ ? '
'മരണം കറുപ്പല്ലിയോ കുഞ്ഞേ, അതു ദുഃഖം നൽകും'
• • • • • • • • • • • • • • • • • • • •

അന്ന് അമ്മായീടെ കുഞ്ഞിനെ കാണാൻ പോയി.
'അമ്മായി..ഈ ഉടുപ്പെല്ലാം കുഞ്ഞിനുള്ളതാ?'
'ആ, എന്നാ കുഞ്ഞേ ?
'എല്ലാം വെളുത്തതാണല്ലോ ?
'കുഞ്ഞ് ജനിച്ചതല്ലേ ഉള്ളൂ അതാ !
• • • • • • • • • • • • • • • • • • • •

അന്ന് വീട്ടിലെത്തി.
'അപ്പാ..'
'എന്നാ കുഞ്ഞേ ?
അമ്മായീടെ കുഞ്ഞിന്റെ ഉടുപ്പെല്ലാം വെളുത്തതാ !
'ആണോ ?'
'പക്ഷേ ആരും കറുത്ത റിബൺ കുത്തിയിട്ടില്ല'
'അയ്യോ കുഞ്ഞേ കൊച്ച് ജനിച്ചതല്ലിയോള്ളൂ '
'അതിന് ? '
കൊച്ച് ജനിച്ചപ്പോ എല്ലായിടത്തും സന്തോഷമല്ലിയോ?
'ആ'
'സന്തോഷത്തിനെന്തിനാ കറുപ്പ് ? സന്തോഷത്തിന്റെ
നിറം
വെളുപ്പാണ് ! '
• • • • • • • • • • • • • • • • • • • •

അന്ന് വളർന്നു.
അപ്പനവളുടെ കെട്ടു നടത്തി.
കുട്ടികളായി-----
പിന്നെയും ജീവിച്ചുപഠിച്ചു
അറിഞ്ഞു!!
• • • • • • • • • • • • • • • • • • • •

അന്ന് പതിയെ മനസിലാക്കി
ലോകം കറുത്തതാണ്
മരണം വെളുത്തതും
ഇരുണ്ട ലോകത്തിൽ നിന്നും
നമ്മെ രക്ഷിക്കുന്ന വെളുപ്പാണ്
മരണം---
നാം കാണുന്നതല്ല യാഥാർത്ഥ്യം
അറിഞ്ഞതൊന്നും സത്യവുമല്ല.
എല്ലാം--
അതുക്കും മേലെ-------

**AADHYA BABU**
II DC ENGLISH



# ഭ്രാന്തൻ

താളം തെറ്റിയ ഒരു മനസ്സുണ്ടെനിക്ക്.
ചങ്ങലക്കിട്ട സ്വപ്നങ്ങളുടെ
താളമാണവയ്ക്ക് കാതൽ,
പൊടിപിടിച്ചൊരു ഹൃദയമുണ്ടെനിക്ക്.
ചിതലുകൾ അരിച്ച
പുസ്തകത്താളുകളാണവയ്ക്ക് കൂട്ട്.
കറപിടിച്ചൊരുമുഖമുണ്ടെനിക്ക്
കരിന്തിരിയിട്ട നിലവിളക്കാണവയ്ക്ക് ചാരെ
അവർ പറയുന്നു
താളം തെറ്റിയ മനസ്സും പൊടിപിടിച്ച ഹൃദയവും
കറപിടിച്ച മുഖവും ഭ്രാന്തന്റെ ലക്ഷണമെന്ന്.
പക്ഷെ ഈ ചങ്ങലയ്ക്കു മാത്രമറിയാം
എന്നെയും എന്നിലെ എന്നെയും-----

**ATHIRA K.J.**
II DC ZOOLOGY



# Chunkzz.....

ഇത് മൂന്നാം വർഷമായി. ദേവമാതായിലെ ക്യാമ്പസ് ജീവിതം അതിന്റെ അവസാന വേളകളിലേക്ക് എത്തുകയാണ്. ആഗ്രഹിച്ച കോഴ്സിനൊന്നുമല്ല ചേർന്നത്. തികച്ചും അപ്രതീക്ഷിതമായിട്ട് ആയിരുന്നിരിക്കാം നമ്മിൽ പലരും ഇവിടെ ആയിരിക്കുക. ആരംഭനാളുകളിൽ എങ്ങനെയെങ്കിലും കോഴ്സ് ഒന്നു തീർന്നുകിട്ടിയാൽ മതിയെന്ന ഒറ്റ വിചാരത്തോടെ ക്യാമ്പസ് ജീവിതം തള്ളിനീക്കുമ്പോൾ. അതിനായി മാത്രം കോളേജിൽ വരുമ്പോൾ നിങ്ങളും വിചാരിച്ചിട്ടുണ്ടാവില്ല ഇപ്രകാരം ഹൃദയപൂർവ്വമായ ഒരു സൗഹൃദത്തിൽ നിങ്ങൾ ആയിത്തീരുമെന്ന് കൂട്ടുപിടിക്കാതെ ഒറ്റയ്ക്കു വന്നുചേർന്നവരുടെ കാര്യം പറയേണ്ടതില്ലല്ലോ !

ക്യാമ്പസ് ജീവിതം ആരംഭിച്ച് അതിൽ നല്ലൊരു പങ്കും കഴിഞ്ഞ വേളയിലാവാം ഒരുപക്ഷേ നിങ്ങൾ നിങ്ങളുടെ ആ സുഹൃത്തിനെ അറിഞ്ഞു തുടങ്ങിയത്. പരസ്പരം അറിയുന്നിടത്തും ചിന്തകൾ ഒന്നാവുന്നിടത്തും ആണല്ലോ എല്ലാ സൗഹൃദങ്ങളുടെയും തുടക്കം. അതുകൊണ്ടുതന്നെ സ്ഥിരം കാണുന്നവരായാലും, കണ്ടിട്ട് മുഖം നൽകാതെ പോകുന്നവരായാലും ഒരുമിച്ച് ഒരേ ക്ലാസ്സിൽ പഠിച്ചവരായിരുന്നാലും സൗഹൃദം ആരംഭിക്കുന്നതും മുറുകുന്നതും പരസ്പരം മനസ്സിലാക്കുന്ന, ചിന്തകളെ ഒന്നാണെന്നു തിരിച്ചറിയുന്ന ആ ഒറ്റ സെക്കന്റിലാണ്



"Great friends are: Hard to find."

അതെ, നാം കണ്ടെത്തി, കണ്ടെത്തിക്കഴിയുമ്പോഴാവാം നഷ്ടപ്പെട്ടുപോയ സുഖദുഃഖങ്ങളുടെ തലോടൽ സ്നേഹത്തിന്റെ ഒന്നൽ വീശി സുന്ദരമാക്കാൻ കഴിയുമായിരുന്നു, എന്നാൽ കഴിയാതെ പോയ ഇന്നലെകൾ നിറമായിക്കൊണ്ടിരിക്കുന്ന ക്യാമ്പസിന്റെ നാളുകളെ ഓർമ്മിപ്പിച്ച് നമ്മെ കുത്തി നോവിക്കുക. ആസ്വദിക്കാനും, ഇണങ്ങാനും പിണങ്ങാനും, പിന്നെ നമ്മുടെ രീതിയിൽ പറഞ്ഞാൽ ചളിയടിക്കാനും, ഉഴപ്പിലാക്കാനും എന്തിനോ ഒറ്റക്കെട്ടായി മാറിടാനും, ആശ്വസിപ്പിക്കാനും അങ്ങനെ എന്തൊക്കെയോ കഴിയാതെ പോയതിന്റെ നഷ്ടബോധം,

അതുകൊണ്ടുതന്നെ പിന്നീടുള്ള ആ വളരെക്കുറച്ച് നാളുകൾ ഇനി നമുക്ക്, ആ സൗഹൃദത്തെ അതിന്റെ പരമാവധിയിലേക്ക് എത്തിക്കുവാൻ. അത് എക്കാലവും അങ്ങനെതന്നെ അല്ലേ? അതിലും ഉണ്ട് ചെറിയൊരു ജനറേഷൻ ഗ്യാപ് എന്നു മാത്രം... എക്കാലവും friendship അത് അകലാനാകാത്തവിധം സുഹൃത്തുക്കളെ ചേർത്തുവയ്ക്കും. അതെ.

"Great friends are: Difficult to leave."

കളങ്കമില്ലാത്ത നിറഞ്ഞ മനസ്സോടെ എല്ലാ അകലങ്ങളെയും തരണം ചെയ്ത് അവർ ഒറ്റക്കെട്ടായി നിറങ്ങൾ ജീവിതത്തിന് പുതിയൊരു അർത്ഥം നൽകുവാൻ അതിനു സാധിക്കുന്നു. എന്താ അങ്ങനെയല്ലേ? പിന്നീടങ്ങ് പറയാനുണ്ടോ... മറക്കാനാവാത്തവിധം, തിരിച്ചു നിർത്താനാവാത്തവിധം നാംതന്നെയായ നമ്മുടെ friendship മാറുമ്പോൾ ഇങ്ങനെകൂടി പറയാമല്ലോ..

"Great friends are: Impossible to forget."

അതെ, അവർ നമുക്ക് എന്നും Special ആയിരിക്കും. അങ്ങനെ ആയിത്തീരുന്ന നമ്മുടെ ആ കൂട്ടുകാരിയെ അഥവാ കൂട്ടുകാരനെ നാം വിളിക്കും... "ചങ്ക്"...

നിശ്ചയമായും... ചങ്കിന് ഒരു അർത്ഥം ഉണ്ടെങ്കിൽ അത് ഇതാണ് എന്നു പറഞ്ഞ് എക്കാലവും ചേർത്തു നിർത്താൻ നിങ്ങൾക്കും ഉണ്ടാവുമല്ലോ ഒന്നല്ലെങ്കിൽ ഒരുപാട് Chunkzz.

നമ്മെക്കാൾ നമ്മൾ ഇഷ്ടപ്പെടുന്ന, സ്നേഹിക്കുന്ന മറ്റെന്തിനും മേലെ നാം വിലമതിക്കുന്ന ഒന്നാണ് ഒരു ചങ്ക്"

'ഉണ്ടാവും'.

'ഉണ്ടാവണം'.

'താങ്ങായും തണലായും'.

എന്ന് സ്നേഹത്തോടെ

**LAKSHMI S.**
III DC ENGLISH



# മാപ്പ്...

കണ്ണീരിൽകുതിർന്ന അവന്റെ കദനകഥ കേൾക്കാൻ ആരുംകാതുകൾതുറന്നില്ല...
കാരണം അവൻ കട്ടത് അരച്ചാൺ വയറിന്റെ പശിയടക്കാനായിരുന്നു...
അവന്റെ ഭാണ്ഡക്കെട്ടിലെ മുഷിഞ്ഞ തുണികൾക്കിടയിൽ അവർക്കത്
കോടികളുടെ മൂല്യമുള്ള നോട്ടുകെട്ടുകളായിരുന്നില്ല ചിതറിത്തൂവിയ
അരിമണികളായിരുന്നു

അവന്റെ കൂച്ചുവിലങ്ങിട്ട വിറങ്ങലിച്ച കൈകളിൽ.
തുണിത്തുമ്പിനാൽ വലിഞ്ഞുമുറുകിയ ഒട്ടിയവയറിന്റെ വിതുമ്പലിൽ.
'പൈതൃക' കേരളത്തിന്റെ മുഖമുറഞ്ഞു... പെയ്തൊഴിഞ്ഞു
മാപ്പ് (ഒരുപക്ഷേ, നിന്നെ ഉൾക്കൊള്ളാൻ എന്റെ വാക്കുകൾക്കായില്ലെങ്കിൽ
കാട് കയറിയ പൂർവ്വികരുടെ കാടൻ നീതിയെയോർത്ത്
വിരുന്നൂട്ടുകാരനായ വിധി വൈരൂപ്യത്തെയോർത്ത്
വിളവെല്ലിനെ വിഷലിപ്തമാക്കിയ ക്രൂരവിളയാട്ടത്തെയോർത്ത്
വിത്ത്കുത്തി അന്നമുണ്ണുന്ന കെടുകാര്യസ്ഥതയെയോർത്ത്
വർണ്ണങ്ങളുടെ പേരിൽവിവേചനമെഴുതിയ ഞങ്ങളുടെ" ബൗദ്ധിക പക്വതയോർത്ത്"
കാടെടുത്ത് കീശവീർപ്പിക്കുന്ന കാലത്തെയോർത്ത്...
കാട്ടുപെണ്ണിന്റെ കനവുടച്ച കാമവെറിയോർത്ത്...
കണ്ണാടിയരുവിയെ കാളകൂടമാക്കിയ കാലത്തെയോർത്ത്
മാപ്പ്...മാപ്പ്...മാപ്പ്...

വീണ്ടും കുന്നത്തികാവിൽ കരിംകോഴി തുള്ളിയുറഞ്ഞു
നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നു
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നു...
നിങ്ങളറിയുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.

**SR. ALEENA JOSEPH**
II DC ENGLISH



തുടർച്ചയായ 6-ാം വർഷവും
എം.ജി. യൂണിവേഴ്സിറ്റി
യോഗ ചാമ്പ്യൻമാരായ
ദേവമാതാ കോളേജ് ടീം...







# Boot & Bag

കുറവിലങ്ങാട്

KURAVILANGAD



**Mob : 9605769197**

**BAGS / FOOTWEARS / BELT / RAIN COAT**
**UMBRELLA / SHUTTLE BAT / TROLLY BAGS**

## കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ: 1049

**കോട്ടയം ജില്ലയിലെ ഒരു പ്രമുഖ ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്**

e-mail: kuravilangadscb@gmail.com

**ബ്രാഞ്ചുകൾ**

കുറവിലങ്ങാട്: 230347, 232367 | നസ്രത്തുഹിൽ: 230627 | കുര്യം: 230502
തോട്ടുവ: 231785 | കോഴാ: 231155 | മോർണിംഗ് & ഈവനിംഗ്: 231367

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- സീനിയർ സിറ്റിസൺസിന് 50 % പലിശ കൂടുതൽ
- ഉദാരവ്യവസ്ഥയിൽ വായ്പകൾ
- പ്രതിമാസ നിക്ഷേപ പദ്ധതി
- ലോക്കൽ സൗകര്യം
- സ്വർണ്ണപണയത്തിൻമേൽ 5 ലക്ഷം രൂപാ വരെ വായ്പാസുതാര്യ ഇടപാടുകൾ

**നീതി മെഡിക്കൽ സ്റ്റോറിൽനിന്നും 50% വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നു.**

പ്രസിഡന്റ്
പ്രൊഫസർ പി. ജെ. സിറയക്
പൈനാപ്പള്ളിൽ

സെക്രട്ടറി
ശ്രീമതി. വി. എൻ. ഉഷ



# വൃദ്ധൻ

ആ വൃദ്ധൻ എപ്പോഴും കിടക്കയിലാണ്
വൃദ്ധന്റെ അസ്വസ്ഥകരമായ ചുമകളും മൂളലുകളുമായിരുന്നു
പുലർച്ചെ എന്നെ വിളിച്ചുണർത്തിയത്
മുറിക്കകത്തേക്ക് പ്രവേശനമില്ല !
കാറ്റും വെളിച്ചവും കയറാത്ത ആ മുറിയുടെ
ജീവനാഡി, വൃദ്ധന്റെ ശ്വാസോച്ഛ്വാസങ്ങളായിരുന്നു
അത് നിലയ്ക്കാൻ പെടാപാടുപെടുകയാണ് ചിലർ!
ആ കൂട്ടത്തിൽ അറിയാതെ ഞാനും പെട്ടുപോയിരുന്നു
ഭക്ഷണസമയത്ത് ഒളികണ്ണിട്ട് പതുക്കെ അകത്തേക്കു നോക്കും
നീരെ വയ്യ ആകെ ശുഷ്കിച്ചിരിക്കുന്നു
ചുണ്ടുകൾ വിശപ്പിന്റെ നിർബന്ധത്തിനു വഴങ്ങി
ചൂടു കഞ്ഞിക്കായി ചലിക്കുന്നു
കർക്കിടകം പിറന്നു, പെരുത്ത മഴയും
തണുപ്പിന്റെ ആധിക്യത്തിൽ ഞങ്ങളുറങ്ങിയപ്പോൾ
വൃദ്ധന്റെ ശ്വാസോച്ഛ്വാസം മഴയിലൂടെ ഒലിച്ചിറങ്ങുകയായിരുന്നു
ശ്വാസനാളം എന്നന്നേക്കുമായി ജോലി രാജി വച്ചുകഴിഞ്ഞിരിക്കുന്നു
തന്റെ മനസ്സിൽ ഒരുക്കിവച്ച ആ ചോദ്യം
അവൻ അച്ഛനോട് ആരാഞ്ഞു

"നമ്മുടെ ആരായിരുന്നു ആ വൃദ്ധൻ?"
മറുനാടൻ ശൈലിയിൽ അച്ഛൻ മൊഴിഞ്ഞു
"അതു നിന്റെ മുത്തച്ഛനായിരുന്നു
അതായത് എന്റെ അച്ഛൻ!"

**GOPIKA SURESH**
III DC BOTTANY

# The Colour of Art










**SAMSON JOSE**
III DC B.COM







SAMSON JOSE
III DC B.COM



# കേസ്

തെറിച്ചു വീണ വാക്കുകളെ
വാരിയെടുക്കുമ്പോൾ
അവയുടെ അർത്ഥങ്ങളെല്ലാം
നഷ്ടപ്പെട്ടിരുന്നു
എന്തുചെയ്യും ?
നാവിനെതിരെ ഒരു കേസ് ഫയൽ ചെയ്തു
അത്ര തന്നെ.....!

**AKSHARA V.**
I MA MALAYALAM



# കറുപ്പ്

ഇടങ്കയ്യിലെ ഞരമ്പിൻമേൽ
മൂർച്ചയുള്ള മുനകൊണ്ട്
ഞാനാഞ്ഞുകുത്തി
കറുത്ത രക്തം
ആ മുഖത്തേക്കു തെറിച്ചു !
പുകച്ചുരുളുകളാൽ നിർമ്മിക്കപ്പെട്ട
മേഘശകലങ്ങൾ
ജീവിതാന്ത്യം വരെ
തോരാത്ത മഴ തന്നു
ആ മഴത്തുള്ളികൾക്കും നിറം
കറുപ്പായിരുന്നു...!

**AKSHARA V.**
I MA MALAYALAM

റേഷൻ

# കാഴ്ചയുടെ ചഷകങ്ങൾ

## വേണു

അമൽ സുരേന്ദ്രൻ, ജുബിൻ മാത്യു

നിരവധിയായ ഭാവുകത്വപരിണാമങ്ങൾക്കും പുത്തൻ ആഖ്യാന വിഷയങ്ങളുടെ കടന്നുവരവിനും സാക്ഷ്യം വഹിക്കുന്ന ഒരു കാലത്തിലൂടെയാണ് മലയാള സിനിമ കടന്നുപോകുന്നത്. അനുഭവ സമ്പന്നരായ ഒട്ടനവധി സംവിധായകരുടെയും തിരക്കഥാകൃത്തുക്കളുടെയും ഛായാഗ്രാഹകരുടെയും സർഗ്ഗശേഷി ഇതിനുപിന്നിലുണ്ട്. അത്തരത്തിൽ മലയാള സിനിമയുടെ ഇന്നിനെയും ഇന്നലെയെയും പരസ്പരം കൂട്ടിയിണക്കുവാൻ കഴിയുന്ന വ്യക്തിയാണ് സംവിധായകനും ഛായാഗ്രാഹകനുമായ ശ്രീ വേണു. സകല ഔപചാരികതകളെയും ഒഴിച്ചുകൊണ്ടുള്ള വിന്റർഫീസ്റ്റ് എന്ന അദ്ദേഹത്തിന്റെ ഫ്ളാറ്റിൽ വെച്ചു നടന്ന ഒരു പകൽ സംഭാഷണത്തിന്റെ ചിലഭാഗങ്ങൾ. ആ മുറി എന്നെ ആകർഷണീയമായിരുന്നു. നിറയെ പുസ്തകങ്ങൾ, ഇനാമൽ ലേക്ക് വളർന്ന നീർച്ചെടികൾ, എന്തോ ഭൂതത്തിന്റേതെന്നു തോന്നിക്കുന്ന ചെറിയൊരു കൊമ്പുകുഴൽ, തൂക്കിയിട്ട കുറെ തൂവലുകൾ പിന്നെ അടുക്കാതിരുന്ന നിറകൂട്ടുകൾ അവയ്ക്കെല്ലാമിടയിൽ ഞങ്ങൾ അതു കണ്ടു. ആ ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോ. അത് ജോണിന്റേതായിരുന്നു.ജോൺ എബ്രഹാമിന്റേത്.' ഓർമ്മയിലെ ആ ജോൺ വസന്തത്തെക്കുറിച്ചും സമകാലികമായ തന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ നിലപാടുകളെക്കുറിച്ചും വേണു സംസാരിക്കുന്നു.

**വർഗ്ഗീയവും വിവേചനപരവുമായ തീവ്രനിലപാടുകളും പ്രവർത്തനങ്ങളും നമ്മുടെ ചുറ്റുപാടുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ കലാകാരൻ എന്നതിലുപരി ഒരു വ്യക്തി ബാധ്യസ്ഥനല്ലേ?**

തീർച്ചയായും ഇതു പ്രതിരോധിക്കപ്പെടേണ്ടതുതന്നെയാണ്. പക്ഷേ അത് എങ്ങനെ എന്നുപറഞ്ഞുതരാനുള്ള രാഷ്ട്രീയബോധം എനിക്കില്ല. അത് എങ്ങനെ ആയാലും, വ്യക്തിപരമായാലും സംഘടനാപരമായാലും നിലനിർത്തിക്കൊണ്ടു പോകേണ്ട ഒരു കാര്യമല്ല. അതിൽ യാതൊരു സംശയവുമില്ല. ഇത് അപകടകരമാണ്, അശാസ്ത്രീയമാണ്. ഒന്നാമത് ഇത് എല്ലാത്തിനും വിരുദ്ധമാണ്. അശാസ്ത്ര വിരുദ്ധമാണ്. എടുത്തുപറയേണ്ട കാര്യമാണ് തീവ്രദേശീയത. അത് എന്നെ അപകടകരമാണ്. ചരിത്രമെടുത്താൽ കാണാം ലോകത്ത് എവിടെയും ഇത്തരം തീവ്ര ദേശീയത രൂപപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം അപകടം ഉണ്ടായിട്ടുണ്ട്.അത് ഇന്ത്യയിൽ ഉണ്ടാവാതിരിക്കാൻ വേണ്ടിയാണ് പലരും ശ്രമിക്കുന്നത്. എങ്ങനെ തടയണം എന്നു പറയാനുള്ള അറിവെനിക്കില്ല.


**ചിലപ്പോൾ തമാശയായിരിക്കാം. ചിലർ ജോണിനെ അനാർക്കിയുടെ മൂത്തപ്പൻ എന്നൊക്കെ വിളിച്ചുപോരുന്നു.**

എനിക്കറിയാൻ വയ്യ. (ചെറിയൊരു ചിരി) ജോൺ വേറൊരാളെ ഇപ്പോ മറ്റ് എന്തെങ്കിലുമൊക്കെ വഴിയിൽ കൂടി ഒരാളെ വിളിച്ചുണർത്തുന്നത് അരാജകമാണ്. അതു അരാജകമാണ് എന്നുപറയാൻ എനിക്കവകാശമുണ്ട്. അരാജകമാണെന്നു പറഞ്ഞിട്ടും, ഞാൻ അങ്ങനെ ചെയ്യും എന്നുപറയുന്നത് ധൈര്യമാണ്. ഇതൊന്നും അരാജകത്വം അല്ലല്ലോ. ഇപ്പോൾ ജോൺ ഒരുപാടു തവണ എന്നെ, എന്നെ മാത്രമല്ല ഒരുപാടാളുകളെ ഇങ്ങനെ ഈ രീതിയിൽ വിളിച്ചിട്ടുണ്ട്. അതു പക്ഷേ സൗഹൃദപൂർവ്വമായിരിക്കില്ല. പക്ഷേ തിരിച്ച് അത് നടക്കില്ല എന്നുപറഞ്ഞാൽ ജോൺ എന്നുമത് അംഗീകരിച്ചിട്ടുണ്ട്. അല്ലാതെ ബലമായിട്ടൊന്നും ആരെയും ബുദ്ധിമുട്ടിച്ചിട്ടില്ല. ജോൺ ഇന്നുവരെ ഒരു സ്ത്രീയുടെ അടുത്തും അപമര്യാദയായിട്ട് പെരുമാറിയിട്ടില്ല. പെരുമാറുക എന്നല്ല ഒരു വാക്കുപോലും അപമര്യാദയായിട്ട് ഇന്നുവരെ പറഞ്ഞു ഞാൻ കേട്ടിട്ടില്ല.

**എവിടെയോ വായിച്ചതോർക്കുന്നുണ്ട്. ഒരിക്കൽ ജോൺ പറഞ്ഞിരുന്നു. 'എന്ന് സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നുവോ അന്ന് ഇവിടെ വിപ്ലവം ഉണ്ടാകുമെന്ന്'.**

അതിൽ ഡെഫനിഷനിൽ പിന്നെയും പ്രശ്നമുണ്ട്. എന്താണ് വിദ്യാഭ്യാസം എന്ന് സ്കൂളിൽ പഠിക്കുന്നതാണോ കോളേജിൽ പഠിക്കുന്നതാണോ അക്ഷരം പഠിക്കുന്നതാണോ ? എന്താണ് വിദ്യാഭ്യാസം? അറിവുണ്ടാവുകയാണ് വേണ്ടത്. (ചിരിച്ചു)

**ചില ഡോക്യുമെന്ററികളിൽ, സാഹിത്യത്തിൽ ബഷീറിനു സാധിച്ച ഹൈന്ദവത്കരണം സിനിമയിൽ**



> അതു മര്യാദകേടാണ്
> എന്നുപറയാൻ
> എനിക്കവകാശമുണ്ട്

**ജോണിനുള്ളതാണ് എന്നു പറയുന്നു. ഇത്തരത്തിൽ ഏറെ നാടകീയമായി ജോൺ കഥകൾ ദിനം തോറും ആളുകളിലേക്കു പടർന്നു കയറുന്നു.**

ഇന്നതുമുണ്ടായിരുന്നു ..... ജോൺ എബ്രഹാമിനു പഠിക്കുവാനാണ് നമ്മളൊക്കെ പറയുക. ജോൺ എബ്രഹാം ഫസ്റ്റ് ഇയർ. ജോൺ എബ്രഹാം സെക്കന്റ് ഇയർ എന്നൊക്കെ പറയുമായിരുന്നു. **ജോണബ്രഹാം** എന്നൊക്കെപറഞ്ഞ് ആളുകൾ ഇറങ്ങിയിട്ടുണ്ടായിരുന്നു. അതൊക്കെ വെറുതെ... അതിലൊന്നും ഒരു കാര്യമില്ല.
ബഷീറിന്റെ കാര്യം പറഞ്ഞതുകൊണ്ട് ഞാൻ വേറൊരു കാര്യം പറയാം. ജോൺ നല്ലൊന്നാന്തരം കഥകൾ എഴുതിയിരുന്നു. ലോകസാഹിത്യത്തിൽ മികച്ച ചില കഥകളുടെ എണ്ണമെടുത്താൽ അതിൽ ചിലത് ജോണിന്റേതായിരിക്കും. ജോണിന് ഡിസിപ്ലിൻ ഇല്ലായിരുന്നു എന്നൊക്കെ പറയുന്ന ആളുകൾ ഒരു കാര്യം മനസ്സിലാക്കണം. ഇത് ഒരാൾ കുത്തിയിരുന്ന് ഉണ്ടാക്കിയ കഥകളാണ്.

**അമ്മയറിയാൻ എന്ന സിനിമയ്ക്ക് ഉണ്ടായ ഒരു ശക്തമായ വിമർശനം ആ സിനിമയ്ക്ക് അച്ചടക്കം ഇല്ല എന്നതായിരുന്നു. അപ്പോൾ അതിനു മറുപടിയായി 'അച്ചടക്കമില്ലാത്തിടത്തേ സർഗ്ഗാത്മകത ഉണ്ടാകൂ' എന്ന് ജോൺ പറഞ്ഞതായി കേട്ടിട്ടുണ്ട്!**

സിനിമയിൽഒരുപാട് സ്ഥലത്ത് വൃത്തികേടുണ്ട്. അതാണ് അതിന്റെ ഒരു കുഴപ്പം. വൃത്തികേടുണ്ടാകാനുള്ള കാരണം എന്താണെന്നു വച്ചാൽ, പല സീനിലും ജോണിന് ഇത് മതി എന്നൊരു തോന്നലാണ്. ഇപ്പോ... നമ്മൾ നല്ല സാഹിത്യം വായിച്ചുവന്നാൽ അതിനിടയിൽ അക്ഷരത്തെറ്റുകൾ കല്ലുകടിക്കില്ലേ. അതാണ്. അങ്ങനൊരു പ്രശ്നമുണ്ട്. ജോണിന്റെ എല്ലാ സിനിമയിലും ഈ ഒരു കല്ലുകടിയുണ്ട്. അതൊരു സ്റ്റൈൽ ആയിട്ട് കാണാനാണ് ഒരു പരിധിവരെ നമുക്ക് സാധിക്കൂ. അതിനപ്പുറം അത് ഒരു കുറ്റബോധമാണ്. അങ്ങനെയുള്ള കുറ്റബോധങ്ങൾ എനിക്കതുമായി അല്ലെങ്കിൽ ആകാര്യത്തിൽ എനിക്ക് ജോണുമായി അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു.





**ഒരു ഡോക്യുമെന്ററി പ്ലാൻ ചെയ്തിരുന്നില്ലേ ജോണിനെക്കുറിച്ച്. അതെന്തായി ?**

ഓ.. അത് വേണ്ടെന്നുവെച്ചു. ഒന്നാമത് നമുക്ക് ക്രെഡിറ്റ് കിട്ടാത്ത ഒരു കാര്യം ചെയ്യാൻ കഴിയില്ല. ഞാൻ ഒരുപാട് ആലോചിച്ചു. ജോൺ എന്താണെന്ന് ഉത്തരം കിട്ടിയില്ല.

**ജോൺ താങ്കളെ ഇപ്പോഴും പിന്തുടരുന്നുണ്ടോ? ഹോണ്ട് ചെയ്യുന്നുണ്ടോ?**

അങ്ങനെ ചോദിച്ചാൽ നമുക്ക് ഇഷ്ടമുള്ളൊരാൾ മരിച്ചാൽ വിഷമം തോന്നില്ലേ?

**ആ സമയത്ത് സാർ നാട്ടിൽ ഇല്ലായിരുന്നല്ലേ?**

ജോൺ മരിച്ചത് ഞാനൊരു ഹിന്ദിപത്രത്തിൽ വായിച്ചാണ് അറിയുന്നത്. അന്ന് മൊബൈൽ ഒന്നുമില്ലല്ലോ. ഞാൻ യാത്രയിലായിരുന്നു. ഒരു പടത്തിനു വേണ്ടിയുള്ള യാത്രയിലായിരുന്നു. സങ്കടമുണ്ടായിരുന്നു.

**എന്തുകൊണ്ടാണ് അമ്മ അറിയാൻ പോലൊരു സിനിമ. അതായത് നാട്ടുകാരുടെ പൈസകൊടുക്കുന്ന സിനിമ എന്ന ഒരു പ്രസ്ഥാനം അല്ലെങ്കിൽ അങ്ങനൊരു ആശയം പിന്നീട് ഉണ്ടാവാതിരുന്നത്.?**

പിന്നീട് ജോണിനെ പോലൊരാൾ ഇല്ലാത്തതുകൊണ്ട്

**ജോൺ എന്ന മനുഷ്യന്റെ ഇൻസ്പിരേഷൻ മാത്രമായിരുന്നോ ആ സിനിമ?**

ജോൺ മാത്രമല്ല.... അഹമ്മദും സത്യനുമൊക്കെ ഇതിന്റെ പിന്നിലുണ്ടായിരുന്നുവെങ്കിലും പിന്നീട് എന്തുകൊണ്ട് അവർക്കും ഇത് സാധിക്കാതെ പോയി ? ഒന്നാമത് ജോണിന് ഒന്നിനുമൊരു ഡിമാന്റിംഗ് അല്ലാത്ത മനുഷ്യ

ണ്. ഒരു ഡയറക്ടർ എന്ന നിലയിൽ അങ്ങനെയൊരാളെ സിനിമ ചെയ്യാൻ കിട്ടില്ല. ഒന്നും ആവശ്യമില്ലായിരുന്നു. അത് ആരും മനസ്സിലാക്കിയിട്ടില്ല. അന്നത്തെക്കാലത്ത് ഒട്ടും.

ഞാൻ പറയട്ടെ ഞങ്ങൾ അന്ന് (ഷൂട്ടിൽ) അവിടെ വളരെ സാധാരണമായിട്ട് ടെയ്‌ലർ ഓപറേറ്റർ എന്നൊരാളുടെ വീട്ടിലാണ് താമസിക്കുന്നത്. വീടെന്നു പറഞ്ഞാൽ ഒരു ചായിപ്പ് പോലത്തെ സ്ഥലത്ത്. ഒരു കട്ടിലുണ്ട്. കള്ളാണെങ്കിൽ ജോൺ താഴെ കിടക്കും. ഞാൻ കട്ടിലിൽ കിടക്കും. കള്ളല്ലെങ്കിൽ ജോൺ കട്ടിലിൽ കിടക്കും. ഞാൻ താഴെ കിടക്കും. അങ്ങനത്തെ ഒരു സ്ഥലമാണ് അവിടെയാണ് ഒരു പത്തുപതിനഞ്ച് ദിവസം താമസിച്ചത്. ബ്രേക്ക്ഫാസ്റ്റ് എന്നു പറഞ്ഞാൽ കുരുമുളക് വിനാഗിരിയിൽ ഇട്ടുവച്ചത് എടുത്ത് ബ്രെഡിന്റെ അകത്ത് വച്ച് സാൻവിച്ച് പോലെ റഗുലറായിട്ട് എത്രയോ ദിവസം ഞങ്ങൾ കഴിച്ചിട്ടുണ്ട്. ഇങ്ങനെ ചെയ്യാൻ ഒരു ഡയറക്ടറെ കിട്ടില്ല. നമ്മൾ വെറുതെ പറയുന്നതല്ല വേണമെങ്കിൽ മേനി പറയാം എന്നു മാത്രം.

ജോണിന് സ്വന്തമായിട്ട് ഒന്നുമില്ലായിരുന്നു. ഇല്ലായിരുന്നു എന്നല്ല വേണ്ടായിരുന്നു. ജോണിന് പൊസഷൻ എന്നൊന്ന് ഇല്ലായിരുന്നു. എന്റെ പേന.. എന്റെ ഷർട്ട് എന്നൊക്കെ പറയും പോലെ എന്റെ അത് എവിടെ എന്റെ ഇത്, എന്നൊന്ന് ജോണിനില്ലായിരുന്നു. ഞാൻ അങ്ങനൊരു മനുഷ്യനെ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ഇനി കാണുമെന്ന് ഹോപ്പുമില്ല. അത് വെറുതെ ആളെ കാണിക്കാൻചെയ്യുന്നതല്ല. ജനുവിനായിട്ട് അങ്ങനെയാ. എന്റെ പേന, എന്റെ ചെരുപ്പ് അങ്ങനൊരു കൺസപ്റ്റേ ഇല്ലായിരുന്നു. വഴിയിൽ കൂടി നടക്കുന്ന ഭിക്ഷക്കാർക്കുവരെ അവരുടേതായ പൊസഷൻ ഉണ്ട്. അവരുടെ ഭാണ്ഡമുണ്ട്. എന്നാൽ ജോണിൽ ഞാനതു കണ്ടിട്ടില്ല. അങ്ങനൊരു മാനസികാവസ്ഥ ഉള്ളവർക്കേ ഇങ്ങനത്തെ ഒരു പടമൊക്കെ ചെയ്യാൻ പറ്റൂ. വരുന്നത് വരുന്നിടത്തുവച്ച് കാണാം... എന്നൊക്കെപ്പറഞ്ഞത്... ജോണിന് ഒന്നും വേണ്ടായിരുന്നു. ഒട്ടും ഡിമാന്റിംഗ് ഉണ്ടായിരുന്നില്ല. ഒരു ഫിലിം മേക്കർ എന്ന നിലയിൽ കുറച്ചുകൂടി ഡിമാന്റിംഗ് ആകണമായി രുന്നു എന്നാണ് എന്റെ അഭിപ്രായം.

**അത് ജോണിന്റെ രീതി കൂടിയല്ലേ. അതുകൊണ്ടല്ലേ. അച്ചടക്കമില്ലായ്മയിലാണ് സർഗ്ഗാത്മകതയുടെ ഉറവിടം എന്നനിലയിൽ പറയുവാൻ ജോൺ തയ്യാറായത്.**

അങ്ങനൊക്കെ പറയും... (ചിരി) പറഞ്ഞുനിൽക്കാൻ ജോൺ എന്തും പറയും. ജോണിനെ തർക്കിച്ചു തോൽപ്പിക്കാൻ പറ്റില്ല. അതൊന്നും അത്ര സീരിയസായി എടുക്കേണ്ട. ഇത് Gift of the gab എന്നൊക്കെപറയില്ലേ. കൃത്യസമയത്ത് പറയേണ്ടത് വായിൽ വരുമെന്ന് പറയാറില്ലേ. അതാണ്. അങ്ങനെയാണ് 'I am the Hitler of my Cinema' എന്നൊക്കെ പറഞ്ഞിട്ടില്ലേ. താൻ ഒരു ഫിലോസഫർ ആണെന്നൊന്നും ജോൺ കരുതിയിട്ടില്ല. പിന്നെ സങ്കടമുണ്ടായിരുന്നു ചില കാര്യങ്ങളിൽ ജോണിന് വിഷമമുണ്ടായിരുന്നു.

**ചില കാര്യങ്ങൾ ?**

വ്യക്തിപരമായ കാര്യങ്ങൾ അമ്മയില്ലാതെ വളർന്നതും ഒക്കെ. ഞാൻ കുറച്ചുനാളുകൾക്ക് ശേഷം ജോണിന്റെ ഒരു സിസ്റ്ററെ കാണാൻ പോയിരുന്നു. ജോണിനെ ജോയൻ എന്നായിരുന്നു ഇവർ വിളിക്കുന്നത്. ഞങ്ങളിങ്ങനെ പലതും പറഞ്ഞു കൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഞാൻ അവരുടെ കണ്ണിലേക്കു നോക്കി. നോക്കുമ്പോൾ കണ്ണീന്ന് വെള്ളം വരുന്നുണ്ട്. ഞാൻ ചോദിച്ചു: "എന്താ ചേച്ചീ" അവരു പറഞ്ഞു:

"അവൻ കുറെ പട്ടിണികിടന്നിട്ടുണ്ടാകുമല്ലേ !" എന്ന്.

എനിക്കു പക്ഷേ അതിലൊരു വിഷമവും തോന്നിയില്ല. ജോൺ അവരുടെ അടുത്തും ഒന്നും പറയാൻ പോയിട്ടില്ല. എനിക്കു തോന്നുന്നു ജോൺ നന്നായി കത്തെഴുതുമായിരുന്നു. അങ്ങനെ കുറെ കത്തുകൾ കരിയാച്ചന്റെ (സക്കറിയ) കയ്യിൽ ഉണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഞാൻ കണ്ടിട്ടില്ല. അതിൽ ഒരു കമ്പനി സിഇഒ എഴുതുന്നപോലെയൊക്കെയുള്ള കത്തുകളുണ്ട്. എല്ലാം വളരെ കൃത്യമായൊക്കെ എഴുതിയിട്ടുണ്ട് കരിയാച്ചൻ പറഞ്ഞുകേട്ടതാണ്.

**ജോണിനെക്കുറിച്ച് ആരോടു ചോദിച്ചാലും അവർക്ക് തീർച്ചയായും എന്തെങ്കിലുമൊരു കഥ പറയാനുണ്ടാവും. സാറിന് മാത്രമായ് പറയാനാവുന്ന ഏതുകഥയാണുള്ളത്.**

അങ്ങനെ എനിക്കു മാത്രമായൊരു കഥ..? ഹ.. കൊറേ കാണുമല്ലോ (ചിരി..)

**അമ്മയറിയാൻ എന്ന സിനിമയുടെ ഷൂട്ടിങ് സമയത്ത് ജോൺ കള്ളുകുടി നിർത്തിയതായും അതേ തുടർന്ന്**

"അച്ചടക്കമില്ലായ്മയിലാണ് സർഗ്ഗാത്മകതയുടെ ഉറവിടം" എന്നനിലയിൽ പറയുവാൻ ജോൺ തയ്യാറായത്






**സാമ്പത്തികമായി ചില പ്രശ്നങ്ങളൊക്കെ ഉണ്ടായതാ യിട്ടിങ്ങനെ കേട്ടിട്ടുണ്ട്...**

ജോൺ ആദ്യമൊന്നും വെള്ളമടിയില്ലായിരുന്നു. പിന്നെ പതിയെ തുടങ്ങി വെള്ളമടി തുടങ്ങിയപ്പോ ഷൂട്ടിംഗ് മുടങ്ങാൻ ആയിത്തുടങ്ങി. അതല്ലായിരുന്നു പ്രശ്നം. ഈ സിനിമ എങ്ങനെ മുന്നോട്ടു കൊണ്ടുപോകും എന്നതിനെക്കുറിച്ച് ആശയപരമായി ചില കൺഫ്യൂഷൻ ഉണ്ടായിരുന്നു. ഒത്തിരി ആളുകൾ അതിന്റെ പിറകിൽ ഉണ്ടായിരുന്നു. പഴയ നക്സലൈറ്റുകളും അനുഭാവികളുമൊക്കെ. അവർ ഇതിന്റെ അകത്ത് ഒരുപാട് ചരിത്രമൊക്കെ പറഞ്ഞുവരാൻ തുടങ്ങി. ഇത് അങ്ങു നടന്നത് അങ്ങനല്ല നടന്നത് എന്നൊക്കെ സിനിമയുമായി ബന്ധമില്ലാത്ത പലകാര്യങ്ങൾ പറഞ്ഞുവരാൻ തുടങ്ങി. അങ്ങനെ ഒട്ടും പ്രധാനമല്ലാത്ത കാര്യമൊക്കെ പലരുമിങ്ങനെ തുടങ്ങിയപ്പോൾ ജോണിന് ദേഷ്യം വന്നു. എന്റെ അടുത്തു പറഞ്ഞു നമുക്ക് ഇതൊന്നു നിർത്തണമെന്ന്. കുറച്ചു ദിവസം കഴിഞ്ഞു തുടങ്ങാം എന്ന് പറഞ്ഞു. 'ജോണേ ഇതു നിർത്തിയാൽ പിന്നെ തുടങ്ങാൻ പറ്റുമോന്നു' ഞാൻ ചോദിച്ചു. അതൊക്കെ തുടങ്ങാമെടാ ജോൺ പറഞ്ഞു.

അതിന്റെ പിറ്റേന്ന് കൊടുങ്ങല്ലൂരോ മറ്റോ ആയിരുന്നു ഷൂട്ടിംഗ്. ബ്രേക്കിട്ട് ഷൂട്ടിംഗ് നിർത്തിയിരിക്കുമ്പോൾ, ജോൺ പെട്ടന്ന് അവിടെ ഉള്ളൊരാളോട് (അസിസ്റ്റന്റ് പോലുമല്ല) ഇയാൾ എവിടെ പോയതാണ് എന്നൊക്കെ ചോദിച്ചു തുടങ്ങി. അയാൾ ഒരു ഓട്ടോ ഡ്രൈവർ ആയിരുന്നു. അയാളുടെ ഓട്ടോ ആയിരുന്നു ഞങ്ങളുടെ പ്രധാന വാഹനം. പെട്ടന്ന് ജോൺ ഷൂട്ടിംഗിനിടയിൽ എവിടെയോ പോവാൻ ഓട്ടോ നോക്കിയപ്പോൾ കണ്ടില്ല. ഇയാളും വേറൊരാളും കൂടി സിനിമ കാണാൻ പോയതാണ്. ജോൺ ബഹളം വയ്ക്കാൻ തുടങ്ങി. ഇത് ഡിസിപ്ലിൻ ഇല്ലായ്മയാണ് എന്നോട് ചോദിക്കാതെ ചെയ്യാൻ പാടില്ലായിരുന്നു എന്നൊക്കെപറഞ്ഞ്. ഈ പോയ ആൾ തിരിച്ചു വന്നത് സ്മോൾ അടിച്ചിട്ടാണ്. അവിടെ അങ്ങനെ പലരും സ്മോൾ അടിക്കുന്നവരായിരുന്നു. സ്മോൾ അടിക്കാത്തവരുമുണ്ടായിരുന്നു. ജോൺ ഇതും പറഞ്ഞാണു വിഷയമാക്കി. എന്റെ സിനിമയിൽ വെള്ളമടി സമ്മതിക്കില്ല എന്നുപറഞ്ഞ്. ഹാ.. ഹി എന്ന് ജോണേ.. അതും പറഞ്ഞ് സിനിമ നിർത്തി. ഹാ. ഹ. വെള്ളമടിക്കുന്നവരുടെകൂടെ സിനിമ ചെയ്യാൻ എനിക്കു പറ്റില്ല ഡിസിപ്ലിൻ വേണം എന്നൊക്കെ പറഞ്ഞ്. അങ്ങനെ പിന്നെ പടം നിർത്തി. പതിനഞ്ച് ദിവസം കഴിഞ്ഞാണ് വീണ്ടും തുടങ്ങിയത്. ഇങ്ങനെയുള്ള കുഴപ്പങ്ങളൊക്കെ ജോണിനുണ്ടായിരുന്നു.

**കവി അയ്യപ്പനെ പോലുള്ളവരെ ആ ഷൂട്ടിംഗ് സെറ്റിലേക്ക് കടത്തിയിരുന്നില്ല എന്നൊക്കെ പറയുന്നത് ശരിയാണോ?**

അയ്യപ്പൻ അവിടെ വന്നിരുന്നോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കയറ്റിയില്ലന്നല്ല. അവിടെ ഈ റിട്ടയേർഡ് നക്സലൈറ്റുകളൊക്കെ ഉണ്ടായിരുന്നു. അവർ ഈ വലിയ ഡിസിപ്ലിന്റെയും സദാചാരത്തിന്റെയും ആൾക്കാരൊന്നുമല്ലാ അവർ. ജോൺ വെള്ളമടിക്കാൻ പാടില്ലെന്നൊക്കെ പറഞ്ഞിരുന്നു. ജോൺ പിന്നെ എന്തും സമ്മതിക്കുമല്ലോ. ജോണിന് ശാഠ്യമായ സത്യങ്ങളൊന്നുമില്ലായിരുന്നു. ഇന്നൊരഭിപ്രായം നാളെയൊരഭിപ്രായം പോലെയായിരുന്നു. ശരിക്കിനുമുള്ള അഭിപ്രായം ഒന്നായിരിക്കും. പക്ഷേ പുറത്തുപറയുന്നത് വേറെയായിരിക്കും. അപ്പോ.. ഈ നക്സലൈറ്റുകൾ കള്ളുകുടിക്കാൻ പാടില്ലെന്നൊക്കെ ജോണിനോടു പറഞ്ഞിട്ടാണ് സിനിമ തുടങ്ങുന്നത്. പടം തുടങ്ങുന്നതാണ് പ്രധാനമെന്നും പറഞ്ഞ് ജോൺ എല്ലാം സമ്മതിച്ചു. ജോണിനെ കുടിപ്പിക്കും എന്നുറപ്പുള്ള പലരെ ഷൂട്ടിംഗ് സെറ്റിലേക്ക് കടത്തി വിടാതിരിക്കാൻ അവിടെ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു. അങ്ങനെയുമുള്ള പോലീസിംഗ് ഒക്കെ ഉണ്ടായിരുന്നു. ജോണിനെ കുടിപ്പിക്കും എന്നുറപ്പുള്ളവരെ അവർ വിളിച്ചോണ്ട് വേറിടത്തേക്ക് കൊണ്ടുപോകും.

പടിയൻ എന്നൊരാളുണ്ടായിരുന്നു. പടിയൻ നമ്മുടെ ഡയറക്ടർ കമലിന്റെ അമ്മാവനാ. പടിയൻ ജോണിനേക്കാൾ കൊഴപ്പം പിടിച്ച ആളാ അന്ന്. കൊടുങ്ങല്ലൂരാണ് പടിയന്റെ സ്ഥലം. അവിടെ ഷൂട്ടിംഗ്



നടന്മാർ പടിയന്ന അടുപ്പിക്കാതിരിക്കാൻ ഒരു സന്നദ്ധ തെന്നും തന്നെ ഉണ്ടായിന്നു. ഹ. . . ഹ. ചുമ്മാ. അതിലൊന്നും ഒരു കാര്യവുമില്ല. എന്തൊക്കെയുണ്ടെങ്കിലും ചെയ്താൽ, ജോണിന് കൺഫ്യൂഷൻ ഉണ്ടായിന്നു. പല കാര്യത്തിലും. അപ്പോ ഈ കൺഫ്യൂഷൻ ഇല്ല എന്ന് തെളിയിക്കാൻ ശ്രമിക്കാൻ വേണ്ടിയിട്ട് എന്തും ചെയ്തുകളയും. ഞാൻ കേട്ടിട്ടുണ്ട്. 'ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ' എന്ന സിനിമയ്ക്ക് ഫിലിം തീർന്നുപോയി. എന്നിട്ട് ആരാണ്ടൊക്കെ മദ്രാസിലൊക്കെ പോയി നാലു റോൾ ഫിലിം വാങ്ങിവന്നു. അതായത് 20 മിനിറ്റിനുള്ളിൽ ഫിലിം. അതു വലിയ നിധിയായിട്ട് കൊണ്ടുവന്ന് ക്യാമറയൊക്കെ ശരിയാക്കി വച്ചു. അടുത്ത സീനെടുക്കാൻ തുടങ്ങിയപ്പോൾ അവിടെ ഒരു താറാവിരിക്കുന്നു. അപ്പോൾ ജോൺ പറഞ്ഞു നമുക്കാ താറാവിന്റെ ഷോട്ട് എടുക്കാമെന്ന്. ഇത് രണ്ടാം ദിവസമായി ഫിലിം ഇല്ലാതെ ഷൂട്ട് നിന്നിട്ട് ഫിലിം വന്നപ്പോഴുണ്ടായ അവസ്ഥയിതാണ്. പിന്നെ, അങ്ങോട്ടക്ക് ഇങ്ങോട്ടക്ക് എന്നൊക്കെപ്പറഞ്ഞ് ഇരുപത് മിനിറ്റ് ആ നാലു റോളു ഫിലിമും താറാവിനെ എടുത്ത് തീർത്തു. എന്നിട്ടൊരു പാട്ടില. 'ഫിലിമില്ല', പിന്നെ ഞാനെന്തുചെയ്യും ഹ. ഹ. ഇത് എന്തു ചെയ്യണമെന്ന് അറിയാൻ പറ്റാത്തതുകൊണ്ട് സംഭവിക്കുന്നതാണ്.

**ജോണിന്റെ മരണശേഷം അയ്യപ്പൻ ഒരു കവിതയെഴുതിയിരുന്നു. 'പച്ച തത്ത യുടെ ഇടം' എന്നൊക്കെ പറഞ്ഞ് വളരെ ദുരൂഹത നിറഞ്ഞ ഒരു മരണമായിരുന്നില്ലേ അത്?**

ജോണിനൊക്കെ അങ്ങനെയല്ല മരിക്കാൻ പറ്റൂ. കട്ടിലിൽ കിടന്നു മരിക്കുന്നതെങ്ങനെ? ദുരൂഹത എന്നല്ല. എന്നോട് പിന്നീട് ഡോ. ഇക്ബാൽ പറഞ്ഞതാ. പുള്ളി അന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂറോ സർജനാ. അപ്പോൾ ഇക്ബാൽ അറിഞ്ഞിട്ടില്ല ഈ സംഭവം. ഒരാൾ മുകളീന്നു വീണാൽ ന്യൂറോ സർജന്റെ അടുത്തുകൂടി പറയേണ്ടതാണ്. പറയണം. അങ്ങനെ പറഞ്ഞിരുന്നെങ്കിൽ ഇക്ബാലിന് ജോണാണെന്ന് മനസ്സിലായേനെ. അതിന്റേതായ എമർജൻസി കൊടുത്തേനെ. പക്ഷെ ഇക്ബാലിന്റടുത്ത് ആരും പറഞ്ഞില്ല. അത് മെഡിക്കൽ കോളേജിനും പറ്റിയ അബദ്ധമാണല്ലോ എന്നാലും.

നമ്മുടെ നാട്ടിലെ ഒരു കുഴപ്പം എന്താണെന്നാൽ, ഒരാൾ മദ്യപിച്ചിട്ടുണ്ടെങ്കിൽ അയാളോടുള്ള ഫുൾ ആറ്റിറ്റ്യൂഡ് മാറിപ്പോകും എന്റെ അടുത്ത് ഒരാൾ പറഞ്ഞതാ. ഒരു സംഭവംപുള്ളിക്ക് പെട്ടെന്ന് ഷുഗർ താണുപോയിട്ട് സ്കൂട്ടറിൽ പോകുമ്പോൾ തലകറങ്ങി വീണു. ഇയാൾ അപ്പോൾ സ്മാൾ അടിച്ചിട്ടുണ്ട്. പക്ഷെ അതല്ല പ്രശ്നം. സ്കൂട്ടറിൽ പോകുമ്പോഴല്ല സ്കൂട്ടർ വച്ച് നടന്നു പോകുന്ന വഴിക്കാണ് തലകറങ്ങി വീഴുന്നത്. ആരോ വന്നു നോക്കിയപ്പോൾ മദ്യത്തിന്റെ മണം അപ്പോഴെ ഇട്ടേച്ചു പോയി. മദ്യപിച്ചുകൊണ്ടല്ല അയാൾ വീഴുന്നത് ഷുഗർ താഴ്ന്നുപോയതുകൊണ്ടാണ്. ആരും ഒന്നു തിരിഞ്ഞുനോക്കാനില്ല. വെള്ളമടിച്ചുകിടക്കുവാണെന്നു പറയും. വെള്ളമടിക്കുക എന്നത് ഒരു വലിയ തെറ്റായിട്ട് കാണുന്നു. ജോണിന്റെ കൂടെ മെഡിക്കൽ കോളേജിൽ പോയവരും നല്ല ഫിറ്റായിരുന്നു. അപ്പോ പിന്നെ ആളുകൾ കരുതുമല്ലോ.

**ജോണിനെ ആ കെട്ടിടത്തിനു മുകളിൽ നിന്നും തള്ളിയിട്ടതാണെന്നും ചിലർ പറയുന്നുണ്ടല്ലോ?**


എനിക്കങ്ങനെ തോന്നുന്നില്ല. അതിന്റെ വിശ്വസനീയമായ ഒരു സാധ്യത പോലുമില്ല. ജോണിനെ ആരു തള്ളിയിടാൻ?

**കുറെ നേരമായി നമ്മൾ ജോണിനെക്കുറിച്ചു മാത്രം സംസാരിക്കുന്നു.**

ദയവായി നിർത്തൂ. നമുക്ക് മറ്റെന്തെങ്കിലും സംസാരിക്കാം.

**പകരം വെക്കാനില്ലാത്ത സൗഹൃദത്തിന്റെ വേർപാടും അതിനെക്കുറിച്ചുള്ള ഓർമ്മയും ഭൂമിയിലെ അനുപത വർഷങ്ങൾ കണ്ട ആ മനുഷ്യന്റെ കണ്ണും നനയിക്കുന്നത് ഞങ്ങൾ കണ്ടു. പിന്നെയും ഞങ്ങളുടെ സംസാരം ചരിത്രത്തിലേക്കും പലപല യാത്രകളിലേക്കും മണിക്കൂറുകളോളം നീണ്ടു. . . . പിന്നെ, അടുത്ത സംസാരത്തിനു വേണ്ടി പുതിയ ആളിലേക്ക് ഞങ്ങൾ അവിടം വിട്ടിറങ്ങി. ജോണിനെക്കുറിച്ചുള്ള അവിസ്മരണീയമായ കഥകൾ ഞങ്ങളുടെ ബുദ്ധിയെ മത്തു പിടിപ്പിക്കുവാൻ തുടങ്ങിയിരുന്നു. ആ നിമിഷം ഞങ്ങളറിഞ്ഞു. തോളിൽ തൂക്കിയിട്ടിരുന്ന ഞങ്ങളുടെ ക്യാമറയ്ക്കുള്ളിൽ ജോണിന്റെ കണ്ണുകൾ കലമാനുകളെപ്പോലെ അകപ്പെട്ടു കിടക്കുന്നുവെന്ന്. ■**

തയ്യാറാക്കിയത്: മാഗസിൻ കമ്മറ്റിക്കുവേണ്ടി
**അമൽ സുരേന്ദ്രൻ, ജുബിൻ മാത്യു**





# കറുമ്പിപ്പശുവിന്റെ പാൽ

കണ്ണുതിരുമ്മിയെഴുന്നേറ്റു നോക്കുമ്പോൾ
കാണുന്ന കാഴ്ച വിചിത്രമല്ലോ !
വീട്ടുമുറ്റത്തെ റബ്ബർമരത്തിൽ നിന്ന്
പാലൊഴുകുന്നു, നൽപാലുതന്നെ !
കറുമ്പിപ്പശുവിന്റെ പാലിതിന്നാരാണ്
ഇങ്ങനെ കോരി ഒഴിച്ചിടുന്നെ?
അക്കരയെങ്ങാൻ കണ്ടാലാദ്യം കുടിച്ചേനെ
ഭാഗ്യമെനിക്കാണെനിക്കുതന്നെ
ചുറ്റിനും നോക്കി, ഞാനാരുമില്ലെന്നുക
ണ്ടോടിച്ചെന്നാപാത്രം കൈക്കലാക്കി
ആർത്തിയോടൊന്നാകെ വായിലൊഴിച്ചു ഞാൻ
പിന്നത്തെപ്പൂരം പറയാനുണ്ടോ ?
വർഷങ്ങൾ പത്തുകഴിഞ്ഞു പോയന്നത്തെ
ശൈശവം കൗമാരച്ചേലചുറ്റി !
എന്തെന്തുമാറ്റങ്ങൾ വന്നുമീകാലത്തിൽ
മാറ്റമില്ലാത്തൊന്നു മാത്രമിന്നും,
പട്ടയിൽ നിന്നുമൊഴുകിയൊഴുകി
ചിരട്ടയിൽ വീഴുന്ന പാലുനോക്കി
എല്ലാം മറന്നങ്ങിരിക്കെ ഞാനിപ്പൊഴും
അന്നത്തെ ഒരഞ്ചു വയസ്സുകാരി.

**SNEHAKAVYA**
I DC MALAYALAM



# അവളുടെ കൊലപാതകം എന്തിന്റേയോ ആത്മഹത്യ

ടാറു കുഴയ്ക്കുന്ന യന്ത്രത്തിൽ നിന്നു വന്നിരുന്ന കറുത്ത പുക. അവളുടെ കാഴ്ചയെ മറച്ചു. ശക്തിയായി വന്നടിച്ച പുകയും പൊടിപടലങ്ങളും അവൾക്ക് പുതിയൊരു മുഖംമൂടിസമ്മാനിച്ചു. വെളുത്ത മതിലിനോടുചേർന്ന്, വർഷങ്ങളായി നിന്നിരുന്ന തനിക്കിന്നതു പറ്റിയെന്നവൾ ഒരുപാടു ചിന്തിച്ചു. നഷ്ടപ്പെട്ടുപോയ തന്റെ ഹരിത വർണത്തെ പ്രതി വ്യാകുലപ്പെട്ടു നിൽക്കവെ, പാതയോരത്തുകൂടി നടന്നുപോയ കുട്ടികൾ അവളെ തങ്ങളുടെ രസതന്ത്രം ക്ലാസിലെ അഡ്സോർപ്ഷൻ പ്രക്രിയയ്ക്ക് ഉദാഹരണമാക്കി...!

ഈ കറുത്ത കരിപുരണ്ട ദേഹം അവളെ ശ്വാസം മുട്ടിച്ചുകൊണ്ടേയിരുന്നു. ഇതിൽ നിന്നൊരു മോചനം അവൾ വർഷങ്ങളായി കൊതിക്കുന്നതാണ്. എന്നാൽ, മാറി മാറി വരുന്ന സർക്കാരുകൾ ഇലക്ഷനടുക്കുമ്പോൾ കാട്ടികൂട്ടുന്ന ഈ പ്രവർത്തനങ്ങൾ അവളുടെ ജീവിതത്തിൽ ഓരോ അഞ്ചുവർഷത്തിന്റെയും കണക്കുകൾ എഴുതിത്തള്ളി. വേനൽചൂടിന്റെ കാഠിന്യത്തിലും ആ ചെറുപാതക്ക് ചൂടി; തന്റെ ശുഷ്കിച്ച ഞരമ്പുകൾ തെളിഞ്ഞ ഇലകളിൽ ചെറു നനവിന്റെ കുളിരണിഞ്ഞു.

എന്തുകഷ്ടം! മുകളറ്റം വരെയുള്ള ഓരോ ഞരമ്പും ഊറ്റിവാറ്റി പ്രാണവായു നൽകിയിട്ടും, വെറും പാഴ്ച്ചെടി എന്നു ചിന്തിച്ചു നിൽക്കവെ, ആരുടെയോ വിയർപ്പിന്റെ ഗന്ധവും, കിതപ്പിന്റെ ചുടുനിശ്വാസവും അവളെ ആലിംഗനം ചെയ്തു. കാൽച്ചുവട്ടിൽ കരുത്തുറ്റ കരങ്ങൾ ഊക്കോടെ പതിച്ചു. അവൾ അടിമുടി വിറച്ചു. മണ്ണിന്റെ അറിയാൻ ആഴങ്ങളിലേയ്ക്കു നിയോഗിക്കപ്പെട്ടിരുന്ന അവളുടെ അവസാന വേരും അറുത്തുമാറ്റപ്പെട്ടു. മാംസകഷ്ണങ്ങളിലെ രക്തക്കറ കഴുകി ചീർപ്പുവഴിയിലേക്ക് ഒഴിക്കുന്നതുപോലെ 'നിസ്സാരത' നിറഞ്ഞ ഒന്നായിരുന്നു 'അയാൾക്കത്'.
എന്നെ കൊല്ലരുതേ... എന്നവൾ അലമുറയിട്ടു.

അവളുടെ നിലവിളി; ഹെഡ്ഫോണിലെ തട്ടുപൊളിപ്പൻ പാട്ടിന്റെ മുഴക്കത്തിൽ മുങ്ങിത്താഴ്ന്നു പോയി. അവളുടെ ചിലമ്പൽ അയാൾ കേട്ടതേയില്ല.... ഒരു പക്ഷേ 'ബച്ചാവോ ബച്ചാവോ' എന്നവൾ കരഞ്ഞിരുന്നെങ്കിൽ വഴിയോരത്തുയർന്ന ബംഗാളികൂടാരത്തിലെ അടുപ്പിൽ കേരളത്തിന്റെ ഭാഷ മനസ്സിലാവാത്ത അവൾ എരിഞ്ഞടങ്ങില്ലായിരുന്നു...!

**AADHYA BABU**
II DC ENGLISH



# വന്നുപോയ വസന്തം

ഒരിക്കലെനിക്കായ് വിടർന്ന വസന്തമേ
നിന്നെ സ്നേഹിക്കുന്നെൻ ജീവനോളം
കാത്തിരിപ്പൂ ഞാനീ നൗകയിൽ
തിരികെ വരില്ലെന്നറിഞ്ഞിട്ടും നിന്നെ
ഒന്നായ് മെനഞ്ഞ സ്വപ്നവും
പോയ് മതിവരാത്തിടങ്ങളും
പറഞ്ഞു കൊതി തീരാത്ത സല്ലാപവും
ഇനിയും വെമ്പുന്നു നിൻ തോളിൽ മയങ്ങിടാൻ
എരിയുമീ ഓർമ്മകളെ മണ്ണിട്ടു മൂടു
വാനോരിടം ഇല്ലെൻ മുന്നിൽ
ഇന്നുമോർക്കുന്നു ഞാൻ നിൻമധുവാക്കുകൾ
നീയില്ലാത്തൊരു ജീവിതമില്ലെങ്കിൽ
എൻ ജീവിതം നിനക്കുമാത്രമായ്
നീയില്ലെങ്കിലെൻ ശ്വാസം നിശ്ചലം
വരില്ലിനിയൊരു മലർ നിനക്കു പകരമായ്
ഇന്നു ഞാൻ കാണുന്നു നിന്നിലെ
നിക്കു പകരമായ് മറ്റൊരു മലരിനെ
അറിയുന്നു നിൻ ചിത്തമിന്നു ഞാൻ നിന്നിലുമധികമായ്
വെറുപ്പില്ലശേഷവും പരിഭവമില്ലതെല്ലുമേ
പറയുവാൻ മറ്റൊന്നുമില്ലയെൻ ജീവനോളം ഞാൻ.

**DHANYA VICTOR**
II DC MALAYALAM



# RAINBOW


Crazy waves in jocund whistle
Erase my hope cirved in the naked shore
I fell down with broken heart
Plead for the consoling help
My cold fragile hands grope for the solace touch
Mighty tempest passed by
Made no answer
I wailed a while then thought a mile
Whim puzzled like waves Wrap the body and blast it out
Spectrum of colours passed the sight
Rainbow
The hope from heaven...

**LIJO AUGUSTINE**
II DC ENGLISH


colours
Graphics
Vaikom Road, Kuravilangad,
Kottayam
e-mail: colourskvgd82@yahoo.com
Ph: 9539392514, 9656859797
Serenitea
COLOUR
KL01CA2555
Sticker Cutting • Sticker Works • Number Plates • Visiting Card
• Sign Boards • Name Boards • Flex Works • Film Works
• LED Sign Boards • Acrylic 3D Letters


Evolve
MENSWEAR
9747419666 | 9446138266
PUTHENPURACKAL BUILDING
PATTANI JUNCTION, KURAVILANG
KOTTAYAM-686 633
geoelayidathu@gmail.com
ADONIS
GENTS BEAUTY PARLOUR
9747007929
9446138266
NSS Building, Near Thalayi
Kaduthuruthy, Kottayam

# ശ്വേതം



# Pages Contents


ജീവിതം???-ഒരു പഠനം ........ 41

ശവപറമ്പ് ........ 42

ഓർമ്മയുടെ സ്പന്ദനം ........ 43

The Untold World of Fantasy ........ 45

स्वतंत्र भारत में नारी ........ 46

ജ്ഞാനവിനിമയത്തിലെ ചിദാകാശസമസ്യകൾ ........ 49

അവൾ ........ 53

കാട്ടിലേക്ക് പോകല്ലേ കുഞ്ഞേ ........ 54

എന്നെ തിരുത്തുക ........ 57

The Flying Time ........ 58

പോത്തേട്ടൻസ് ബ്രില്ല്യൻസ് ........ 59

If i had seen it with your eyes too ........ 61



# ജീവിതം ??? ഒരു പഠനം

ജീവിതം
ആരംഭം... ജീവിതം ആരംഭിക്കുന്നു
അറിയാതെ മനസ്സ് ഒരു വഴി കണ്ടെത്തി
അതിൽ ഒരു സഞ്ചാരം. കൂടെയൊരു വഴികാട്ടി
ഇത്തിരി വെട്ടം നൽകുന്ന നിലാവെട്ടത്ത്
ഒത്തിരി വെളിച്ചം പകർന്ന ചിന്തകൾ
ചിന്തകളുടെ വേലിയേറ്റത്തിൽ
കരയിൽ അടിച്ചുകയറിയ തിര
കാട്ടിത്തന്നു - മൺതിട്ടയിൽ
പതിഞ്ഞിരുന്ന പാദങ്ങൾ

ജീവിതം
തുടർച്ച... ജീവിതം തുടരുന്നു
ചരിത്രം രചിക്കപ്പെടുന്നു
പാദങ്ങളുടെ അവശേഷിപ്പുകൾ ലിഖിതങ്ങളായി
പാദമൂന്നാൻ കരുത്തേകിയ വഴികാട്ടി.
കാലത്തിന്റെ ചിറകടിയിൽ പാദചലനം പോലും
കേൾപ്പിക്കാതെ കടം വീട്ടി - മറഞ്ഞു!

അരൂപിയായി കൂടെ നിന്ന വഴികാട്ടി - നഷ്ടം!
സ്വത്വം. ചിന്ത. ജീവിതം!
തീരുമാനം. വിധി. ജീവിതം!
ജീവിതം
അവസാനം... ജീവിതം അവസാനിക്കുന്നു...
തെറ്റ്...
ജീവിതം
അവസാനം ... ഉയിർപ്പ്
ചരിത്രം സൃഷ്ടിക്കപ്പെടുന്നു
ജീവിതം ആവർത്തിക്കുന്നു

**AADHYA BABU**
II DC ENGLISH



# ശവപ്പറമ്പ്

വെട്ടുന്നു മാന്തുന്നു കുത്തുന്നു മറ്റിടം
ഊറ്റുന്നു കുടിക്കുന്നു വിൽക്കുന്നു ചോരയും
അമ്മയെന്നും പുനർ ദേവിയെന്നും
ചൊല്ലുന്നതൊക്കെയും സ്വാർത്ഥമായി
മാറിയെന്നോ?

കഴുത്തിലുണ്ടൊരാ പുകയൊന്നു പൊങ്ങുമ്പോൾ
ഒന്നാൽ വരുന്നുണ്ട് മങ്ങിയും വിങ്ങിയും
അമ്മയെ വിറ്റൊരു കാശുണ്ട് കീശയിൽ
വെള്ളം ചേർത്തൊരു മുലപ്പാലുമുണ്ടുണ്ട്
ദീർഘമായി ശ്വസിക്കുമ്പോൾ വരുന്നുണ്ട്
ക്യാൻസറും അൾസറും.

പിന്നെന്തുവേണം മനുഷ്യനും കാലനും
ചെയ്തതിൻ ബാക്കിയായി വരുന്നുണ്ട് മറുപടി
കൽക്കിയായും പുനർ കാലനായും.
ഈശ്വരൻ എത്തുമ്പോൾ ഇവിടമോ
ശവപ്പറമ്പാകും...

**AKHILA MOL DEVADAS**
II DC MALAYALAM



# ഓർമ്മയുടെ സ്പന്ദനം

ദേശാടനക്കിളികൾ അവയുടെ കൂടുകളിലേക്ക് പറന്നകലുന്നതും നോക്കി നിന്നിരുന്ന ജനാലയ്ക്കരികിൽ നിന്നു. അവന്റെ മനസ്സിപ്പോൾ തീർത്തും ശാന്തമാണ്. ഇതാദ്യമായി അവൻ അവനെക്കുറിച്ചുതന്നെ ഓർക്കുകയാണ്.

ഇന്ന് മെയ് 11 ഇരുപത്തിനാല് വർഷം മുൻപ് ഈ ദിവസമാണ് ഞാൻ ജനിച്ചത്. ഒരു ഗവൺമെന്റ് ആശുപത്രിയിൽ അന്ന് അമ്മയ്ക്കരികിൽ ഉറങ്ങിയിരുന്ന എന്നെ കാണാൻ അച്ഛൻ ഓടിവന്നതും എന്നെ വാത്സല്യത്തോടെ വാരിയെടുത്ത് ഉമ്മവച്ചതുമെല്ലാം അമ്മ അഭിനയിച്ചു കാണിക്കും. അച്ഛനെ കാണാതെ ഉറങ്ങില്ലെന്നു വാശി പിടിച്ച് ചിണുങ്ങുന്ന എന്നെ സമാധാനിപ്പിക്കാൻ അങ്ങനെ ചെയ്യുക എന്നതായിരുന്നു അമ്മയ്ക്ക് മുന്നിലുണ്ടായിരുന്ന ഏകമാർഗ്ഗം. ആദർശശാലിയായ പത്രപ്രവർത്തകനായിരുന്നു അച്ഛൻ. ഹരിശ്രീ കുറിച്ച നാൾ മുതൽ അച്ഛന്റെ പിൻഗാമിയാകുകയായിരുന്നു ഞാൻ. സത്യസന്ധതയും ആദർശവും - അതായിരുന്നു ചതിയന്മാർ അച്ഛനിൽ കണ്ട ഏറ്റവും വലിയ തെറ്റ്. അച്ഛന്റെ തൂലിക പലർക്കും മൂർച്ചയേറിയ ആയുധമായി അനുഭവപ്പെട്ടപ്പോൾ മനുഷ്യരുടെ മുഖംമൂടിയണിഞ്ഞവർ അച്ഛനെ ഇല്ലാതാക്കി. അന്ന് എനിക്ക് അഞ്ചു വയസ്സാണ്. അച്ഛനില്ലാത്ത ഈ ലോകത്തോട് എനിക്കു വെറുപ്പായിരുന്നു. അച്ഛനെ ഇല്ലാതാക്കിയവരെ എങ്ങനെ നശിപ്പിക്കണമെന്നു ചിന്തിച്ച എന്റെ പിഞ്ചുമനസ്സ് അതിനുള്ള അവസരങ്ങൾക്കായി കാത്തിരുന്നെന്നു തന്നെ പറയാം. എന്നെ താരാട്ടു പാടിയുറക്കിയ ഒരു നാൾ എന്റെ പുസ്തകസഞ്ചിയിൽനിന്ന് അമ്മയറിഞ്ഞു, വളർന്നു വരുന്ന എന്റെയുള്ളിൽ വർദ്ധിച്ചും വിനാശ മോഹങ്ങളുടെ മുൻപേ വളർന്നത് പകയാണെന്ന്. ഒരിക്കൽ രഹസ്യമായി ഞാൻ സൂക്ഷിച്ചിരുന്ന കൊച്ചുകത്തി അമ്മ കണ്ടെടുത്തു. അമ്മ അന്നെന്നെ അടുത്തു വിളിച്ച് വാത്സല്യത്തോടെ പറഞ്ഞ വാക്കുകൾ ഇപ്പോഴും എന്റെ കാതിൽ മുഴങ്ങുന്നുണ്ട്.

"എന്റെ മോൻ ഇനിയെങ്കിലും ഇത് കൈയിൽ സൂക്ഷിക്കരുത്. നീ നിന്റെ അച്ഛന്റെ മോനാണ്. ഒരിക്കലും നിന്റെ കൈകൾ ശിക്ഷ വിധിക്കേണ്ടവയല്ല, രക്ഷയേകേണ്ടവയാണ്. ഇനി എന്റെ മോൻ അരുതാത്തതൊന്നും ചിന്തിക്കരുത്. ജീവിതം നമുക്ക് സങ്കടപ്പെടാൻ നൂറു കാരണങ്ങൾ തരുമ്പോൾ തളരുകയോ ആയുധമെടുക്കുകയോ അല്ല വേണ്ടത്. ചിരിക്കാൻ നമുക്ക് ആയിരം കാരണങ്ങളുണ്ടെന്ന് ജീവിതത്തിനു നമ്മൾ കാണിച്ചു കൊടുക്കണം. ഈ കത്തിയല്ല അറിവാണ് നീ ആയുധമാക്കേണ്ടത്."

അമ്മ ആ കത്തി ദൂരേക്കു വലിച്ചെറിഞ്ഞ് എന്റെ നെറുകയിൽ ചുംബിച്ചു. അച്ഛന്റെ ഘാതകരെ വകവരുത്താൻ തക്കം പാർത്തിരുന്ന എന്റെ മനസ്സിൽ നന്മയുടെ വിത്ത് പാകി പ്രതീക്ഷയുടെ നാമ്പു മുളപ്പിച്ചത് അമ്മയാണ്. ഇന്നത്തെ എന്റെ ജീവിതത്തിന് തുടക്കമിട്ടത് അമ്മയുടെ ആ വാക്കുകളാണ്. ഒരിക്കൽ ജീവനെടുക്കാൻ ഒരുമ്പെട്ട ഞാൻ ഇന്ന് അനേകം ജീവനുകൾ രക്ഷിച്ചു. ഇനിയും ജീവനുകൾ രക്ഷിക്കാനുള്ള ഒരു ഡോക്ടറായി മാറിയത് എന്റെ അമ്മയെന്ന പുണ്യം എന്നോടൊപ്പം ഉണ്ടായിരുന്നതുകൊണ്ടാണ്. ഇന്ന് എന്റെ

പിറന്നാൾ ദിനത്തിൽ അമ്മയ്ക്കു കൊടുക്കാൻ മാത്രം സൂക്ഷിച്ചവ എന്താണ് ഈ അലമാരയിലുള്ളത്?

ചിന്തകളിൽ മുഴുകിയിരിക്കുന്ന അവളെ കണ്ടു പോയത് നിരഞ്ജൻ ശ്രദ്ധിച്ചിരുന്നില്ല.

"നിരഞ്ജൻ, ഇതൊന്നും പരിചിതമല്ലാത്തതു നിനക്ക് മാത്രം, ഞാ പിന്നാലെക്കാണ് അമ്മ അനുഭവിക്കുന്നു"

കീർത്തിയുടെ ശബ്ദം കേട്ട് നിരഞ്ജൻ തിരിഞ്ഞു നോക്കി.

കീർത്തി, ഒന്നു വർഷം മുമ്പ് അമ്മ എനിക്കു തന്ന സമ്മാനം. ജീവിതത്തിൽ അവർ പഠിച്ച നല്ല പാഠങ്ങളെല്ലാം അവർക്കു പറഞ്ഞുകൊടുത്തത് അമ്മയാണ് അതുകൊണ്ടാവാം അവർക്ക് അമ്മയെ ഒരുപാടിഷ്ടമാണ്. സ്ത്രീ സ്വാതന്ത്ര്യവും സുരക്ഷിതത്വമായിരിക്കാൻ പുരുഷനെ ഭയക്കുന്ന പെൺകുട്ടിയായല്ല വേണ്ടതെന്നും, വരുംതലമുറയ്ക്ക് ഉത്തമമായ മൂല്യങ്ങൾ പറഞ്ഞുകൊടുക്കാൻ പ്രാപ്തയായ ഒരമ്മയാവുകയാണ് വേണ്ടതെന്നും കീർത്തിയെ പഠിപ്പിച്ചത് അമ്മയാണ്.

കീർത്തിയോടൊപ്പം അമ്മയുടെ അടുത്തേക്കു നടക്കവേ അവളെന്നോടു, അമ്മ നൽകിയ വെളിച്ചമാണ് ഇന്ന് എന്നെ ഈ നിലയിലെത്തിച്ചത് എന്ന് അപ്പോൾ കീർത്തി പറയും. ഒരുപാട് ത്യാഗം സഹിച്ച ആ അമ്മയ്ക്കു നമ്മൾ നൽകിയ സമ്മാനമല്ലേ മോളൂട്ടി എന്ന്.

മരുമകളുടെ കൈവിരൽത്തുമ്പിൽ തൂങ്ങി പിച്ച വയ്ക്കുന്ന മോളൂട്ടിയെ വാരിയെടുത്ത് കീർത്തി നെറുകയിൽ ചുംബിച്ചു. നിരഞ്ജൻ അമ്മയുടെ അരികിൽ ചെന്നിരുന്നു. അവന്റെ വിടർന്ന കണ്ണുകളും പുഞ്ചിരിക്കുന്ന മുഖവും അവയിൽ വാത്സല്യമുണർത്തി. അമ്മയുടെ ചുളിവു വീണ മുഖത്ത് ഉത്സാഹം പ്രകടമാകാത്ത മിഴികളിൽ സന്തോഷം നിറയുകയായിരുന്നു. ഒരു നിമിഷം നിരഞ്ജൻ ഓർത്തു.

എന്റെ അമ്മ. ഭാര്യ. ഇപ്പോ മോളൂട്ടി

ഇവർക്കു മാത്രമാണ് എന്റെ ജീവിതത്തിന് സൗരഭ്യമേകാൻ കഴിയുന്നത്. അന്നും ഇന്നും ഇനി എന്നും.

**SRUTHI V.S.**
II DC MALAYALAM






# THE UNTOLD WORLD OF FANTASY

When fairy tales become believable
When romantic songs feel true
And when the dream world becomes your living home
You're sure to be living in the fantasy world.

When reality doesn't strike you
When advice seems useless
And when learning becomes boredom

When love is all that matters
When you're ready to die for your lover
And when you think you can't live without him
You're already in that ungodly world.

To perceive, to peruse
And to proceed in the path of actuality
Do you need a will to be independent?
To be educated and above all the support of
praying hands...

**SEREENA ROSE JOYCE**
II DC ECONOMICS



# स्वतंत्र भारत में नारी

ज हमारा भारत एक स्वतंत्र राष्ट्र है। प्राचीन काल से ही भारत की सभ्यता एवं संस्कृति विदेशियों को लुभाती रही है। हमारी संस्कृति को एक आदर्श संस्कृति के रूप में विश्व में स्थान प्राप्त था। यदि हम प्राचीन भारतीय संस्कृति एवं सभ्यता पर दृष्टिपात करें तो हम इस निष्कर्ष पर पहुँचते हैं कि हमारे समाज में स्त्रियों को प्रारंभ से ही उच्च स्थान प्रदान किया गया है। हमारे देश की नारियाँ सर्वथा देश और जाति केलिए बलिदान हुई हैं। प्राचीन काल में भारतीय नारियाँ शिक्षित एवं विदुषी होती थी। गार्गी, मैत्रेयी आदि के नाम इसके ज्वलन्त उदाहरण हैं। पौराणिक काल में गार्गी ने धर्म और दर्शन पर याज्ञवल्क्य से महत्वपूर्ण शास्त्रार्थ किया था। उस समय नारी को स्वयं अपने पति चुनने का अधिकार प्राप्त था। अतः यह स्पष्ट हो जाता है कि नारी उस समय अपने भविष्य का निर्माण करने की पूर्ण क्षमता रखती थी।

यदि नारी के आदर्शरूप पर दृष्टिपात किया जाय तो वह देवी के समकक्ष है। हमारे भारत में नारी केवल विलासिता का साधन ही नहीं अपितु उसने सामाजिक एवं राजनीति के क्षेत्र में भी पुरुषों के कन्धे से कन्धा मिलाकर पदार्पण किया है। हमारे कवियों ने जहाँ एक ओर नारी को अबला कहकर सम्बोधित किया है, वहाँ दूसरी तरफ नारियों की अद्‌भुत वीरता का वर्णन करके उनके 'अबला' पर्याय को मिथ्या प्रमाणित कर दिया है।

खूब लडी मर्दानी वह तो,
झांसी वाली रानी थी।"

नारी सुन्दरता में शची है, साहस में दुर्गा है तथा ज्ञान में सरस्वती है। भारतवर्ष सीता, सावित्री, गार्गी तथा लक्ष्मीबाई जैसी आदर्श नारियों का देश है। भारत ने समय समय पर अनेक नारी रत्नों को जन्म दिया है। भारत की जिन नारियों में दैवीय गुण विद्यमान हैं, उनमें श्रीमती इंदिरागांधी का नाम सर्वप्रमुख है। इंदिराजी का नाम भारतीय इतिहास में सदैव स्वर्णाक्षरों में अंकित रहेगा। वे अखण्ड भारत को अमर शहादत देकर भारत माता पर सुशोभित होकर राष्ट्र माता हो गई। भारतीय नारी ने अपने त्याग, तपस्या, बलिदान एवं आत्मत्याग द्वारा जो गौरवमय परम्परा स्थापित की है, वह निश्चय ही महान है। जहाँ नारी की पूजा होती है वहाँ देवता निवास करते हैं। यही महान वाक्य प्राचीन काल से लेकर आज तक नारी का महत्व निर्धारित करता रहा है।

नारी ने पुरुष को माँ, बहिन और पत्नी के रूप में जो प्रेम प्रदान किया है वही उसके जीवन की प्रेरणा है। माता बालक की गुरु



होती है। इसलिए जो आज के बालक कल भावी राष्ट्र के नागरिक है, उनको योग्य नागरिक बनाना नारी का कर्तव्य है।

भारत की स्वतंत्रता के पश्चात् देश का वातावरण पूरी तरह परिवर्तित हो चुका है। श्रीमति इंदिरागांधी, श्रीमति विजयलक्ष्मी पण्डित, सुचेता कृपलानी, अरुणा आसफअली आदि इस युग की महिला रत्न है। उनकी योग्यता पर देश को गौरव और अभिमान है।

बच्चों में अच्छे गुणों का प्रादुर्भाव करने का श्रेय माँ को ही है। नम्रता, शिष्टाचार, सदाचार आदि गुण बच्चे माँ से ही सीखते हैं। शिवाजी को वीर बनाने का श्रेय जीजाबाई को ही था। गाँधीजी के सत्य और अहिंसा के सन्देश के पीछे उनकी माँ का ही धार्मिक रूप था। अतः यह स्पष्ट है कि नारी बालक को चाहे जिधर मोड सकती है। वह चाहे तो पुत्र को कौशल्या बनकर राम के समान बलवान, धीर एवं नम्र बना सकती है और वह चाहे पुत्र को चरित्रहीन, पापी एवं क्रूर भी बन सकती है।

आधुनिक युग नारी के उत्थान का युग है। शिक्षा के प्रसार के साथ-साथ सामाजिक क्षेत्र में भी नारी की दशा को सुधारने का प्रयत्न किये जा रहे हैं। नये कानून के अनुसार नारी को विशेष अवस्थाओं में अपने पति को त्यागने का अधिकार प्राप्त हो गया है और उसे अपने पिता की सम्पत्ति में भाग प्राप्त करने का अधिकार दिया जा रहा है। छोटी आयु में विवाह कम होते जा रहे है। विधवा विवाह का प्रचार भी बढ रहा है। आधुनिक नारी को जहाँ अपनी उन्नति और विकास का ध्यान देना है, वहाँ उसे यह भी ध्यान रखना होगा कि वह भारतीय नारी है। त्याग और तपस्या का पोषक है। उसका पाश्चात्य रंग में रंग जाना भारतीय परंपरा के विरुद्ध है, तभी भारतीय नारी आधुनिक आदर्श गृहणी के उच्च पद पर आसीन हो सकेगी।

**RESHMA**
II DC B. COM


Antony's
Eye Clinic & Opticals
Near Bridge Main Road, Thalayolaparambu
Central Junction, Kuravilangad
Mob: 9562537616
9447000798, 9446702667


60,000 sqft. ഡിസ്പ്ലേ ഏരിയയിൽ
മധ്യ തിരുവിതാംകൂറിലെ ഏറ്റവും വിശാലമായ
Royal Marbles
GRANITE | TILES | SANITARYWARE
മുട്ടുചിറ - കടുത്തുരുത്തി | CALL: 99958 23602


മൽബറി
DIGITAL SOLUTIONS
LED / ACP BOARDS
ADVERTISING
HOARDINGS
LIGHT BOARDS
FLEX & CLOTH PRINTING
ഫെഡറൽ ബാങ്കിന് സമീപം, സെൻട്രൽ ജം.
കുറവിലങ്ങാട്
Tel.: 04822 233527, 7559088890


Steelvel
Central Jn., Kuravilangad
Ph: 04822-233171
Manufactures of
STEEL, FURNITURE
Kadaplamattom
Ph: 04822-251223
Steelvel
M.C. Road, Ettumanoor
Ph: 0481-2536303
Steelvel
Near KSRTC, Pal
Ph: 0482-221568

# ജ്ഞാനവിനിമയത്തിലെ ചിദാകാശസമസ്യകൾ

ഡോ. ജോബിൻ ചാമക്കാല



"ഓം സഹനാവവതു-
സഹനൗ ഭുനക്തു
സഹവീര്യം കരവാവഹൈ
തേജസ്വിനാം അവധീതമസ്തു
മാ വിദ്വിഷാവഹൈ"
[ഋഗ്വേദം, ശാന്തിമന്ത്രം]

പരസ്പരവിദ്വേഷമില്ലാതെ, ഈശ്വരാനുഗ്രഹത്തോടെ ഒന്നിച്ച് പ്രവർത്തിക്കുവാനും ഒന്നിച്ച് വിദ്യ ആർജ്ജിക്കുവാനുമുള്ള ഈ ആഹ്വാനം ഗുരുശിഷ്യപരമ്പരകളുടെ ആത്മസമർപ്പണത്തിന്റെ കൂടി പ്രതീകമാണ്. വിദ്വേഷവും ഭയവും അകന്ന സഹവർത്തിത്വമാണ് നവീന ജ്ഞാനാർജ്ജനത്തിന് വഴിയൊരുക്കുന്നതെന്ന് ആർഷജ്ഞാനികൾ പണ്ടേയ്ക്കുപണ്ടേ തിരിച്ചറിഞ്ഞിരുന്നു. പവിത്രവും ദൈവികവുമായ ഒരു വിതാനത്തിലാണ് ഈ ബന്ധത്തെ അവർ പ്രതിഷ്ഠിച്ചിരുന്നത്. മാതാപിതാ ഗുരു ദൈവം, ഗുരു സാക്ഷാൽ പരബ്രഹ്മം തുടങ്ങിയ ആപ്തീകരണങ്ങൾ ഇത് വ്യക്തമാക്കുന്നു.

ഗുരുപരമ്പരകളുടെ ശ്രേണികളെ വേർതിരിച്ച് സ്പഷ്ടമാക്കുവാൻ ഭാരതീയ വിജ്ഞാനപാരമ്പര്യം നിരവധി പദങ്ങൾ സ്വീകരിക്കുന്നു. വിദ്യ പഠിപ്പിക്കുന്നവരെ സൂചിപ്പിക്കുവാൻ അധ്യാപകൻ എന്ന പദം ഉപയോഗിക്കുന്നു. ശിഷ്യന്റെ മനസ്സിലെ അന്ധകാരത്തെ ഭേദനം ചെയ്യുന്നവനാണ് ഗുരു. പഠിപ്പിക്കുന്ന കാര്യങ്ങൾ സ്വജീവിതത്തിൽ ആചരിച്ച് കാണിക്കുകകൂടി ചെയ്യുന്നവനാണ് ആചാര്യൻ. വേദം പഠിപ്പിക്കുന്നവൻ ഉപാധ്യായൻ (വാധ്യാർ) ഈ പദങ്ങളെല്ലാം വിവിധങ്ങളായ വിജ്ഞാനവിതരണ ശ്രേണികളെ സൂചിപ്പിക്കുന്നു.

ഗുരുഭക്തിയുടെയും ഗുരുനിന്ദയുടെയും ഉത്തമരൂപകമായി സംസ്കൃത സാഹിത്യ പാരമ്പര്യം സുകുമാരകവിയെ അവതരിപ്പിക്കുന്നു. ഗുരുവിന്റെ ഉത്തമശിഷ്യനായിരുന്നു സുകുമാരൻ. ഗുരുകുലത്തിലെ സകല കർമ്മങ്ങളും ഭക്ത്യാദരപൂർവ്വം അവൻ അനുഷ്ഠിച്ചിരുന്നു. പഠനകാര്യത്തിൽ പരമാവധി ആത്മാർത്ഥതയും ആത്മസമർപ്പണവും പുലർത്തിയിരുന്നു. ഗുരുവാകട്ടെ, വളരെ പരുക്കൻ മട്ടിലുള്ള ശാസനകളും ശിക്ഷകളുമാണ് ഇതിനൊക്കെ പകരമായി നല്കിയത്. കാലാന്തരത്തിൽ സുകുമാരന് തന്റെ ഗുരുവിനോട് ഒടുങ്ങാത്ത വിദ്വേഷമായി. ഗുരുവിനെ വധിക്കാൻ അയാൾ തീരുമാനിച്ചു. ഗുരുഗൃഹത്തിന്റെ മുകളിൽ ഒരു വലിയകല്ലുമായി അയാൾ കയറിപ്പറ്റി. രാത്രിയിൽ ഗുരു കിടന്നുറങ്ങുമ്പോൾ കല്ല് തലയിൽ ഉരുട്ടിയിട്ട് കൊല്ലുകയായിരുന്നു അയാളുടെ ലക്ഷ്യം. പക്ഷേ ഗുരുവും ഭാര്യയുമായി രാത്രി നടന്ന സംഭാഷണം യാദൃച്ഛികമായി സുകുമാരൻ കേട്ടു. ഈ ആശ്രമത്തിലെ ഏറ്റവും ഉത്തമനായ ശിഷ്യനായിരുന്നിട്ടും എന്തിനാണ് സുകുമാരനെ ഇത്ര ക്രൂരമായി പീഡിപ്പിക്കുന്നത് എന്ന പത്നിയുടെ ചോദ്യത്തിന് അവൻ കൂടുതൽ സമർത്ഥനാകാനും അവന്റെ മനസ്സ് പരിപക്വമാകുവാനുമാണ് എന്ന് ഗുരു ഉത്തരം നൽകി. ഗുരുവിന്റെ ഈ മറുപടി കേട്ട് സുകുമാരന്റെ മനസ്സ് തകർന്നുപോയി. പിറ്റേന്ന് ഗുരുസമക്ഷം എത്തിയ സുകുമാരൻ ഗുരുവധം ചെയ്യാൻ ശ്രമിച്ച ശിഷ്യൻ പ്രായശ്ചിത്തമായി എന്ത് പരിഹാരമാണ് ചെയ്യേണ്ടത് എന്നു ചോദിച്ചു. ഉമിത്തീയിൽ നീറി നീറി മരിക്കണമെന്ന് ഗുരു പ്രത്യുത്തരം നൽകി. സുകുമാരൻ ഒരു കുഴി കുഴിച്ച് അതിൽ ഇറങ്ങിനിന്ന് കഴുത്തറ്റം വരെ ഉമി നിറച്ച് തീ കത്തിച്ചു മരിച്ചു. ഉമിത്തീയിൽ വെന്തെരിയുമ്പോൾ അയാൾ രചിച്ച കാവ്യമായ 'ശ്രീകൃഷ്ണവിലാസം' ഗുരുശിഷ്യബന്ധത്തിന്റെ അർത്ഥാന്തരങ്ങളെ സൂചിപ്പിച്ചുകൊണ്ട് ഇന്നും അപൂർണ്ണമായി ശേഷിക്കുന്നു.



സാന്ദീപനിയുടെ ശിഷ്യരായി ഗുരുകുലത്തിൽ വസിക്കുന്ന ശ്രീകൃഷ്ണനും കുചേലനും (സുദാമാവ്) ബാല്യത്തിൽ അകപ്പെട്ട ഒരു പരീക്ഷണഘട്ടത്തിന്റെ ആഖ്യാനവും ശ്രദ്ധേയമാണ്. കാട്ടിൽ പോയി വിറകു കൊണ്ടുവരുവാൻ ഗുരുപത്നി ആവശ്യപ്പെട്ടു. ഗുരുപത്നി, രാജപത്നി, ജ്യേഷ്ഠപത്നി, പെറ്റമ്മ, പിന്നെ നാട് ഇവരെയെല്ലാം മാതൃതുല്യരായി കരുതി ബഹുമാനിക്കുന്ന പാരമ്പര്യമായിരുന്നു നമ്മുടേത്. കാട്ടിലൂടെ വിറകന്വേഷിച്ചു നടന്ന് ഭീകര രാത്രി കൊടുംകാട്ടിൽ അവർ അകപ്പെട്ടുപോയി. രാത്രിയായിട്ടും തന്റെ ശിഷ്യരെ കാണാതെ പരിഭ്രമിച്ച് അന്വേഷിച്ചിറങ്ങിയ സാന്ദീപനി കൊടുംകാട്ടിൽ വിറകുകെട്ടുകൾക്കിടയിൽ മയങ്ങിവീണുകിടക്കുന്ന പ്രിയ ശിഷ്യരെ കണ്ടെത്തുന്നു. ഇരുവരെയും സന്തോഷാശ്രുക്കളോടെ നെഞ്ചോടു ചേർത്ത് അനുഗ്രഹിക്കുന്ന സാന്ദീപനി ഗുരുപരമ്പരകളുടെ എണ്ണമറ്റ ജന്മസ്മരണകൾക്കിടയിൽ നക്ഷത്രശോഭയോടെ വിളങ്ങുന്നു.

"നല്ല നല്ലകരതയുള്ള ഗുരുകടാക്ഷം കൂടാതെ ഇഷ്ടസാഫല്യം വരുമോ ഇനി ഏവർക്കും?"
എന്ന ശ്രീകൃഷ്ണവചനങ്ങൾ ഈ സന്ദർഭക്കുറിപ്പിന് അടിവരയിടുന്നു.

ഗുരുഭക്തിയുടെ പേരിൽ നേരിട്ട എണ്ണമറ്റ പരീക്ഷണങ്ങളെ അതിജീവിച്ച ഉജ്ജ്വലവ്യക്തിത്വമാണ് ഉപമന്യുവിന്റേത്. ആയോദധൗമ്യൻ എന്ന ഗുരുവിന്റെ ശിഷ്യനായിരുന്നു ഉപമന്യു. ഒരിക്കൽ മുനി ശിഷ്യനെ വിളിച്ച് കാലി മേയ്ച്ചു വരാൻ ആവശ്യപ്പെട്ടു. സന്ധ്യയ്ക്ക് ഗുരുകുലത്തിലെത്തിയ ഉപമന്യുവിനോട് നിനക്ക് യാതൊരു ക്ഷീണവും കാണുന്നില്ലല്ലോ. എവിടെനിന്നാണ് നീ ഭക്ഷണം കഴിച്ചത് എന്ന് ഗുരു ചോദിച്ചു. ഗുരോ-ഞാൻ ഭിക്ഷയെടുത്ത് ഭക്ഷിച്ചു എന്ന് ഉപമന്യു മറുപടി നൽകി. ഭിക്ഷയെടുത്ത് കിട്ടുന്നത് ഗുരുവിനവകാശപ്പെട്ടതാണ്. അതിനാൽ അത് നീ ഭക്ഷിക്കാൻ പാടില്ല എന്ന് ധൗമ്യൻ കല്പിച്ചു. രണ്ടാം ദിവസവും കാലി മേയ്ച്ചതിനുശേഷം ക്ഷീണമൊന്നുമില്ലാതെ മടങ്ങിവന്ന ഉപമന്യുവിനോട് നീ എന്താണ് ഭക്ഷിച്ചത് എന്ന് ഗുരു ആരാഞ്ഞു. ഗുരുവിനുള്ള പങ്ക് മാറ്റിവച്ചതിനുശേഷം താൻ വീണ്ടും ഭിക്ഷയെടുത്തു ഭക്ഷിച്ചതായി ഉപമന്യു പറഞ്ഞു. ദരിദ്രരായ ഗ്രാമീണർക്ക് രണ്ടു തവണ ഭിക്ഷ കൊടുക്കാൻ വകയില്ലെന്നും അതിനാൽ അവർ പട്ടിണി കിടക്കേണ്ടിവരുമെന്നും പറഞ്ഞ് ഗുരു ശിഷ്യനെ ഭിക്ഷാടനം ചെയ്യുന്നതിൽനിന്നു തടഞ്ഞു.

മൂന്നാം ദിവസവും തളർച്ച കൂടാതെ മടങ്ങിയെത്തിയ ഉപമന്യുവിനോട് ഇന്ന് എന്താണ് ഭക്ഷിച്ചതെന്നു ചോദിച്ചപ്പോൾ പശുക്കളുടെ അകിടിൽനിന്നു പാൽ കുടിച്ച് വിശപ്പടക്കിയതായി ഉപമന്യു മറുപടി നൽകി. പശുക്കളുടെ പാൽ അതിന്റെ കുട്ടികൾക്കുള്ളതാണ്. അതിനാൽ അത് കുടിക്കുവാൻ പാടുള്ളതല്ല എന്ന് ഗുരു തീർപ്പുകല്പിച്ചു. നാലാം ദിവസം കാലി മേച്ച് ഊർജ്ജസ്വലനായി മടങ്ങിയെത്തിയ ഉപമന്യുവിനോട് വീണ്ടും ഗുരു ഭക്ഷണത്തെക്കുറിച്ച് ആരാഞ്ഞു. പശുക്കുട്ടികൾ പാൽ കുടിക്കുമ്പോൾ അവയുടെ വായിൽനിന്നു വീഴുന്ന പാൽനുര ഭക്ഷിച്ച് വിശപ്പടക്കിയതായി ഉപമന്യു മറുപടി നൽകി. ദയാലുക്കളായ പശുക്കുട്ടികൾ ജീവകാരുണ്യം നിമിത്തം നുര വെളിയിൽ തള്ളും. അത് അവയുടെ നിത്യവൃത്തിക്ക് തടസ്സമാകുമെന്ന് ഗുരു കല്പിച്ചു. അഞ്ചാം ദിവസം ഭക്ഷണമൊന്നും കഴിക്കാതെ തളർന്ന് അവശനായി എരുക്കില തിന്ന് കാഴ്ച നഷ്ടപ്പെട്ട് ഒരു പൊട്ടക്കിണറ്റിൽ വീണ ഉപമന്യുവിനെ അനുഗ്രഹിക്കാനായി അശ്വിനികൾ സമീപിക്കുന്നു. കാഴ്ച നൽകിയതിനുശേഷം അവർ ഉപമന്യുവിന് കഴിക്കുവാൻ അപ്പം നൽകുന്നു. എന്നാൽ അത് തന്റെ ഗുരുവിനായി മാറ്റിവച്ച് ഉപമന്യു അവസാന പരീക്ഷയും വിജയിക്കുന്നു. പരീക്ഷണഘട്ടങ്ങളുടെ ഈ



നിർണായകഘട്ടത്തിൽ ഗുരുവായ ധൗമ്യൻ പറഞ്ഞുകൊടുത്തതിനാൽ അശ്വിനികളുടെ പല്ലുകൾ ഇരുമ്പായിത്തീർന്നു. അങ്ങനെ പരീക്ഷണവും വിജയിച്ച ഉപമന്യുവിന്റെ പല്ലുകൾ സ്വർണമായി മാറി.

ജ്ഞാനവൃദ്ധനും സൂഫിവര്യനുമായ പേർഷ്യൻ കവി ജലാലുദ്ദീൻ റൂമിയെക്കുറിച്ച് ഡോ. എം.എൻ. കാരശ്ശേരി തന്റെ പ്രഭാഷണത്തിനിടെ നടത്തിയ ഒരു പരാമർശം ഓർമ്മവരുന്നു. റൂമിയോട് ഒരാൾ ഒരിക്കൽ ചോദിച്ചു പട്ടി മൂത്രമൊഴിക്കുമ്പോൾ ഒരു കാൽ പൊക്കിപ്പിടിക്കാറുണ്ടല്ലോ. അതിന്റെ കാരണമെന്താണെന്ന് അറിയില്ലെന്ന് റൂമി മറുപടി നൽകി. വിറകു ചുമന്നുകൊണ്ട് അതുവഴി പോവുകയായിരുന്ന ഒരു ഗ്രാമീണ കർഷകൻ അത് കേട്ടു. ഒരു വയസ്സാകുന്നതുവരെ പട്ടിക്കുഞ്ഞുങ്ങൾ മൂത്രമൊഴിക്കുമ്പോൾ കാൽ ഉയർത്തിപ്പിടിക്കാറില്ലെന്ന് അയാൾ റൂമിയോടു പറഞ്ഞു. ഇക്കാര്യം താൻ ഇതുവരെ മനസ്സിലാക്കിയിരുന്നില്ല എന്നതിൽ റൂമിക്ക് ലജ്ജ തോന്നി. അതിനുശേഷം ജീവിതത്തിൽ എപ്പോഴെല്ലാം സന്ദർഭങ്ങളിൽ ഈ വൃദ്ധകർഷകനെ കണ്ടുമുട്ടിയിരുന്നുവോ അപ്പോഴൊക്കെ റൂമി ആദരപൂർവ്വം എഴുന്നേറ്റു നിൽക്കുമായിരുന്നു. വളരെ അപ്രസക്തവും നിസ്സാരവുമായ അറിവ് പകർന്നുതന്ന വ്യക്തിയെപ്പോലും ഏറ്റവും ആദരവോടെ സമീപിക്കുന്ന രീതിയായിരുന്നു ഇത്. ഗുരുഭക്തിയുടെ ഏറ്റവും ശക്തമായ ഉദാഹരണമായി ഇതിനെ കരുതാം.

പരീക്ഷണങ്ങളിൽ ചതിയിൽപ്പെട്ട് പരാജയപ്പെട്ടുപോയ ശിഷ്യന്മാരെക്കുറിച്ചുള്ള ആഖ്യാനങ്ങളും ധാരാളമുണ്ട്. ഏകലവ്യന് തന്റെ പെരുവിരൽ ദക്ഷിണയായി നൽകേണ്ടി വന്നത് സമ്പൂർണ്ണമായ ഗുരുഭക്തിയുടെ പൂർവമാതൃകകളുടെ പാരമ്പര്യബോധം നിമിത്തമാണ്. ഈ ദക്ഷിണയിലൂടെ ദ്രോണർ ചരിത്രത്തിലെതന്നെ ഏറ്റവും പക്ഷപാതിയും സ്വാർത്ഥനും വെറുക്കപ്പെട്ടവനുമായി മാറുന്നു. ഇതിഹാസവും വസ്തുപരമായ അന്തർധാരകളും ഈ ദക്ഷിണ ചോദിക്കലിനു പിന്നിലുണ്ടെന്നു വ്യക്തമാണ്. തന്റെ മടിയിൽ തലവെച്ചുറങ്ങുന്ന ഗുരുവിന്റെ നിദ്രയ്ക്ക് ഭംഗം വരാതിരിക്കാൻ കുത്തിയ വണ്ടിനെ സഹിച്ച കർണനും പരാജിതരുടെ പതനമാണ് കല്പിക്കപ്പെടുന്നത്. ഒരു വിജയിക്കണമെന്നുള്ള സ്വാർത്ഥമോഹം പേറി, കീടരൂപത്തിൽ തുട തകർത്ത് തുളച്ചു കയറിയ ഇന്ദ്രന്റെ ചതിയിലാണ് കർണൻ നിപതിച്ചത്. ശിഷ്യൻ ബ്രാഹ്മണനല്ല എന്നു തിരിച്ചറിഞ്ഞ ഗുരു നീ പഠിച്ച വിദ്യകളൊന്നും നിനക്കു പ്രയോജനപ്പെടാതെ പോകട്ടെ എന്നാണ് ആശംസിച്ചത്. ഈ ആശംസയാണ് കർണന്റെ ദാരുണമരണത്തിനുള്ള വഴിയൊരുക്കിയതും.

ലോകമെമ്പാടുമുള്ള ജ്ഞാനപാരമ്പര്യങ്ങൾ ഗുരുശിഷ്യബന്ധത്തെ പവിത്രമായ ഒരു വിതാനത്തിലാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. സമകാലികമായ അറിവിന്റെ വിവിധ തലങ്ങളിലുള്ള വിനിമയ പ്രക്രിയകൾക്കിടയിലെ ശ്രേണീകരണങ്ങളിൽ ഇടയ്ക്കെവിടെയൊക്കെയോ ഈ പവിത്രതയ്ക്ക് ചില ചോർച്ചകളും പോരായ്മകളും വന്നിട്ടുണ്ടാവാം. അറിവിന്റെ കുത്തകവൽക്കരണവും വാണിജ്യവൽക്കരണവും ഒരുപക്ഷേ ഇതിന് പശ്ചാത്തലമായിരിക്കാം. അറിവിന്റെ രാഷ്ട്രീയവൽക്കരണവും ചരിത്രത്തിന്റെ പുനരവതരണവും സംഘടിതമായി നടക്കുന്നത് ചിലപ്പോൾ നമ്മെ അസ്വസ്ഥമാക്കാം. ഇത്തരം അനുഭവസന്ദർഭങ്ങളെ നേരിടുമ്പോൾ പാരമ്പര്യം ശക്തിമത്തായ ഒരു കവചമോ ഉപകരണമോ ആയി നമുക്ക് സംരക്ഷണം ഒരുക്കുന്നു.

-ശുഭം-

ഡോ. ജോബിൻ ചാമക്കാല

# The Story of a Pencil...



SRUTHI V. S.
II DC MALAYALAM



NORTON RAJU
II DC ZOOLOGY



NORTON RAJU
II DC ZOOLOGY



GAYATHRI V.
I DC MATHS



ARYAMOL V.
II DC MALAYALAM



ARYAMOL V.
II DC MALAYALAM



GAYATHRI C. V.
II DC ZOOLOGY



SRUTHI V. S.
II DC MALAYALAM



SRUTHI V. S.
II DC MALAYALAM



# അവൾ

ഒരു തളിർവെറ്റിലപോലെ
കാറ്റിൻ ദ്രുതതാളചലനങ്ങൾക്കൊപ്പം
തലയാട്ടിക്കളിച്ചൊരു പെണ്ണുടൽ
ഭ്രമം പേറി കൊതിച്ചു വന്നൊരുവൻ
പൊടുന്നനെ പറിച്ചെടുത്തവളുടെ-
യുറ്റവരിൽ നിന്നത്രെ
അവളുടെ തല നുള്ളിയവൻ-
നെറ്റിയിൽ ചാർത്തി
പൊട്ടുപോലെയവന്റെ ചെന്നിയില-
വളുടെ തല ഭയപ്പാടോടെ..
വികാര വെറിയോടെ
ചൂണ്ടുവിരലിൽ നുള്ളിയെടുത്ത
ചുണ്ണാമ്പിൽ ശാന്തന
അവൾക്കുമേൽ പൂശി
അധികാരത്തിന്നടയ്ക്ക പൊട്ടിച്ചൊ-
രാട്ടുകൾ വീണപോൽ
അവളുടെ യാതനകളുടെ പച്ചനീര്
അൽപം വന്നു കാണും

എത്ര ഭയാനകം..
കാമലഹരിയിൽ മുങ്ങും പുകയില
ചേർത്തു മടക്കിയമർത്തിയവളെ
ചുരുട്ടിവെച്ചു മുറുക്കാൻ വായിലിട്ട്
തലങ്ങും വിലങ്ങുമിട്ടവളെ
കടിച്ചുപൊട്ടിക്കുമടയ്ക്കയും
ഒത്തുപിടിച്ചുണ്ണുഷ്ണനും
അവൾ അരയുന്നതു കണ്ടു ചിരിച്ചു
അവളുടെ സ്വത്വഗുണങ്ങളെയവ-
നൂറ്റിയെടുത്തു
മുറുക്കാൻ ചണ്ടിമാത്രം നീട്ടിത്തുപ്പി-
യവനിതിലും പെരിയ
ലഹരി തേടി യാത്രയായി
വഴിവക്കിൽ ചോര വാർന്ന് വികൃതമായ
വെറ്റില ചണ്ടിമാത്രം ബാക്കിയായി.

**KAVYA MOL A B**
I DC MALAYALAM

വേരുകൾ







# കാട്ടിലേക്ക് പോകല്ലേ കുഞ്ഞേ...

അഭിമുഖം

## ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്

വളപട്ടണത്തിന്റെ കഥാകാരൻ ചോദ്യങ്ങൾക്കായി കാത്തിരിക്കുന്നു. കടൽ പോലെ ചോദ്യങ്ങളും നിരയായി വന്നു.

**തോണിയൻ പുതിയപുരയിൽ ശിഹാബുദ്ദീൻ എന്ന ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് കൃതികളിൽ പ്രകൃതി വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശരിയല്ലേ?**

വളപട്ടണമാണല്ലോ മരം, കടലും മഴയും കാടുമെല്ലാം സ്വാധീനിച്ചിട്ടുണ്ട്. എല്ലായിടത്തും പ്രകൃതിയുണ്ട്. വളപട്ടണത്തെ പൗരാണികതയും ചരിത്രവും ദൈവങ്ങളുമെല്ലാം എന്റെ എഴുത്തിനെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

**കുടുംബത്തിലെ എഴുത്ത് പാരമ്പര്യത്തെക്കുറിച്ച്..?**

അങ്ങനെ പറയത്തക്ക വായന ഒന്നുമുണ്ടായിരുന്നില്ല. ചെറുപ്പത്തിൽ വായിക്കുമായിരുന്നു എങ്കിലും ആഴത്തിൽ ഒരു വായനയൊക്കെ പിന്നീടാണ്. എഴുത്തിൽ പാരമ്പര്യം ഒന്നും തന്നെ പറയാനില്ല. എന്റെ വല്യുമ്മ ഒരു നിമിഷ കവി ആയിരുന്നു. പക്ഷെ നന്നേ ചെറുപ്പത്തിൽ മരിച്ചുപോയി.

**ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ കഥയാണ് 'കാട്ടിലേയ്ക്ക് പോകല്ലേ കുഞ്ഞേ' എന്ന കഥ. ആ കഥയെക്കുറിച്ച് ഒന്ന് പറയാമോ..?**

കാട്ടിലേക്ക് പോകല്ലേ കുഞ്ഞേ എന്ന കഥ ഒരു നാട്ടുമ്പുറ ഗന്ധമാണെങ്കിലും യഥാർത്ഥത്തിൽ ഉള്ളതുതന്നെയാണ്. അതിലെ ഗ്രാമീണ പശ്ചാത്തലം, കാടിന്റെ സാമീപ്യം, കോഴിയും കുഞ്ഞുങ്ങളും, ഇവ എല്ലാം എന്റേതന്നെ ജീവിതത്തിന്റെ ഭാഗമാണ്. ഒരു കോഴിമുട്ടയുടെ വില രണ്ടു രൂപയല്ല, അതിനപ്പുറം അതിന് മാനങ്ങളുണ്ട്. നാടൻ കോഴികൾ പ്രതിരോധത്തിന്റെ പ്രതീകമാണ്.

**ഇപ്പോഴത്തെ സാമൂഹിക സാഹചര്യത്തിൽ അത് വളരെ പ്രസക്തമാണല്ലോ..?**

അതെ... നാടൻ കോഴികളും ബ്രോയിലർ കോഴികളും തമ്മിൽ അന്തരമുണ്ട്. നാടൻ കോഴികൾക്ക് ഒരു ചരിത്രമുണ്ട്. അടയിരിക്കുമ്പോൾ തൊട്ട് കുഞ്ഞുങ്ങൾക്കായി കരുതി വയ്ക്കുന്നവ. ഇന്നത്തെ തലമുറയ്ക്കും ഈ ചരിത്രമാണ് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്.

**പ്രവാസത്തിന്റെ കഥകളുമുണ്ടാകില്ലേ കൂട്ടിന്?**

ഉണ്ട്. എന്നാൽ ഞാൻ ഏറെയൊന്നും പ്രവാസത്തെക്കുറിച്ച് എഴുതിയിട്ടില്ല. ആറ് വർഷത്തെ പ്രവാസമേ പറയാനുള്ളൂ. ബെന്യാമിൻ പ്രവാസത്തെ ശക്തമായി അടയാളപ്പെടുത്തിയിട്ടുണ്ട്. **'ആടു ജീവിതം'** എന്ന നോവൽ ഇരുപത്തേഴ് വർഷത്തെ പ്രവാസത്തിൽ നിന്ന് ഉടലെടുത്ത നോവലാണ് അത്.

**അനുഭവങ്ങൾ എഴുത്തിനെ സ്വാധീനിച്ചിട്ടില്ലേ?**

അനുഭവങ്ങൾ ഉള്ളതുകൊണ്ടു മാത്രം ഒരാൾ എഴുത്തുകാരനാകുന്നില്ല. അനുഭവങ്ങളെ എങ്ങനെ സ്വാംശീകരിക്കുന്നു എന്നതാണ് പ്രധാനം.

**മറ്റുള്ള എഴുത്തുകാർ സ്വാധീനിച്ചിട്ടില്ലേ ..?**

ഉണ്ട്. [illegible] എന്നപോലും [illegible] ആണ്. ഞാൻ ആദ്യം വായിച്ചു തുടങ്ങിയത് ബഷീറിനെയാണ്. വളരെ ഉയർന്ന നിലയിൽ എഴുതിയ എഴുത്തുകാരനാണ് അദ്ദേഹം. ധ്വനി എന്ന സങ്കേതത്തെ വളരെ തന്ത്രപരമായി ഉപയോഗപ്പെടുത്തിയ ആളാണ്. കാലവും ദേശവുമൊക്കെ അടയാളപ്പെടുത്തിയ രചനകളാണ് ബഷീറിന്റേത്.

**വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തിയാണ് തൊഴിലിനെക്കുറിച്ചുള്ള കാഴ്ചപ്പാട് ..?**

നാട്ടിലുള്ള തൊഴിൽ സാഹചര്യമല്ല മറുനാട്ടിൽ. ഇവിടെ പണിയെടുക്കുന്ന ബംഗാളികളെ നമ്മൾ പുച്ഛത്തോടെ നോക്കിക്കാണുകയും അവഗണിക്കുകയും ചെയ്യും. അതേസമയം [illegible] ആദരിക്കുകയും ചെയ്യും. ഗൾഫിലൊക്കെ ഈ വ്യത്യാസം കുറവാണ്. അവിടെ മലയാളികൾ, അറബികൾ എന്ന തിരിവില്ല. എന്നാൽ നമ്മോട് വലിയ സൗഹൃദത്തിനും വരില്ല.

**സമൂഹമാധ്യമങ്ങളിൽ സജീവമാണോ?**

നമ്മുടെ ആശയങ്ങളുടെ തന്നെ കൂട്ടായ്മയാണല്ലോ സാമൂഹിക മാധ്യമങ്ങളും. അപ്പോൾ ഓരോ വിഷയങ്ങൾ ഉണ്ടാകുമ്പോൾ ഇടപെടാറുണ്ട്. അതെനിക്കാ വിഷയം എത്രത്തോളം അറിയാം എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല. നമ്മുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ സ്വാതന്ത്ര്യം ഉണ്ട് എന്ന






വിശ്വാസത്തിൽ നിന്നാണ്. അഭിപ്രായസ്വാതന്ത്ര്യം നമ്മുടെ നാട്ടിൽ കുറഞ്ഞു വരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

**ഇപ്പോൾ നവമാധ്യമങ്ങളിൽ ഉയർന്നു വരുന്ന ഒന്നാണ് ഹാഷ്ടാഗുകൾ ഒരു പ്രശ്നത്തെ അനുകൂലിച്ചും പ്രതികൂലിച്ചും. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം?**

എല്ലാകാര്യത്തിലും ഒരു ആശയക്കുഴപ്പം നിലനിൽക്കുന്ന കാലഘട്ടത്തിലാണ് നമ്മളൊക്കെ ജീവിക്കുന്നത്. ധൈര്യമായി ഒന്നും പറയാൻ കഴിയില്ല. ഹാഷ്ടാഗുകൾ ഒരു പ്രശ്നത്തെ ജനങ്ങളിലേയ്ക്ക് എത്തിക്കാനും ചർച്ചചെയ്യാനുമെല്ലാം സഹായിക്കും. പക്ഷെ പൊതുജനശ്രദ്ധയിലേക്ക് എത്താതെ പല കാര്യങ്ങളും ആരും അറിയാതെ പോകുന്നുമുണ്ട്.

**ഇപ്പോൾ വളരെ ചർച്ചയായിക്കൊണ്ടിരിക്കുകയാണല്ലോ പാർവ്വതി ഉന്നയിച്ച വാദങ്ങൾ..?**

പുരുഷമേധാവിത്വം സ്ത്രീകൾക്ക് മേലെയുള്ള ആക്രമണങ്ങളും ഇന്നും നിലനിൽക്കുന്നുണ്ട്. ഒരു നടി എന്ന നിലയിൽ അവർക്ക് ചിലത് പറയാനുണ്ട്. അത് അവർ പറഞ്ഞു. അവരുടെ അഭിപ്രായത്തെ ചോദ്യം ചെയ്യാനോ അവരെ മോശമായി ചിത്രീകരിക്കുവാനോ സാമൂഹിക മാധ്യമങ്ങൾക്ക് അവകാശമില്ല. പ്രതിഷേധിക്കാൻ സ്വാതന്ത്ര്യം ഉള്ളതുപോലെ ഒരാൾക്ക് തന്റെ ആശയങ്ങൾ പറയാനും സ്വാതന്ത്ര്യമുണ്ടല്ലോ. മെയിൽ ഷോവനിസം നിലനിർത്തേണ്ട ഒന്നല്ല. സമൂഹത്തിൽ നിന്ന് മാറ്റപ്പെടേണ്ട ഒന്നാണത്.

**ആധുനിക കാലഘട്ടത്തിലും ഉത്തരാധുനിക കാലഘട്ടത്തിലും എഴുത്തിൽ സജീവമാണ് എഴുത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ച് ..?**

കാലമാണ് ഏറ്റവും വലിയ സത്യം. നമ്മൾ എത്ര വിചാരിച്ചാലും അതിന്റെ മാറ്റങ്ങളെ നിയന്ത്രിക്കാനാവില്ല. മൺമറഞ്ഞുപോയ എഴുത്തുകാരുടെ സാഹചര്യമല്ല ഇപ്പോഴുള്ളത്. വിപ്ലവവും സ്വാതന്ത്ര്യസമരവും ദാരിദ്ര്യവുമൊക്കെ എല്ലാം അവരുടെ രചനകളിൽക്കൂടിയാണ് ലോകം വായിച്ചറിഞ്ഞത്. ഇപ്പോഴത്തെ എഴുത്തുകാർ അത്തരം





വിഷയങ്ങളിലേയ്ക്ക് കാര്യമായി കടന്നു ചെല്ലുന്നില്ല. ആ കാലം കടന്നുപോയി. ഇപ്പോൾ വേറെ വിഷയങ്ങളാണ് ചർച്ചചെയ്യുന്നത്.

**കേരളത്തിലെ മറ്റു ജില്ലകളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യം, അനുഭവം കണ്ണൂരിനുണ്ട്. അത് എഴുത്തിനെ സ്വാധീനിച്ചിട്ടില്ലേ?**

സാഹചര്യങ്ങളും അനുഭവങ്ങളും എഴുത്തിനെ സ്വാധീനിക്കാറുണ്ട്. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം അവിടുത്തെ രാഷ്ട്രീയത്തേക്കാളും മറ്റ് പ്രശ്നങ്ങളേക്കാളും അവിടുത്തെ മനുഷ്യരും കാര്യങ്ങളുമാണ് സ്വാധീനിച്ചിട്ടുള്ളത്. എല്ലാവർക്കും അത് ഒരുപോലെയാകണമെന്നില്ല. അനുഭവങ്ങൾ എഴുത്തിനെ കരുത്തുള്ളതാക്കും.

**ഞണ്ടുകാലം എന്ന കഥയിൽ കടന്നു വരുന്ന ഭ്രാന്തനായ മനുഷ്യൻ. വളരെ വ്യത്യസ്തമായ അനുഭവം നൽകുന്ന കഥയാണല്ലോ അത്?**

ഭ്രാന്ത് എന്ന അവസ്ഥക്ക് പല തലങ്ങളുണ്ട് എന്ന് മനസ്സിലായ ഒരു സന്ദർഭമാണ്. അദ്ദേഹത്തിന്റെ ഭ്രാന്ത് ചില സമയങ്ങളിൽ മൂർച്ഛിക്കുന്നതാണ്. ഏത് മനുഷ്യനേക്കാൾ അദ്ദേഹം നിഷ്കളങ്കമായാണ് സ്നേഹിക്കുന്നത്. പിന്നെ മനുഷ്യരെ വേട്ട ആ സമയത്ത് തന്നെയാണ് നായ്ക്കുട്ടികൾ ഉണ്ടാകുന്നത്. ഈ സമയത്ത് നായ്ക്കുട്ടികളാണ് അദ്ദേഹത്തിന്റെ ചങ്ങാതികൾ. മനുഷ്യന്റെ ചില ഉന്മാദങ്ങളെ നമ്മൾ ഭ്രാന്ത് എന്ന് വിളിക്കുന്നു. മനുഷ്യന്റെ മനസ്സിന്റെ സമസ്യകൾ നമുക്കൊരിക്കലും കഴിയാറില്ല എന്നതാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.
കഥ്, നല്ല സമാനിയ കഥകളിലൊക്കെ മാജിക്കൽ റിയലിസം കടന്നുവരുന്നുണ്ടല്ലോ. മാർക്കേസുമൊന്നും അധികം സ്വാധീനിച്ചിട്ടില്ല. ഒരു കാലത്തെ എന്റെ കഥകളിൽ മാജിക്കൽ റിയലിസത്തിന്റെ അംശം ഉണ്ടായിരുന്നു. ഇന്ത്യൻ സാഹിത്യം തന്നെയായിരുന്നു അതിന്റെ പ്രചോദനം.

**അവാർഡുകൾ ഇന്ന് ഏറെ ചർച്ചയാകുന്നുണ്ട്. അതിന്റെ അർഹത ചോദ്യം ചെയ്യപ്പെടുന്നു. എന്താണ് അതേപ്പറ്റി അങ്ങയുടെ അഭിപ്രായം?**

ശ്രേഷ്ഠരായ എഴുത്തുകാർ മലയാള സാഹിത്യത്തിൽ ഉണ്ട്. പക്ഷെ കാലാന്തരത്തോളം നിലനിൽക്കുന്നത് അവരിൽ രണ്ടോ മൂന്നോ പേരാണ്. ഗാന്ധിജിക്ക് സമാധാനത്തിനുള്ള നോബൽ കിട്ടേണ്ടതായിരുന്നു. അതുപോലെ മാധവിക്കുട്ടിക്ക് സാഹിത്യത്തിനും നോബൽ കിട്ടിയില്ല എന്നതുകൊണ്ട് അവർ ഒരിക്കലും ചെറുതാകുന്നില്ല. കാലമാണ് ഓരോരുത്തരെയും പുരസ്കാരജേതാക്കളാക്കുന്നത്.

**കുടുംബത്തെക്കുറിച്ച് കൂടി...?**

ഭാര്യ നസ്ല. നാല് കുട്ടികളാണ്. ഷഹാന് നസ്രിൻ, ഷിഹാബ്, റിയ നസ്രിയ, റിസ്‌വാൻ സഹീർ. അങ്ങനെയുള്ള കഥാകാരൻ ചോദ്യങ്ങൾക്ക് ഉത്തരം നൽകി എഴുന്നേറ്റു. അപ്പോഴും മഴ പെയ്തുകൊണ്ടേയിരുന്നു...

തയ്യാറാക്കിയത്: മാഗസിൻ കമ്മിറ്റിക്കുവേണ്ടി
**ദിയാന**



# എന്നെ തിരുത്തുക

യാത്രയുടെ അവസാനം
ഉടലുപ്പിൽ നിന്ന്
കടലുണ്ടാവുമെങ്കിൽ
വഞ്ചിയിലേക്കു ഞാൻ
നിന്റെ വിശപ്പിന്
മുള്ളുകളുരിഞ്ഞ ഭക്ഷ്യമാകാം
ആൾക്കൂട്ടം
ഒരു ചിതറിയ കണ്ണിന്റെ നാടകം
പൊട്ടുന്നു തകർച്ചകൾ
മുഖംമൂടികൾക്കു ശബ്ദം
ചത്തതത്തകളിൽ നിന്നും
കാതു തേടുന്നു
ഉള്ളു കാളുന്ന പുകയിൽ വീർപ്പുമുട്ടിയവരെ
തത്തകൾക്ക്
എരിജ്വാലകൾ നൽകൂ
അവ ഉച്ചാരണം പഠിക്കട്ടെ:
എന്നെ തെറികളുടെ പേരിൽ വിളിക്കട്ടെ
തലോടുമ്പോൾ
മുള്ളുകൾ
എന്റെ തലയിൽ തിരിച്ചു പാകുക.

**THANZIL NASEER**
III DC MALAYALAM



# *The Flying Time*


A realization in Plus two
Time passes on,
Man say its age that brings it on,
It's all fact and theory but for a child that finds plus two almos
Can hardly believe everything is now a history

All those stories of childhood are now just a memory
Being stuck in a moment of "where to go next" makes us thin
"has life gone so fast ?"

All surrounded in advice and concerns,
Really wish there was a fine machine,
Not to start life again but
To be back there where everything was done for gained.
To sit on mothers lap and feel that warmth.

But now all I have are just my memories,
To think and to wish if I could just go back.

**DENNIES PRINCE**
III B.COM








# പോത്തേട്ടൻസ് ബ്രില്യൻസ്

സിനിമയുടെ മായാലോകത്ത് നിന്നിറങ്ങി സ്വാഭാവികതയിലൂന്നി കഥ പറയുന്ന രീതി പല സമീപകാല സിനിമകളിലും കാണാൻ സാധിക്കും. അന്നയും റസൂലും മുതൽ ജനപ്രീതി കൈവരിച്ചു വരുന്ന റിയലിസ്റ്റിക് സിനിമകൾ എന്നും ഓർമ്മയിൽ നിൽക്കുന്നവയാണ്. ഇത്തരം റിയലിസ്റ്റിക് സിനിമകൾ മലയാള പ്രേക്ഷകരിൽ അതിമനോഹരമായി എത്തിച്ച സംവിധായകനാണ് ദിലീഷ് പോത്തൻ. നിരവധി ചിത്രങ്ങളിൽ സഹസംവിധായകനായി പ്രവർത്തിച്ചിട്ടുള്ള ദിലീഷ് പോത്തനെ നടൻ എന്ന നിലയിലാണ് പ്രേക്ഷകർക്കു പരിചയമുള്ളത്. എന്നാൽ താൻ മലയാള സിനിമയ്ക്കു മുതൽക്കൂട്ടാകുമെന്ന് ദിലീഷ് തന്റെ ആദ്യ ചിത്രത്തിലൂടെ തെളിയിച്ചു.

മലനാടിന്റെ ഉള്ളിലുള്ള ഒരു മനോഹരചിത്രം ആയിരുന്നു **മഹേഷിന്റെ പ്രതികാരം** സിനിമയുടെ പേരിലുള്ള വ്യത്യസ്തത തന്നെ സിനിമയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. '**മലമേലെ തിരിവെച്ച്.. ഇടുക്കി**' എന്ന ഗാനം പുറത്തു വന്നതോടുകൂടി മലനാടിന്റെ സ്വാഭാവികതയും ശുദ്ധിയുമെല്ലാം പ്രേക്ഷകർക്കു ലഭിച്ചു. ചിത്രത്തിന്റെ സ്വാഭാവികതയ്ക്ക് ഏറ്റവും നല്ല ഉദാഹരണം സിനിമയിലെ കഥാപാത്രങ്ങൾതന്നെയാണ് പ്രധാന കഥാപാത്രങ്ങളൊഴിച്ചാൽ ബാക്കി ഒരുമാതിരി എല്ലാവരും പുതുമുഖങ്ങളും അതിനേക്കാൾ ഉപരി ഇടുക്കിയിൽ താമസിക്കുന്നവരുമായിരുന്നു. ഇടുക്കിയിലെ ജീവിതം അതിന്റെ എല്ലാ നന്മകളോടും കൂടി ചിരിയുടെ മേമ്പൊടി ചാലിച്ച് ഒരുക്കിയ തിരക്കഥ തന്നെയാണ് ചിത്രത്തിന്റെ നട്ടെല്ല്. പരിചിത താളത്തിലാണ് ചിത്രത്തിന്റെ തുടക്കം. സന്ദർഭിക നർമ്മങ്ങളിലൂടെ ചിരി പടർത്തിയാണ് ആദ്യപകുതി പിന്നിടുന്നത്. മലനാടിന്റെ സവിശേഷതകളും സൗന്ദര്യവും സുന്ദരമായ കാഴ്ചകളും ശ്യാം തന്റെ തിരക്കഥയിലെത്തിച്ചു.

ഇടുക്കിയുടെ പശ്ചാത്തലത്തിൽ മഹേഷ് എന്ന ഫോട്ടോഗ്രാഫറുടെ കഥയാണ് ദിലീഷ് പോത്തൻ തന്റെ ആദ്യസിനിമയിലൂടെ പറയുന്നത്. ഫഹദ് ഫാസിലാണ് ടൈറ്റിൽ റോളായ മഹേഷിനെ അവതരിപ്പിച്ചത്. മഹേഷിന്റെ അച്ഛനെ കാണാതാവുന്ന രംഗത്തിൽനിന്നാണ് സിനിമ അതിന്റെ കഥ പറഞ്ഞു തുടങ്ങുന്നത്. ഈ രംഗം മുതൽ അവസാനം വരെ നർമ്മത്തിന്റെ മേമ്പൊടി ചേർത്ത് ഒരു സാധാരണക്കാരന്റെ യഥാർത്ഥ ജീവിതം നമ്മിലേക്ക് എത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചു. മഹേഷും സഹപാഠിയായ സൗമ്യയും തമ്മിലുള്ള പ്രണയവും പിന്നീട് അപ്രതീക്ഷിതമായി പിരിയേണ്ടിവരുന്നതിന്റെ വേദനയും "**നൈസായിട്ടങ്ങ് ഒഴിവാക്കി അല്ലേ**" എന്ന നാടൻ സംഭാഷണങ്ങളും പോത്തേട്ടന്റെ ബ്രില്യൻസ് തന്നെ. അപ്രതീക്ഷിതമായി ഉണ്ടാകുന്ന അടിപിടിയാണ് ചിത്രത്തിന്റെ ആദ്യപകുതി നിർത്തുന്നത്. പ്രതികാരം ചെയ്യും എന്ന് പറഞ്ഞ മഹേഷിന്റെ ജീവിതത്തിൽ തുടർന്നുണ്ടാകുന്ന സംഭവങ്ങളാണ് ചിത്രത്തിന്റെ രണ്ടാം പകുതി. അനായാസം കഥാപാത്രങ്ങളെ ഉൾക്കൊള്ളാൻ കഴിവുള്ള ഫഹദ് ഫാസിൽ എന്ന നടൻ മഹേഷ്



എന്ന കഥാപാത്രത്തെ സൗബിൻ ഷാഹിറിൽ പൂർണമായാണ് എന്നിട്ടും സൗമ്യ എന്ന കഥാപാത്രത്തെ അനുശ്രീ പൂർണമാക്കി ഇടുക്കിയും പരിസരവും പൂർണമാക്കുകയാണെന്ന് ഓരോ ദൃശ്യങ്ങളെയും അപ്പാടെ തന്റെ കഥാപാത്രങ്ങൾ ഭംഗിയാക്കി. ചിത്രത്തിലെങ്ങും സൗന്ദര്യം തുളുമ്പികളും ചിത്രത്തിലെ ഓരോ രംഗങ്ങൾ പെറ്റിച്ച് ഇടുക്കിയെ വരച്ചു പശ്ചാത്തലങ്ങളായി വന്ന ഒരു കഥാപാത്രങ്ങളും അവരുടേതായ സ്വാഭാവിക പ്രകടനം കാഴ്ചവച്ചു.

ഷൈജുവിന്റെ ദൃശ്യങ്ങളെ വാക്കുകളാൽ വർണ്ണിക്കാൻ സാധ്യമല്ല. ലെൻസിന്റെ എല്ലാ മനോഹാരിതയും ആകർഷകമായ രീതിയിൽ പ്രേക്ഷകരിലെത്തിക്കാൻ ഷൈജുവിനു സാധിച്ചു. ബിജിബാലിന്റെ സംഗീതവും റഫീഖ് അഹമ്മദിന്റെ വരികളും ചിത്രത്തിനും മലയാള സംഗീതലോകത്തിനും എന്നും ഒരു മുതൽക്കൂട്ടാണ്. പ്രേക്ഷകരുടെ ചുണ്ടിൽ ചിരി നിറയ്ക്കാനും കണ്ണുകളിൽ നനവു പടർത്താനും മഹേഷിന്റെ പ്രതികാരത്തിനു സാധിക്കുന്നുണ്ട് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ദേശീയ അന്തർദേശീയ തലത്തിൽ ചിത്രം വാരിക്കൂട്ടിയ പുരസ്കാരങ്ങൾ.

ഒരു വർഷത്തിന്റെ കാത്തിരിപ്പിനൊടുവിൽ വീണ്ടും എത്തി പോത്തേട്ടൻസ് ബ്രില്യൻസ് "**തൊണ്ടിമുതലും ദൃക്സാക്ഷിയും**". ഇത്തവണയും ഫഹദ് എന്ന നടനെ ഉപയോഗിക്കാൻ ദിലീഷ് തയ്യാറായി. നല്ല സിനിമയ്ക്കായി ആഗ്രഹിക്കുന്നവരെയും കുടുംബപ്രേക്ഷകരെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്ന ചിത്രമായിരുന്നു ഇത്. പേരു സൂചിപ്പിക്കുന്നതുപോലെതന്നെ തൊണ്ടിമുതലിനെയും ദൃക്സാക്ഷിയെയും ചുറ്റിപ്പറ്റിയാണ് ചിത്രം മുന്നേറുന്നത്. ഫഹദ് ഫാസിലും സുരാജ് വെഞ്ഞാറമ്മൂടും തകർത്തഭിനയിച്ച ചിത്രത്തിന്റെ തുടക്കം പ്രസാദ് എന്ന സുരാജ് കഥാപാത്രവും പുതുമുഖതാരം നിമിഷ അവതരിപ്പിച്ച ശ്രീജ എന്ന കഥാപാത്രവും തമ്മിലുള്ള പ്രണയവും തുടർന്നുണ്ടാകുന്ന ഒളിച്ചോട്ടവുമൊക്കെ സിനിമയുടെ തുടക്കത്തെ ഭംഗിയാക്കുന്നുണ്ട്. ചേർത്തലയും കാസർകോടുമായി ചിത്രീകരിച്ച ഈ ചിത്രം ഇരു നാടിന്റെ ഭംഗിയും വളരെ വ്യക്തമായി കാട്ടിത്തരുന്നു. ഒരു ബസ് യാത്രയിൽ ശ്രീജയുടെ മാല മോഷ്ടിക്കുന്ന കള്ളനായി എത്തുന്ന ഫഹദും പിന്നീട് ആ കുറ്റം തെളിയിക്കാൻ എന്തു വഴിയും സ്വീകരിക്കുന്ന പോലീസ് രീതികളുമാണ് തുടർന്നു കാണാൻ സാധിക്കുന്നത്. എത്ര നിസ്സാരമായ കേസ് തെളിയിക്കാനും എന്ത് പോലീസുദ്യോഗസ്ഥൻ വിചാരിക്കുന്നതിനു പിന്നിൽ അവരുടെ നിസ്സഹായതയും ഉണ്ടെന്നു പറയാൻ ചിത്രം ശ്രമിക്കുന്നുണ്ട്.



താരപ്രകടനത്തിൽ ആരാണ് മേലെ എന്നു പറയാൻ സാധ്യമല്ല. ചില സമയങ്ങളിൽ ഫഹദ് യഥാർത്ഥത്തിൽ കള്ളൻതന്നെയാണെന്നു തോന്നിപ്പോകുന്നു. ഹാസ്യനടൻ എന്ന നിലയിൽനിന്നു മാറി അഭിനയത്തിന്റെ എല്ലാ സ്വാഭാവികതയും നൽകിയ പ്രകടനമായിരുന്നു സുരാജിന്റേത്. പോലീസുകാരുടെ വേഷങ്ങളിലെത്തിയ ഒറിജിനൽ പോലീസുകാരുടെ കാക്കിക്കുള്ളിലെ കലാഹൃദയങ്ങളെ കണ്ടെത്താൻ ദിലീഷിനു സാധിച്ചു. സംവിധായകൻ രാജീവ് രവിയാണ് ചിത്രത്തിനുവേണ്ടി ക്യാമറ ചലിപ്പിച്ചിരിക്കുന്നത്. കഥയുടെ ഒഴുക്കിനനുസരിച്ച് റിയലിസ്റ്റിക്കായി ചിത്രങ്ങൾ പകർത്താൻ അദ്ദേഹത്തിനായിട്ടുണ്ട്. കഥ, തിരക്കഥ, സംഭാഷണം എന്നിവ കൈകാര്യം ചെയ്ത സജീവ് പാഴൂരും ചിത്രസംയോജനം കിരൺദാസും സംഗീതം പശ്ചാത്തലസംഗീതം ബിജിബാലും ഗംഭീരമാക്കി. തങ്ങളുടെ മുന്നിൽ വരുന്ന കേസുകൾ എന്തു രീതിയിൽ നീക്കണമെന്നും അതിലൂടെ സ്വയം എങ്ങനെ തടി രക്ഷപ്പെടുത്താമെന്നും ചിന്തിക്കുന്ന പോലീസുകാരെ ചിത്രം കണക്കു കളിയാക്കുന്നുണ്ട്.

അത്തരം പെറ്റിക്കേസിൽ ഇരകളാകുന്നത് പലപ്പോഴും സാധാരണക്കാർ തന്നെയാണ് എന്ന സന്ദേശമാണ് ചിത്രം പങ്കുവയ്ക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഒരു സത്യസന്ധമായ ചിത്രം - അതാണ് **തൊണ്ടിമുതലും ദൃക്സാക്ഷിയും**.

സംസ്ഥാന ദേശീയ തലത്തിൽ തുടർച്ചയായി മികച്ച സംവിധായകനുള്ള പുരസ്കാരം കൈവരിച്ച ദിലീഷ് പോത്തൻ മലയാള സിനിമയുടെ മാറ്റത്തിന്റെ പ്രതീകവും ഒപ്പം സിനിമാലോകത്തിന് മുതൽക്കൂട്ടുമാണ്. ഈ രണ്ടു ചിത്രങ്ങൾ കണ്ടതിനുശേഷം മലയാളികൾ പറഞ്ഞത് ഇതാണ് "**പോത്തേട്ടൻസ് ബ്രില്യൻസ്**".

**HARISHANKAR J.**
II DC B.COM



# If i had seen it with your eyes too

"Don't bark like a dog"
is what I hear quite often
In the end do I realize
how stupid I was to argue
and the thought just rewinds
"If I had seen it with your eyes too"
never would I have barked.

"Stick to your ground", "Why apologize?"
do I hear voices in my head?
but will it be too hard to forgive
if I had seen it with your eyes too?

A simple misunderstanding
that's where it all starts from
still resisting to solve
I could find it turning into a maze
I'm so stuck and the conscience pricks
"If I had seen it with those eyes too"

As distance builds
silence becomes my companion
till one day I realize
how far we've travelled alone
and the thought just rewinds again
"If I had seen it with your eyes too"
never would I have been alone.

**SEREENA ROSE JOYCE**
II DC ECONOMICS


ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വൻ ശേഖരങ്ങളുമായി
കുറവിലങ്ങാട് ഒരു പുതിയ സ്ഥാപനം
e Planet
CCTV CAMERA, COMPUTER ACCESSORIES , BULB, MOBILE ACCESSORIES
MACHINERY ITEMS, TOOLS, TOYS, HOME THEATER
Puthenpurackal Building, Near Pattani Jn.
M.C. Road, Kuravilangad
Ph: 99951 07426

# അരുണം



# Pages Contents


കോളിങ് ബെൽ ........ 65

Black - A Glance ........ 66

ഫ്ലക്സ് ജീവരാശിയുടെ അന്തകൻ ........ 67

The Islands at the End of the World ........ 74

പ്രത്യാശ ........ 75

കാറ്റു വിശുന്നിടത്തെ വേലികൾ ........ 76

പ്രധാനപ്പെട്ട ചിലത് ........ 83

മഞ്ചാടിക്കുരുക്കൾ ........ 84



# കോളിങ്ങ് ബെൽ

രാവിലെ നിർത്താതെ ചിലയ്ക്കുന്ന മൊബൈൽ ഫോണിന്റെ ശബ്ദം കേട്ടാണ് ഉണർന്നത്. പതിവു പരിപാടിയായ പള്ളിപ്പോക്കു കഴിഞ്ഞ് ഭാര്യയും മക്കളും തിരിച്ചുവരുന്ന സമയം ആകുന്നതേയുള്ളു. വീണ്ടും കിടന്നു. എന്തൊക്കെയോ ആലോചിച്ചുകൊണ്ട് മയക്കത്തിലേക്കു വീണുപോയി. കോളിങ് ബെൽ കേട്ട് ചാടിയെണീറ്റ് ഉമ്മറത്തെത്തിയപ്പോൾ കണ്ടത് മൂന്ന് അപരിചിത മുഖങ്ങൾ. ഫോൺ വിളിച്ചിരുന്നു. കൂടെയൊന്നു വരണം. അത്യാവശ്യമാണ്. അവർ കുറഞ്ഞ വാക്കുകളിൽ കാര്യം പറഞ്ഞു. രണ്ടു മിനിറ്റ് അവരോടു സാവകാശം ചോദിച്ച് അകത്തു ചെന്നുരൂപത്തിൽ മാറ്റങ്ങൾ വരുത്തി. കാരണം എഴുന്നേറ്റതേയുള്ളു. വീടു പൂട്ടി അപരിചിത മുഖങ്ങൾക്കൊപ്പം യാത്രയാരംഭിച്ചു. വളരെ വൈകിയാണ് മൂന്നു പരിചിതമുഖങ്ങളെ കാണുവാനുള്ള യാത്രയാണെന്നു മനസ്സിലായത്. യാത്രയിൽ ഉടനീളം അവർ ഒന്നും മിണ്ടിയില്ല. വഴിയിൽ നല്ല മൂടൽമഞ്ഞുണ്ട്. വീണ്ടും ചെന്നു കയറിയത് ഒരു ആശുപത്രിയിലേക്കാണെന്ന് കനത്ത മൂടൽമഞ്ഞിന്റെ അവ്യക്തമായ ബോർഡു കണ്ടപ്പോൾ മനസ്സിലായി.

കുറച്ചു പോലീസുകാരും കുറച്ചു നാട്ടുകാരും ആശുപത്രി പരിസരത്ത് കൂടി നിൽക്കുന്നു. എന്നെ ഒരു മുറിയിൽ കയറ്റിയിരുത്തി. സമയം കളയാതെ ഒരു പോലീസുകാരൻ എന്റെ മുമ്പിലെ കസേരയിൽ സ്ഥാനം പിടിച്ചു. ഞങ്ങൾക്കിടയിലെ നിശ്ശബ്ദത കീറിമുറിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു.

"സ്റ്റെല്ല മരിയ സേവ്യർ"

"ഭാര്യയാണ്."

"ആഞ്ചലീന സേവ്യറും ആൽവിന സേവ്യറും"

"മക്കളാണ്"

KL 35 L 4336 സ്കൂട്ടർ

എന്റെ വണ്ടിയാണ്.

പിന്നെയെല്ലാം പെട്ടെന്നായിരുന്നു. കാര്യങ്ങൾ വെള്ളംപോലുമില്ലാതെ ഹൃദയത്തിലേക്കൊരു വാൾ കുത്തിയിറക്കുംപോലെ അദ്ദേഹം പറഞ്ഞു.

രാവിലെ രണ്ടാം വളവിലുണ്ടായ അപകടത്തിൽ മരിച്ചു. പിന്നെ എന്താണു സംഭവിച്ചതെന്ന് ഓർമ്മയില്ല.

2009 ഒക്ടോബർ 24-നെ കുറിച്ച്, കൃത്യമായി പറഞ്ഞാൽ പത്താം വിവാഹ വാർഷികദിനത്തെക്കുറിച്ച് ഇത്രമാത്രമേ ഓർമ്മയുള്ളു.

ഇന്ന് വീണ്ടുമൊരു ഒക്ടോബർ 24. കോളിങ് ബെല്ലിന്റെ ശബ്ദം കേട്ട് എണീറ്റു ഉമ്മറത്തെത്തിയപ്പോൾ കണ്ടത് പാൽക്കാരനെ. അവനൊരു ബില്ലും കയ്യിലേൽപ്പിച്ച് തിരിഞ്ഞു നടന്നപ്പോൾ ഓർമ്മ വന്നത് വർഷങ്ങൾക്കു മുമ്പിലെ നടത്തങ്ങൾ.. ഇന്ന് പതിവിലും തണുപ്പുള്ളതായി തോന്നി. ഇട്ടിരിക്കുന്ന സ്വെറ്ററും തുളച്ച് തണുപ്പകത്തെത്തിയിരിക്കുന്നു. ഒരു ഗ്ലാസ്സ് ചായയുണ്ടാക്കി കുടിക്കണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ ആരുമില്ലാത്തവന് തുണയായിക്കൂടിയ വിരസത പിന്നോട്ടു വലിക്കുന്നു. വർഷങ്ങളായുള്ള വിരസത.. വർഷങ്ങൾക്കുമുമ്പ് 8 മണി മുതൽ കേൾക്കുന്ന കോലാഹലങ്ങളൊന്നും ഇന്നില്ല. വിഭവസമൃദ്ധമായ വിരുന്നൊരുങ്ങിയിരുന്ന ഊണുമേശയും അനാഥം, കുരുന്നു കളിചിരികളാൽ പ്രകമ്പനം കൊണ്ടിരുന്ന ഭിത്തിയും നിശ്ശബ്ദം.. ഈ നിശ്ശബ്ദതയിൽ ഞാനും അലിഞ്ഞുചേരുന്നു.. കാത്തിരിക്കുന്നു നിത്യനിശ്ശബ്ദതയുടെ.. കാലടികൾക്കുവേണ്ടി..

**AJIN GEORGE**
II DC ECONOMICS



# Black - A Glance

I coax you to ponder on sense on 'black'
Which thereby astonish with numerous inferences
We often define it as absence of colours
It also implies succintion of horrors of apartheid.

In sorrows, the word bags mourning
Bad news awaken black morning
Mystery and malice hugs colour-black
Enigma too shows its representation.

Dark nights bear groping black
Revengeful minds at loggerheads too
Corrupted hands and protests pour black
Veiling light in the life of culprits too.

Black chapters in life are very common
Undesirable things eat up joy often
Backwardness rises up as 'Dalit uprising'.

Blind hugs life of black
It glorifies the antonym 'white'
Poets hail seasamum coloured skin
Lined collyrium and black hair enhance beauty.

Blackboards brighten lives of students
Rain leaves only from black clouds
Thirty-two black columns are needy for a chessboard.

**RANJITH M. CHERIYAN**
III DC ENGLISH

# ഫ്ളക്സ്

## ജീവരാശിയുടെ അന്തകൻ




ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ആവേശമുയർത്തിയ ആരാധകർ സ്ഥാപിച്ച എണ്ണമറ്റ പരസ്യബോർഡുകൾ കണ്ട മയക്കത്തിൽ നിന്നാണ് ഇതെഴുതുന്നത്. കേരളത്തിന്റെ വടക്കൻ മലയോരങ്ങളാണ് ഈ ബോർഡുകളുടെ പ്രഭവ കേന്ദ്രമായി മാറിയത്. കളിയിൽ പങ്കെടുക്കുന്ന ഏതെങ്കിലും ഒരു പക്ഷത്തിന്റെ ഭാഗമായി ഞങ്ങൾ ... ഫ്ലക്സ് ബോർഡുകൾ ഗ്രാമ നഗര വ്യത്യാസമില്ലാതെ പാതയോരങ്ങളെ അലങ്കരിച്ചത്. കളിക്കാരുടെ പേര് എന്താണെന്ന് അറിയാത്തവർ പോലും ഈ ഫ്ലക്സ് മാമാങ്കത്തിനു പിന്നിൽ ആവേശഭരിതരായി നിലകൊണ്ടു. മാത്രമല്ല നിയന്ത്രണമില്ലാതെ പടച്ചുവിടുന്ന ഈ പരസ്യപ്ലാസ്റ്റിക് സംവിധാനത്തെ ഉപയോഗശേഷം എന്താണിവർ ചെയ്യുന്നത്. ഉപേക്ഷിക്കപ്പെടുന്ന ഈ ബോർഡുകൾ ചുറ്റുപാടുകളുമായി എങ്ങനെ പ്രതിപ്രവർത്തിക്കുന്നു?

ഇതൊക്കെ എന്തുകൊണ്ടാണ് ആരും ചർച്ചാവിഷയമാക്കാത്തത്. ശബ്ദമലിനീകരണം, വായു മലിനീകരണം, ജലമലിനീകരണം തുടങ്ങിയ മലിനീകരണങ്ങൾ ഇവിടെ ചർച്ചചെയ്യപ്പെടുന്നു. എന്നാൽ എന്നാൽ ഇവിടെയൊന്നും ഇത്തരം ദൃശ്യമലിനീകരണം ശ്രദ്ധയിൽപ്പെടാതെ പോകുന്നു. നഗരങ്ങൾ കേന്ദ്രീകരിച്ച് കൂറ്റൻ പരസ്യബോർഡുകളിൽ നിന്നാരംഭിച്ച ഈ ദുരവസ്ഥകൾ ഇപ്പോൾ ഗ്രാമങ്ങളിലെ മരണ വൃത്താന്തങ്ങളിലേക്ക് വരെ പടർന്നിറങ്ങിയിരിക്കുകയാണ്. പരേതനായ ആളിന്റെ ഒരു ചിത്രം നാട്ടുകാർക്കായി ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഓരോ മുക്കിലും മൂലയിലും ഉയർത്തപ്പെട്ടിരിക്കുന്നു. അവർ മരിച്ചാൽ അയാൾ പിന്നീട് ജീവിക്കേണ്ടത് മറ്റുള്ളവരുടെ ഹൃദയത്തിലാണ്. ഇനി ഈ വൃത്താന്തം അറിയിക്കേണ്ടവരെ അറിയിക്കാനാണെങ്കിൽ ഇന്നെത്രയോ ആധുനിക ഉപാധികൾ വേറെയുണ്ട്. ഇതൊന്നുമല്ല ഈ പരസ്യപ്പെടുത്തലിന്റെ പിന്നിൽ. ആരോ എവിടെയോ തുടങ്ങിവച്ച ഒരു ഫാഷൻ. അതൊരു വൈറസ് പോലെ പടർന്നുപിടിച്ചിരിക്കുന്നു. അതുതന്നെ! ഇത് മരണ അറിയിപ്പിൽ മാത്രമായി ചുരുങ്ങുന്നില്ല. റിയാലിറ്റിഷോയിൽ ഒന്നാമതായി എത്തിയവർ, പഠനമികവു പുലർത്തി ഒന്നാം സ്ഥാനം നേടിയവർ തുടങ്ങി ഗജരാജപട്ടം കിട്ടിയ കരിവീരന്മാർ വരെ അഭിമാനം ഏറ്റുവാങ്ങി പരസ്യബോർഡുകളിൽ ചിരിച്ചുനിൽക്കുന്നു.

ഇവിടെയും തീരുന്നില്ല ഈ ആഘോഷം. രാഷ്ട്ര സേവനത്തിനായി ഇറങ്ങിത്തിരിച്ച ജനപ്രതിനിധികൾ ജനത്തിന്റെ നികുതിപണത്തിൽ നിന്നും ചെലവഴിച്ച് എന്തെങ്കിലും വികസനപ്രവർത്തനം നടത്തിയാൽ അതിനും പരസ്യബോർഡുകൾ ഉയരുകയായി. ആശുപത്രികൾ, സ്കൂളുകൾ, റോഡുകൾ ഈ ജനനായകർ ഇവിടങ്ങളിൽ നിന്ന് സ്വരൂപിച്ച ഫണ്ട് പ്രയോജനപ്പെടുത്തിയതിനാണ് ഈ അഭിമാനം എന്നോർക്കണം. നഗരത്തിൽ തന്നെ നൂറോളം പരസ്യബോർഡുകളാണ് ദിനംപ്രതി പ്രത്യക്ഷപ്പെടുന്നതെന്ന് കണക്കുകൾ

[illegible]

[illegible]

പരസ്യങ്ങൾ [illegible]
[illegible] ഫ്ലെക്സ് പ്രചാരം [illegible] ഉപയോഗിച്ച് [illegible] ഒരു പരസ്യങ്ങളിലും പരസ്യങ്ങൾ ചിത്രീകരിച്ചിരുന്ന കാലത്തുനിന്നും കമ്പ്യൂട്ടർ പ്രിന്റിംഗ് ഉപയോഗിച്ച് [illegible] ശാസ്ത്രത്തിന്റെ കണ്ടെത്തലു [illegible] ഈ പരസ്യ പരിസ്ഥിതിനാശം.





പോളിവിനൈൽ ക്ലോറൈഡ് എന്ന രാസവസ്തു ഉപയോഗിച്ച് നിർമ്മിക്കുന്ന ഈ പരസ്യബോർഡുകൾ സംസ്കരിക്കാനോ പുനർനിർമ്മിക്കുവാനോ കഴിയാത്തവയാണ്. [illegible] തിൽ നിർമ്മിച്ചുവിടുന്ന ഈ ബോർഡുകളെ ഉപയോഗശേഷം എങ്ങനെ കൈകാര്യം ചെയ്യും എന്നത് വലിയൊരു പ്രശ്നമായി തീർന്നിരിക്കുകയാണ്. [illegible] ഈവസ്തു കത്തിച്ചുകളയുന്നത് കൂടുതൽ അപകടമാണ്. കത്തുമ്പോൾ ഇതിൽ നിന്നും പുറത്തുവരുന്ന വിഷവാതകങ്ങൾ ക്യാൻസറിനും വന്ധ്യതയ്ക്കും വരെ കാരണമാകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കപ്പെട്ടു കഴിഞ്ഞു.

പരിസ്ഥിതിക്കും ജീവരാശിക്കും അത്യന്തം ദോഷകരമായി ബാധിക്കുന്ന ഈ പരസ്യബോർഡുകളെയും ബാനറുകളെയും നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനോടും അതിന്റെ പ്രതിനിധികളായ സാമൂഹ്യ പ്രവർത്തനങ്ങൾക്കുമുണ്ട്.

**ASWATHY .S**
I PG MALAYALAM





# ALPHONSA FLOWER'S

VAIKOM ROAD, KURAVILANGAD
PH: 9446939146, 9388232811












# NCC

















# NSS






നമുക്ക് മരുന്നുകൾ മതി..
മയക്കുമരുന്നുകൾ വേണ്ട.....
Mission Against Substance Abuse





a new view of vision
വിദഗ്ദ്ധ നേത്ര ഡോക്ടറുടെ സേവനം
ചൊവ്വ, വ്യാഴം, ശനി
3.00 pm - 5.30 pm
ഡ്രൈവിംഗ് ലൈസൻസിനാവശ്യമായ
കാഴ്ച പരിശോധന നടത്തി സർട്ടിഫിക്കറ്റുകൾ നല്കപ്പെടും
കണ്ണുകൾക്ക് സംരക്ഷണം
കാലത്തിനൊപ്പം
IDEAS FOR EYES
ROSE ®
EYE CLINIC & OPTICALS
പ്രൈവറ്റ് ബസ് സ്റ്റാന്റിന് എതിർവശം
കുറവിലങ്ങാട്
Ph: 04822 232625, 7511194726
PALA
Kattakayam Tower Lalam Jn.
Ph: 04822 216956, 7511195726
ETTUMANOOR
Plackithotil Bldg. Temple Road,
Ph: 0481 2539890, 9946777926
KOTTAYAM
Manorama Jn. K.K. Road
Ph: 0481 2564926, 2583926
KURAVILANGAD
Opp. Pvt. Bus stand
Ph: 04822 232625, 7511194726
ETTUMANOOR
Valliyath Bldg. M. C. Road
Ph: 0481 2537726, 7511193726
ERNAKULAM
Vision Care, Vyttila Jn.
Ph: 0484 2389244
www.roseopticalgroup.com
Authorised outlet for the International brands: Frames, Progressive Lenses, Sun Glasses and Contact Lenses
Customer Care: 9447784726, 9447006956 Mail: roseoptolab@gmail.com
Working Hours: Monday to Saturday, 9.30 a.m. to 7.30 p.m.


FEDERAL BANK
YOUR PERFECT BANKING PARTNER
WHY SETTLE FOR LESS?


STARLINE
Digital Studio
PHOTOGRAPHY & VIDEOGRAPHY
Pallikavala, Kuravilangad, Kottayam
VIDEO EDITING
ALBUM DESIGNING
Creative
Graphics
:9447324096
04822 233575,231575
04829 264979
:starlinesanthosh@gmail.com
FLEX PRINTING
LASER PRINTIING



# THE ISLANDS AT THE END OF THE WORLD

A tortoise as big a bath tub! Giant lizards that look like dragons!

These are only a few of the special things that make the Galapagos Islands different from any other place on earth. The Islands lie in the Pacific Ocean, far away from any other land people have called them "the World's End".

The Galapagos Islands were formed from volcanoes that erupted in the seas. The bare and rocky Islands look as if no creature could ever live there... But thousands of animals do, including many found nowhere else in the world. In fact the Islands got their name from the giant tortoises that live there. The word "Galapagos" means tortoise in Spanish.

The Galapagos Islands were especially important to the famous British Scientist Charles Darwin. When Darwin visited the Islands, he discovered many creatures that did not live anywhere else in the world. He saw long small, amazing marine iguanas-lizards that had actually learned to swin. He also found out certain birds called 'finches' that had much difference in their beaks.

Darwin decided that all plants and animals evolve or change little by little as the world around them changes. One plant or animal group will usually be more successful than the other. Darwin called the process 'natural selection'. And he called the overall change through time 'The Theory of Evolution'.

Do you think people are evolving? What do you think we might look like in a million years? Just think of it...

**RANJITH M. CHERIYAN**
III DC ENGLISH



# പ്രത്യാശ

ഇരുട്ടിൽ ദിശയറിയാതെ നിന്ന നേരം !
ഒരു തിരിനാളമായി നീ വന്നെത്തി.
ഇരുമിഴികളിലും ഇരുൾ പടർന്ന നേരം !
ഉൾക്കനവിൽ നിറഞ്ഞു നിൻ മുഖം !
അറിയാതെ നിന്നെ ഞാൻ പ്രണയിച്ചു.
പറയാതെ പ്രണയം നഷ്ടമായി..
വീണ്ടും ഇരുൾ പടർന്നപ്പോൾ !
നീ വരും എന്നു ഞാൻ പ്രത്യാശിച്ചു.

**AADHYA BABU**
II DC ENGLISH



# കാറ്റു വീശുന്നിടത്തെ വേലികൾ

## ശ്യാമ

ജൂബിൻ മാത്യു, അമൽ സുരേന്ദ്രൻ

സമൂഹത്തിന്റെ വ്യവസ്ഥാപിതമായ മേൽവിലാസങ്ങളിൽനിന്നു പുറന്തള്ളപ്പെടുന്ന ഒരു വിഭാഗം മനുഷ്യശരീരങ്ങൾ തങ്ങളുടെ സ്വത്വബോധത്തിലൂന്നിയ ഉറച്ച നിലപാടുകളോടെ നമുക്കിടയിൽ ജീവിച്ചിരിക്കുന്നു. ഒഴുക്കുജീവിതത്തിന്റെ ചട്ടക്കൂടുകളിൽനിന്ന് പലപ്പോഴും ഇവർ അകറ്റിനിർത്തപ്പെടുന്നു. പുതിയ ലോകം ഇവരെ ഇന്ന് ട്രാൻസ്ജെൻഡേഴ്സ് എന്നു പേരിട്ടു വിളിക്കുന്നു. ആ ജീവിതങ്ങളുടെ അല്ലെങ്കിൽ അതിജീവനങ്ങളുടെ പ്രതിനിധിയാണ് കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ ടീച്ചറായ ശ്യാമ. ഇവർ ഒരു രാഷ്ട്രീയമാകുന്നതിന്റെ സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഈ സംഭാഷണം.

**സമകാലികമായി ട്രാൻസ്ജെൻഡേഴ്സിനെതിരെ ഉണ്ടാകുന്ന അക്രമപ്രവർത്തനങ്ങളും അതിനോടുള്ള പ്രതിഷേധങ്ങളും നമ്മൾ കണ്ടതാണ്. മുൻപുണ്ടായിരുന്നതിനേക്കാൾ പ്രതികൂലമാണ് ഇന്നത്തെ സാഹചര്യങ്ങൾ എന്നു പറയാൻ കഴിയുമോ?**

പണ്ടത്തെ അവസ്ഥതന്നെയാണ് ഇപ്പോഴും പിന്തുടരുന്നത് എന്നതാണ് സത്യം. പക്ഷേ ഇന്ന് അത് അഡ്രസ്സ് ചെയ്യപ്പെടുന്നുണ്ട്. കാരണം പണ്ട് ഈ പ്രശ്നങ്ങൾ വിസിബിൾ അല്ലായിരുന്നു. അതായത് ട്രാൻസ്ജെൻഡേഴ്സിന് സ്വന്തം വസ്ത്രധാരണം എന്താണെന്നു തിരിച്ചറിഞ്ഞ് പുറത്തിറങ്ങാനുള്ള അവസരമില്ലായിരുന്നു. അവസരനിഷേധമായിരുന്നു ഉണ്ടായിരുന്നത്. 2014-ലെ സുപ്രീം കോടതിയുടെ വിധിക്കുശേഷമാണ് നമുക്ക് അവസരം കിട്ടിയത് വസ്ത്രധാരണമുൾപ്പെടെ സ്വന്തം ഐഡന്റിറ്റിയോടുകൂടിത്തന്നെ പുറത്തേക്കിറങ്ങാമെന്നൊരു സ്ഥിതിയുണ്ടായത്. ആ ഒരു ഐഡന്റിറ്റിയോടുകൂടി പുറത്തേക്കിറങ്ങുമ്പോഴാണ് ഈ പ്രശ്നങ്ങൾ ഉണ്ടാവുന്നത്. ചർച്ചയ്ക്കു വിഷയമാകുന്നത്. ഇതിനു മുമ്പും ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായിരുന്നു. അന്ന് സ്ത്രീ-പുരുഷൻ എന്നീ ലേബലുകളിലേക്കു മാറ്റി നിർത്തിയാണ് ആ വിഷയങ്ങളെ സമൂഹം കൈകാര്യം ചെയ്തത്. ഇന്ന്

ണ്ടാമത് ഒരു വിഭാഗം ഉണ്ട് എന്നു മനസ്സിലാക്കിയതുകൊണ്ടാണ് ട്രാൻസ്ജെൻഡേഴ്സിനെതിരെ ആക്രമം നടന്നു എന്ന നിലയിൽ നമ്മൾ സംസാരിക്കുന്നത്.

അനേകം പ്രശ്നങ്ങൾ ഇന്നുമുണ്ട്. അത് പോലീസുകാരുടെ ഭാഗത്തുനിന്നായാലും പൊതുസമൂഹത്തിന്റെ ഭാഗത്തു നിന്നായാലും അതിലൊന്നും വലിയ മാറ്റം ഉണ്ടായിട്ടില്ല. കോഴിക്കോട്ട് നടന്ന സംഭവമായിക്കോട്ടെ, മറ്റെന്തുമായിക്കോട്ടെ. ഈ തൊട്ടടുത്ത സമയങ്ങളിൽ എറണാകുളത്ത് ഇമ്മോറൽ ട്രാഫിക് ആണെന്നും പറഞ്ഞ് ട്രാൻസ്ജെൻഡേഴ്സിനെ അറസ്റ്റു ചെയ്തു. ഒപ്പം ഒരു ട്രാൻസ്കുട്ടിയുടെ സിസ്റ്ററും ഉണ്ടായിരുന്നു. ഇതൊക്കെ കടുത്ത മനുഷ്യാവകാശലംഘനങ്ങളാണ്. നമുക്ക് ഒരിടത്തും പോകാൻ കഴിയില്ലെന്നും പൊതുസമൂഹത്തിലേക്ക് ഇറങ്ങുവാൻ കഴിയില്ലെന്നും പോലീസുകാരുൾപ്പെടെ സംസാരിക്കുമ്പോൾ ഈ മോറൽ കോഡ് ആൾക്കാരാണ് ഇതൊക്കെ പറയുന്നത്. ഹെറ്ററോസെക്ഷ്വൽ മോറൽ എന്നൊക്കെ പറയുന്ന ആളുകൾ.

**യവന-ഭാരതീയ പുരാണങ്ങളിൽ ട്രാൻസ്ജെൻഡേഴ്സിന് ഈശ്വരപദവി നൽകപ്പെടുന്നുണ്ട്. എന്നാൽ പൊതു സമൂഹത്തിൽ ആ സങ്കല്പങ്ങളുടെ യാഥാർത്ഥ്യം അറപ്പുളവാക്കുന്നതായി എങ്ങനെയാണ് മാറപ്പെടുന്നത്?**

കേരളത്തിന് ട്രാൻസ്ജെൻഡേഴ്സിനെ അക്സപ്റ്റ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ഈ പറയുന്ന പുരാണങ്ങളിലെ കാര്യങ്ങളൊക്കെത്തന്നെ മറ്റു സംസ്ഥാനങ്ങളിൽ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളായിക്കോട്ടെ, ദക്ഷിണേന്ത്യയിൽ കേരളമൊഴികെയുള്ള സംസ്ഥാനങ്ങളായിക്കോട്ടെ, ഈ പറയുന്ന സോഷ്യൽ അക്സപ്റ്റൻസ് ഉണ്ട്. അത് ദൈവത്തിന്റെ പരിവേഷത്തോടെയും അല്ലാതെയും.

ഇവിടെ ഒരു അക്സപ്റ്റൻസ് ഇല്ല. ഞങ്ങളെ ഇവർ ദൈവമായിട്ടും കാണുന്നില്ല, മനുഷ്യരായിട്ടും കാണുന്നില്ല. ദൈവികമായ ഒരു പരിവേഷം ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഒരു മനുഷ്യന് ജീവിക്കാനുള്ള സാധാരണമായ സാഹചര്യങ്ങൾ ഉണ്ടായിരിക്കണം എന്നേ ഞങ്ങൾക്കുള്ളൂ. നൂറു ശതമാനം സ്ത്രീയെന്നും നൂറു ശതമാനം പുരുഷനെന്നും അവകാശപ്പെടാൻ ആർക്കും കഴിയില്ല. ഇവിടുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും കഴിയില്ല എന്ന് ചലഞ്ച് ചെയ്യുന്നു. അവിടെയാണ് ജീവിക്കാൻ സ്ട്രഗിൾ ചെയ്യുന്ന കുറച്ചു പേർ വരുന്നുവെന്നത്. പൊതുസമൂഹം എപ്പോഴും ചിന്തിക്കുന്നത് ജെൻഡറിനെക്കുറിച്ചു



മാത്രമാണ്. ഇവിടെ സ്ത്രീ മാത്രമേയുള്ളൂ, പുരുഷൻ മാത്രമേയുള്ളൂ എന്ന നിലയിലാണ് പലപ്പോഴും നമ്മൾ സംസാരിക്കുന്നത്. അതിനിടയ്ക്കു നിൽക്കുന്ന കുറേ ആളുകളെ കാണാതെ പോവുകയാണ്. ആ യാഥാർത്ഥ്യത്തെക്കുറിച്ചു സംസാരിക്കുന്നില്ല. അധികാരവും അവർക്ക് അവരാണ്. സംസാരിക്കാൻപോലും അവരാണ്. ആൺകുട്ടിയായി ജനിച്ച ഒരാൾ പെൺകുട്ടിയെപ്പോലെ പെരുമാറുന്നു എന്നു പറഞ്ഞാൽ അവിടെ സ്ഥാന താഴ്ച്ച സംഭവിച്ചു കഴിഞ്ഞു. ആണും പെണ്ണും കെട്ടത് എന്നു പറഞ്ഞാൽ സ്ഥാനമിടിഞ്ഞു. അങ്ങനെ കാണുന്ന സമൂഹത്തിലാണ് നമ്മൾ പൊതുസമൂഹത്തിലേക്കു വരുവാൻ ബുദ്ധിമുട്ടുന്നത്.

**പക്ഷെ ചിലർക്കെങ്കിലും അതിനു സാധിക്കുന്നില്ലേ? ഇപ്പോൾ സൂര്യയെയും രാസിനെയും ശീതളിനെയും പോലുള്ളവർ പൊതുസമൂഹത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഒരു ചെറിയ ശതമാനമെങ്കിലും അവരെ അംഗീകരിക്കുന്നില്ലേ?**

ഉണ്ട്. പക്ഷെ എല്ലാവരുമല്ല ഈ ഒരു യാഥാർത്ഥ്യത്തെ മനസ്സിലാക്കി അംഗീകരിക്കുന്നവരുണ്ട്. പക്ഷെ നമ്മൾ സംസാരിക്കുമ്പോൾ മെയിൻ സ്ട്രീമിൽ നിൽക്കുന്ന ട്രാൻസ്ജെൻഡേഴ്സ് അല്ല. ഏറ്റവും താഴെക്കിടയിൽ സാധാരണ ജീവിതം നയിക്കുന്ന ട്രാൻസ്ജെൻഡേഴ്സ് ഉണ്ട്. അവരെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. മുഖ്യധാരാ സമൂഹത്തിൽ എസ്റ്റാബ്ലിഷ് ആയ ആളുകൾക്ക് പ്രശ്നം ഉണ്ടായിരിക്കണമെന്നില്ല.

എത്ര പുരുഷന്മാരാണ് നല്ലവരുള്ളത്? അല്ലെങ്കിൽ എത്ര സ്ത്രീകളാണ് നല്ലവരുള്ളത്? അവർക്കിടയിലെ പ്രശ്നങ്ങൾ ഈ ട്രാൻസ്ജെൻഡേഴ്സിന്റെ ഇടയിലുമുണ്ട്. അതായത് ഈ സെക്സ് വർക്കാണ് ഉദ്ദേശിക്കുന്നത്. എല്ലാ ട്രാൻസ്ജെൻഡേഴ്സും ലൈംഗിക തൊഴിലാളികളാണെന്നും പിടിച്ചുപറി നടത്തുന്നവരാണെന്നും പറയാൻ എല്ലാവരും

# രഞ്ജു



കഴിയില്ല. അത് പൊതുസമൂഹ ത്തിന്റെ എല്ലാ തുറകളിലുമുണ്ട്. സ്ത്രീകളിലുമുണ്ട്, പുരുഷന്മാരിലുമുണ്ട്. അതുപോലെ ട്രാൻസ്ജെൻഡേഴ്സിലുമുണ്ട്. അതാണ് പൊതുസമൂഹത്തിൽനിന്ന് ട്രാൻസ്ജെൻ ഡേഴ്സിനെ മാറ്റിനിർത്തുന്നതിന്റെ കാരണമെന്നാണ് പലരും പറയുന്നത്.

ട്രാൻസ്ജെൻഡേഴ്സിന് ജോലിയില്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ പക്ഷെ ട്രാൻസ്ജെൻഡേഴ്സിന്റെ ജീവിതത്തിന് താരതമ്യേന അനുയോജ്യമായ ഒരു സാഹചര്യമുണ്ട്. ചില സംസ്ഥാനങ്ങളിൽ ലൈംഗികവൃത്തി കുലത്തൊഴിലായി കാണുന്നവരുണ്ടല്ലോ. അതുപോലെത്തന്നെ ഭിക്ഷാടനവും. ബധായി പോലുള്ള സമ്പ്രദായങ്ങൾ ഉദാഹരണമാണ്. അത്തരത്തിലുള്ള ഒരു വരുമാനരീതിയെ പിന്തുടരുവാനല്ല ഞങ്ങൾ ആഗ്രഹിക്കുന്നത്. എജ്യുക്കേറ്റഡ് ആയ ആളുകൾ ഞങ്ങൾക്കിടയിലുമുണ്ട്. അത്തരത്തിൽ പക്ഷെ ഞങ്ങൾക്ക് ജോലി ലഭിക്കുന്നില്ല. ലിംഗനീതി ഉറപ്പാക്കുന്ന വിദ്യാസമ്പന്നമായ ഒരു സമൂഹത്തിനേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ.

**ഒരിക്കലും ഒരാൾ ഒരു സുപ്രഭാതത്തിൽ നാളെ ഞാൻ ട്രാൻസ്ജെൻഡർ ആയേക്കാം എന്നും പറഞ്ഞ് അങ്ങനെ ആവുന്നില്ല. അത് മനുഷ്യശരീരത്തിന്റെ അനേകം വിസ്മയങ്ങളിൽ ഒന്നാണ്. അപ്പോൾ ഇത്തരം സവിശേഷ വ്യക്തിത്വങ്ങളോട് പൊതുസമൂഹത്തിനുള്ള അകലം അല്ലെങ്കിൽ അറപ്പ് പോലുള്ള പ്രതികരണങ്ങൾ പരിഹരിക്കുവാൻ നമ്മുടെ ഭരണകൂടത്തിനും ആരോഗ്യവകുപ്പിനും സാധിക്കുന്നുണ്ടോ?**

സാധിക്കുന്നില്ല എന്നുതന്നെ ഒറ്റ വാക്കിൽ പറയാം. ഇത് ഒരു ശാരീരികമായ അവസ്ഥയാണ്. ചിലർ പറയുന്നു, മാനസികമാണെന്ന്. 2014-ലെ സുപ്രീം കോടതിയുടെ വിധി എന്നത് ഒരാൾക്ക് അയാളുടെ ജെൻഡർ സ്വയം തിരഞ്ഞെടുക്കാം എന്നതാണ്. അത് ഒരു സെൽഫ് ഡിക്ലറേഷൻ ആണ്. ഇപ്പോ ഞാൻ ഒരു സ്ത്രീയാണ് അല്ലെങ്കിൽ ഇപ്പോൾ ഒരു പുരുഷനാണ് എന്ന് പറയേണ്ടത് നമ്മുടെ ഇഷ്ടമാണ്. നമ്മുടെ ജെൻഡർ ആണ് എന്റെ പ്രവൃത്തി വഴിയോ ഞാൻ സമൂഹത്തിൽ ഇടപെടുന്ന രീതി വഴിയോ ആണ് അത് തെളിയിക്കപ്പെടുന്നത്.

സെക്സും ജെൻഡറും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസത്തെക്കുറിച്ചുപോലും നമ്മൾ പലർക്കും അറിയില്ല. സെക്സ് ബയോളജിക്കലാണ്. ജനിക്കുമ്പോൾ ആൺകുട്ടിയും പെൺകുട്ടിയും ആയിട്ടുള്ളവർ പിന്നീട് ഇന്റർ സെക്സ് ആയിട്ട് മാറുന്നു. ജെൻഡർ എന്നു പറയുന്നത് വ്യത്യസ്തമാണ്. അത് നമ്മുടെ സാമൂഹ്യസാഹചര്യത്തിൽനിന്ന് ഉൾബോധം ആർജ്ജിച്ചെടുക്കുന്നതാണ്. വ്യക്തിപരവുമാണ്.

ട്രാൻസ് വിമൺ എന്നും ട്രാൻസ് മെൻ എന്നും രണ്ടു വിഭാഗമുണ്ട്. ഇതിന് ശാരീരികവും മാനസികവുമായ പല കാരണങ്ങളുമുണ്ട്. ഹെയർ ഗ്രോത്ത്, ഹോർമോൺ ചെയ്ഞ്ച്, വൈകാരിക പ്രകടനങ്ങൾ എന്നിവയെ സംബന്ധിച്ച് ഇപ്പോൾ സ്ത്രീയായിരിക്കുമ്പോൾ സ്ത്രീകളോട് ഇഷ്ടം തോന്നുക പോലെ. അത് ഉദാഹരണമാണ്. നേരെ തിരിച്ചും ഉണ്ടാവുന്നു. പുരുഷന് പുരുഷനോട്. ഇതൊരിക്കലും സെക്ഷ്വൽ മാത്രമായിട്ടുള്ള കാര്യമല്ല. ഇത് ഒരു വൈവിധ്യമാണ്. അല്ലാതെ ചികിത്സിച്ചു മാറ്റേണ്ട രോഗമൊന്നുമല്ല. ഈ വൈവിധ്യത്തെ ആ നിലയ്ക്കു തന്നെ ഉൾക്കൊള്ളുവാൻ നമ്മൾ പ്രാപ്തരാകണം. ഞാനീ പറയുന്നത് വ്യക്തമായ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലാണ്. കൗമാരകാലത്താണ് പലപ്പോഴും ഇത്തരത്തിലുള്ള വ്യതിയാനങ്ങൾ ഉണ്ടാവുന്നത്. എന്റെ കാര്യത്തിൽ എനിക്ക് ഹെയർ ഗ്രോത്ത് കുറവായിരുന്നു. എന്റെ ശബ്ദം സ്ത്രീകളുടേതുപോലെയായിരുന്നു. നാളെ മുതൽ ഈ സമൂഹം ഞങ്ങളെ പരിഹസിക്കട്ടെ. ഞങ്ങളെ കണ്ടിട്ട് എന്നും പറഞ്ഞ് ആരും ഇങ്ങനെ ആവില്ലല്ലോ. ഞങ്ങൾ വേഷം കെട്ടുകയാണ് എന്നു പറയുന്നവർ ആ കാര്യം ഓർക്കണം.

**നിങ്ങളുടെ സാന്നിദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും പലപ്പോഴും നിങ്ങൾ പരിഹാസ കഥാപാത്രങ്ങളായി മാറുന്നില്ലേ?**



തീർച്ചയായും ഉണ്ട്. ചില സാറുമാർ ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോൾ പുരാണത്തിലെ കഥാപാത്രങ്ങളെക്കുറിച്ച് പറഞ്ഞു വന്നാൽ ഉദാഹരണമായി ആ ക്ലാസ്സിലിരിക്കുന്ന അത്തരം സ്വഭാവമുള്ള കുട്ടിയെ ചൂണ്ടിക്കാട്ടി ചിരിക്കുകയും പരിഹസിക്കുകയുമൊക്കെ ചെയ്യാറുണ്ട്. ചാന്തുപൊട്ടു പോലുള്ള സിനിമകൾ' ആണും പെണ്ണും കെട്ടത്' എന്ന വിളി ഇതൊക്കെ നമ്മൾ സ്ഥിരം കേൾക്കുന്നതാണ്.

**അത് പ്രതികൂലമായാണ് നിങ്ങളെ ബാധിക്കുന്നത്?**

തീർച്ചയായും. ചാന്തുപൊട്ട് എന്ന സിനിമ ചർച്ചയ്ക്കു പോലും എടുക്കാൻ പറ്റിയ സിനിമയല്ല. പക്ഷേ വേറെ സിനിമകളുണ്ട്. ലോകസിനിമയിലേക്കു പോകുമ്പോൾ തമാര പോലുള്ള സിനിമകൾ. അത്തരം സിനിമകൾ വളരെ സ്വാഭാവികമാണ്. 'ക്വിക്ക് ചെയ്ഞ്ച്' പോലുള്ള സിനിമകൾ ഇത്തരം വിഭാഗത്തെക്കുറിച്ച് പൊതുസമൂഹത്തിനുള്ള മനോഭാവത്തിൽ മാറ്റം വരണമെന്ന് ആഗ്രഹിക്കുന്ന സിനിമകളാണ്. ട്രാൻസ്ജെൻഡേഴ്സിന്റെ സ്വാഭാവികജീവിതത്തെക്കുറിച്ച് അവ പറയുന്നു. ഇങ്ങനെയുള്ള സിനിമകൾ വിരളമായിട്ടാണ് മലയാളത്തിൽ ഉണ്ടാകുന്നത്. അവയ്ക്ക് അതിന്റേതായ കാര്യഗൗരവം നൽകപ്പെട്ടിട്ടില്ല. ഇപ്പോൾ നോക്കിയാൽ നമ്മുടെ മുഖ്യധാരാസിനിമയിൽ ഇത്തരം കഥാപാത്രങ്ങൾ വന്നാൽ തീയറ്ററിൽ കൂവലും മറ്റ് പരിഹാസങ്ങളുമൊക്കെ ഉണ്ടാവുന്നുണ്ട്. ഉദാഹരണമായി, മായാനദി സിനിമയിൽ ഒരു ട്രാൻസ്ജെൻഡർ അഭിനയിച്ചിട്ടുണ്ട്. അവളെ കാണുമ്പോൾ ആളുകൾ ചിരിക്കുകയാണ്. ഒരു ഹാസ്യകഥാപാത്രമായല്ല, ഒരു മെയ്ക്കപ്പ് ആർട്ടിസ്റ്റായാണ് അവൾ അതിൽ അഭിനയിക്കുന്നത്. അപ്പോൾ ഇതു സൂചിപ്പിക്കുന്നത് നമ്മുടെ പൊതുബോധം ഒട്ടും വളർന്നിട്ടില്ല എന്നുതന്നെയല്ലേ?

**പലപ്പോഴും ട്രാൻസ്ജെൻഡേഴ്സ് ലൈംഗിക തൊഴിൽ ചെയ്യുന്നവരാണെന്നും തെറ്റായജീവിതസ്വഭാവം നടത്തുന്നവരാണെന്നും നമ്മുടെ പൊതുസമൂഹം കരുതുന്നു. ഇതാണ് അവരെ മാറ്റിനിർത്താനുള്ള ഒരു കാരണമായി അവർക്കു പറയുവാനുള്ളതും.**

ലൈംഗിക തൊഴിൽ ചെയ്തു ജീവിക്കുന്ന ട്രാൻസ്ജെൻഡേഴ്സ് ഉണ്ട്. ഇല്ലെന്നു പറയുന്നില്ല. അതു തെറ്റാണ് എന്നും ഞാൻ പറയുന്നില്ല. ജീവിക്കാനുള്ള ഒരു സാഹചര്യമുണ്ടായിട്ടും അങ്ങനെ പോവുന്നതാണ് തെറ്റ്. ആ സാഹചര്യം ഇല്ല എന്നതാണ് സത്യം. ഒരു ലോഡ്ജിൽ വാടകയ്ക്കു താമസിക്കണമെങ്കിൽ ഒരു ദിവസം ആയിരം രൂപയെങ്കിലും വേണം. കൂടാതെ ഭക്ഷണം, യാത്രാ ഇവയുടെ ചെലവ് - ഇതിനൊക്കെ പണം വേണ്ടേ?

ഇവർ ചിലർ ആ തൊഴിൽ ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്നവരെ പിടിച്ച് കൊല്ലണം എന്നൊന്നും എനിക്ക് അഭിപ്രായമില്ല. കൊല്ലണം എന്നാണ് പോലീസുകാർ പറയുന്നത്. ട്രാൻസ്ജെൻഡേഴ്സ് സെക്സ് വർക്ക് ചെയ്യുന്നുവെങ്കിൽ അതിനൊരു വലിയൊരു സാമ്പത്തിക-സാമൂഹിക അസമത്വമാണ് കാരണം. ഞങ്ങൾ സെക്സ് വർക്കിനുവേണ്ടി റോഡിലേക്ക് ഇറങ്ങുന്നുവെങ്കിൽ അതിനെ സപ്പോർട്ടു ചെയ്യുവാൻ ആളുകൾ ആ റോഡിൽത്തന്നെ ഉള്ളതുകൊണ്ടാണ് എന്ന കാര്യം മനസ്സിലാക്കണം. അവരാണ് ഞങ്ങളുടെ കൂടെ വരുന്നത്. ഞങ്ങളുടെ കൂടെ വരാൻ ആരുമില്ലെങ്കിൽ പിന്നെ അവിടെ സെക്സ് വർക്കിന്റെ കാര്യം വരുന്നില്ലല്ലോ. അതുകൊണ്ട് ഇതു പ്രമോട്ട് ചെയ്യുന്ന ആളുകളും തുല്യ കുറ്റക്കാരാണ്. പക്ഷേ ട്രാൻസ്ജെൻഡേഴ്സ് മാത്രം എപ്പോഴും കുറ്റാരോപിതരാകുന്നു. ഞങ്ങളുടെ കൂടെ വരുന്നവരെയാണ് ആദ്യം തുരത്തേണ്ടത്. റോഡിലേക്ക് ഇവർ വന്നു നിന്നാൽ കാശു കൊടുത്ത് സെക്സ് ചെയ്യാം എന്നൊരു നിലയുണ്ട്. ഇത്തരത്തിൽ കാശുകൊടുക്കാൻ തയ്യാറാവുന്നവരാണ് തിരുത്തപ്പെടേണ്ടത്.

ഒരു ട്രാൻസ്ജെൻഡറിന് ഒരു സാധാരണമായ ജോലി കിട്ടിക്കഴിഞ്ഞാൽ നന്നായി ജീവിക്കാൻ കഴിയും. മെട്രോയിലും മറ്റുംചിലർക്ക് ജോലി കിട്ടിയിട്ടുണ്ട്.

**മെട്രോയിലും മറ്റും കിട്ടിയ ജോലി അവർ ഉപേക്ഷിച്ച കാര്യവും ഓർക്കേണ്ടതാണ്.**

മെട്രോയിൽ അവർക്ക് ഒരു മാസം ശമ്പളം ഉണ്ടായിരുന്നത് 8000 രൂപയാണ്. ഈ എണ്ണായിരം രൂപയ്ക്ക് എങ്ങനെയാണ് കൊച്ചി പോലൊരു സിറ്റിയിൽ ജീവിക്കുക? അവർക്കു ഭക്ഷണം കഴിക്കണം. ജോലിസ്ഥലത്തേക്കു യാത്ര ചെയ്യണം. ഇതെല്ലാം ഈ മാസത്തിൽ കിട്ടുന്ന എണ്ണായിരം രൂപയ്ക്കു വേണം. അത് ഒരു കാരണം. മറ്റൊന്ന് കൂടെ ജോലി ചെയ്യുന്നവർ ഒരു തരത്തിലും ഇവരെ അംഗീകരിക്കുവാൻ തയ്യാറല്ല എന്നതാണ്. ഒരു തരം ഇൻക്ലൂസീവ്നെസ്സ്. പിന്നെ ലോഡ്ജ് മുറികളിൽ ഇവർക്ക് റൂം കൊടുക്കില്ല. ട്രാൻസ്ജെൻഡേഴ്സിന് റൂം കൊടുക്കേണ്ട എന്നു പറഞ്ഞിട്ടുമുണ്ട്. ആരാണ് പറയുന്നത് എന്നറിയില്ല. അവിടെ പോയി ഐഡന്റിറ്റി കാർഡ് കാട്ടിയാൽ പോലും റൂം കൊടുക്കണമെന്നില്ല. റൂം ഫുൾ ആണെന്നു പറയും. അങ്ങനെയുള്ളപ്പോൾ ഏറ്റവും ലോക്കൽ ആയിട്ടുള്ളിടത്ത് താമസിക്കേണ്ടി വരുന്നു. അങ്ങനെയുള്ള സ്ഥലത്തപ്പോൾ പോലീസ് വരുന്നു. ഇമ്മോറൽ ട്രാഫിക്കിന്റെ പേരിൽ ഇവരെയും അറസ്റ്റ് ചെയ്യുന്നു. ഇത് സാഹചര്യത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന പ്രശ്നമാണ്. അല്ലാതെ എല്ലാ ട്രാൻസ്ജെൻഡേഴ്സും സെക്സ് വർക്ക് ചെയ്തു ജീവിക്കുന്നവരല്ല.

**സമകാലികമായി പല രാഷ്ട്രീയ പാർട്ടികളും ട്രാൻസ്ജെൻഡേഴ്സ് വിഷയത്തിൽ ഇടപെടുന്നില്ലേ? എങ്ങനെയാണ് അവരുടെ പ്രവർത്തനങ്ങൾ?**

നിങ്ങൾ ഏതു പാർട്ടിക്കാരാണ്?

ഞങ്ങൾക്ക് പാർട്ടിയൊന്നുമില്ല.

നന്നായി

ഈ കഴിഞ്ഞിടയ്ക്ക് വ്യക്തിപരമായി എനിക്കുണ്ടായ ഒരു അനുഭവം പറയാം. ഒരു പ്രധാനപ്പെട്ട വിദ്യാർത്ഥി യൂണിയൻ പ്രസ്ഥാനത്തിന്റെ റാലിയുടെ പരിസരത്തുടെ ഞാൻ പോവുകയായിരുന്നു. എന്നെ കണ്ടിട്ട് അവർ കളിയാക്കുവാൻ തുടങ്ങി. 'എന്തരടെ ഇതിങ്ങനെ' എന്നൊക്കെ പറഞ്ഞ്. ഇപ്പോൾ ഞങ്ങളാരും ഇതൊന്നും മൈന്റ് ചെയ്യാറില്ല. പറയുന്നവരൊക്കെ പറഞ്ഞോട്ടെ അത്രതന്നെ. കാറ്റു വീശുന്നിടത്തൊക്കെ വേലി കെട്ടാൻ നിന്നാൽ പിന്നെ അതിനെ നേരം കാണൂ. ഇത്തരത്തിലുള്ള പരിഹാസങ്ങൾക്കൊന്നും മറുപടി കൊടുക്കാൻ താല്പര്യമില്ല.

**മൗനം ഒരു നല്ല പ്രതിഷേധമുറയാണെന്ന് തോന്നുന്നുണ്ടോ?**

അങ്ങനെ കരുതുന്നില്ല. ഞാൻ പെട്ടെന്നു റിയാക്റ്റ് ചെയ്യുന്ന ആളാണ്. വേഗത്തിൽ എനിക്കു ദേഷ്യവും സങ്കടവും ഉണ്ടാവാറുണ്ട്. എന്റെ ജെൻഡറിനെയോ ഐഡന്റിറ്റിയെയോ ആരെങ്കിലും ചോദ്യം ചെയ്താൽ തീർച്ചയായും ഞാൻ പ്രതികരിക്കും.

**ഈ അടുത്ത കാലത്തായി നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ ട്രാൻസ്ജെൻഡേഴ്സിനുവേണ്ടി ഇടം നൽകുന്നുണ്ട്. ഇത് നമ്മുടെ പുത്തനൊരു പ്രവണതയല്ലേ? എന്തു തോന്നുന്നു?**

പണ്ടത്തേതിനെ അപേക്ഷിച്ച് ഇന്ന് ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുവാനായി നമ്മൾ തയ്യാറാകുന്നുണ്ട്. ഇത് ഒരു നല്ല മാറ്റമാണ്. അതായത് ബൈനറിയെക്കുറിച്ചു മാത്രം സംസാരിച്ചിരുന്ന ഒരു അവസ്ഥ മാറി ഇന്ന് മൂന്നാമതൊരു വിഭാഗം കൂടി ഉണ്ടെന്നും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടണമെന്നുമുള്ള ഒരു മനോഭാവം നമുക്കിടയിൽ വളർന്നു വരുന്നുണ്ട്.



ഫെയ്സ്ബുക്ക് പോലുള്ള സാമൂഹ്യമാധ്യമങ്ങളിൽ ഇത് കൂടുതൽ ശക്തമാണ്. ഉദാഹരണമായി, ഫെയ്സ്ബുക്കിൽ ജെൻഡർ രേഖപ്പെടുത്തുമ്പോൾ അവിടെ സ്ത്രീ, പുരുഷൻ എന്നീ രണ്ടു ജെൻഡർ മാത്രമല്ല നല്കിയിട്ടുള്ളത്. ഏതാണ്ട് എഴുപത്തിരണ്ടോളം ജെൻഡറുകൾ നൽകിയിട്ടുണ്ട്. ഒഫീഷ്യലി പ്രൂവ്ഡ് ആയിട്ടുള്ള 72 ജെൻഡറുകളാണിവ. ഇത്തരത്തിൽ മാധ്യമങ്ങളിൽ നമ്മുടെ വിഷയത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടാവുന്നുണ്ട്. നമ്മുടെ മാധ്യമങ്ങൾക്കറിയാം ഇവിടെ

സ്ത്രീയും പുരുഷനും മാത്രമല്ല ഉള്ളതെന്ന്. പിന്നെ ഈ സമൂഹത്തിൽ ഉണ്ടാകുന്ന ഒരു പ്രശ്നമായി എനിക്കു തോന്നുന്നത് അവർ ഉപയോഗിക്കുന്ന വാക്കുകളാണ്. ട്രാൻസ്ജെൻഡർ എന്നുപയോഗിക്കാൻ പ്രയാസമുള്ളവർ ഇതിനെ മലയാളീകരിച്ച് ഭിന്നലിംഗക്കാർ എന്നും ഭിന്ന ലൈംഗിക വിഭാഗം എന്നുമൊക്കെ വിശേഷിപ്പിക്കുന്നു. ഇത്തരം വാക്കുകളോട് ഞാൻ യോജിക്കുന്നില്ല. ഇതൊന്നും ട്രാൻസ്ജെൻഡർ വിഭാഗത്തെ സൂചിപ്പിക്കുന്ന ശരിയായ പദങ്ങളല്ല എന്നുള്ളതാണ്. ഈ വാക്കുകളാണ് നമ്മുടെ മാധ്യമങ്ങൾ നിരന്തരമായി ഉപയോഗിക്കുന്നത്. ഇത് പൊതുസമൂഹത്തിനു കൊടുക്കുന്നത് തെറ്റായ ധാരണയാണ്. ഭിന്ന ലൈംഗികതയുണ്ടെന്നും ഭിന്ന ലിംഗമുണ്ടെന്നുമൊക്കെ ഉള്ള നിലയിൽ ഇതു പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്നു.

**വ്യക്തിപരമായ ഒരു ചോദ്യം ചോദിക്കാമോ എന്നെനിക്കറിയില്ല. എങ്കിലും പറയുവാൻ ബുദ്ധിമുട്ടില്ലെങ്കിൽ, ഇന്നു കാണുന്ന ശ്യാമ എന്ന ഈ രൂപത്തിലേക്ക് എത്തിപ്പെടുവാൻ എന്തുമാത്രം സഹിച്ചിട്ടുണ്ട്?**

ഞാനൊക്കെ സ്കൂളിൽ പഠിക്കുന്നത് ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാത്ത അല്ലെങ്കിൽ ഇങ്ങനെയൊരു വിഭാഗം ഉണ്ടെന്നുപോലും അറിയാത്ത ഒരു കാലത്താണ്. തൊണ്ണൂറ്റൊമ്പത്, രണ്ടായിരം വർഷങ്ങളിൽ. ആ സമയത്ത് എനിക്കുപോലും അറിവില്ലായിരുന്നു ഞാൻ എന്താണെന്നുള്ളത്. ഞാനൊരു ആൺകുട്ടിയല്ല എന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നു എന്റെ ചെറുപ്പത്തിൽത്തന്നെ. വഴിയിലൂടെ നടന്ന് സ്കൂളിൽ പോകുമ്പോഴൊക്കെ ഒരുപാട് മോശമായ വാക്കുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. ചിലർ ഉപദ്രവിച്ചിട്ടുണ്ട്. സ്കൂൾ ജീവിതത്തിലും കോളേജ് ജീവിതത്തിലുമൊക്കെ അതിനെയൊക്കെ എനിക്കു തരണം ചെയ്യണമായിരുന്നു. എന്റെ വീട്ടിലെ സാമ്പത്തിക പശ്ചാത്തലം വളരെ മോശമായിരുന്നതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിലൂടെ മാത്രമേ രക്ഷപെടാൻ കഴിയൂ എന്നൊരു ചിന്തയുണ്ടായിരുന്നു.

**വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരുപാടിടത്തുനിന്നു മാറ്റി നിർത്തപ്പെട്ടിട്ടില്ലേ?**

മാറ്റിനിർത്തിയിട്ടുണ്ട്. എനിക്ക് എന്റെ ടീച്ചേഴ്സിനോട് പരാതി പറയാൻ പറ്റുമായിരുന്നില്ല. അങ്ങനെ പറയുമ്പോൾ അവർ തിരിച്ചു ചോദിക്കും, നീ ഇങ്ങനെയായതുകൊണ്ടല്ലേ എന്ന്. ഇന്നു ശരിയായ വിദ്യാഭ്യാസയോഗ്യത ഉണ്ടായിട്ടും ജോലിക്കു പ്രവേശിക്കുവാൻ കഴിയാതിരിക്കുന്ന ഒട്ടനവധി ട്രാൻസ് സുഹൃത്തുക്കൾ എനിക്കുണ്ട്. പക്ഷേ പണ്ടത്തെ അത്ര ദുർഘടമായ ഒരു സാഹചര്യം ഇന്നില്ല. ഞാൻ പഠിക്കുന്ന കാലത്ത് പെൺകുട്ടികളുടെ ഭാഗത്തുനിന്ന് ഒരുപാട് ബുദ്ധിമുട്ടുകൾ എനിക്കുണ്ടായിട്ടുണ്ട്. ഞാൻ ഒരു മലയാളം സ്റ്റുഡന്റ് ആയിരുന്നു. പുരാണങ്ങളൊക്കെ ക്ലാസ്സിൽ സംസാരിക്കുമ്പോൾ ആ ക്ലാസ്സ് കഴിഞ്ഞാലും കുട്ടികൾക്കിടയിൽ ചർച്ച തുടരുമായിരുന്നു. ഞാൻ ആ ക്ലാസ്സിൽ ഉള്ളതുകൊണ്ടു മാത്രം പച്ചയ്ക്ക് ഇവർ ഓരോന്നു പറയുക, ചൂണ്ടിക്കാണിക്കുക - ഇതൊക്കെ അനുഭവിച്ചിട്ടുണ്ട്. പഠിക്കുന്ന കാലത്ത് മൂത്രമൊഴിക്കാനൊന്നും ഞാൻ പുറത്തേക്കു പോകാറില്ല. ക്ലാസ്സിൽത്തന്നെ ഇരിക്കും. ഇവർ എന്തെങ്കിലുമൊക്കെ പറയും, ചെയ്യും എന്നു പേടിച്ചിട്ട്

*****

**സ്വന്തം സ്വത്വത്തിനെതിരെ ഉണ്ടാവുന്ന ഏതൊരു പ്രഹരത്തെയും നേരിടുവാനുള്ള ചങ്കൂറ്റത്തോടെ ശ്യാമ എന്ന ട്രാൻസ്ജെൻഡർ അവരുടെ മകൾക്കൊപ്പമാണ് ഞങ്ങളോടു സംസാരിച്ചത്. തളർന്നു വീഴാൻ മനസ്സില്ലാതെ ജീവിതത്തിൽ പൊരുതി മുന്നേറാനുള്ള ഇച്ഛാശക്തിയുടെ പ്രഭ ആ കണ്ണുകളിൽ ഞങ്ങൾ കണ്ടു. കത്തിനിന്ന സൂര്യനേക്കാൾ ഒരുപാടേറെ തീക്ഷ്ണമായിരുന്നു അത്...■**

തയ്യാറാക്കിയത്: മാഗസിൻ കമ്മറ്റിക്കുവേണ്ടി
**അമൽ സുരേന്ദ്രൻ, ജുബിൻ മാത്യു**





# KERALA TYRES

3 D WHEEL ALIGNMENT & WHEEL BALANCING CENTRE

NITROGEN FILLING, TYRE SALES
AUTOMATIC TYRE CHANGING, TUBE &
TUBELESS TYRE SERVICE

Moolamkuzhackal Building, Vaikom Road
Kuravilangad

Ph: 94475 67515

MRF TVS
BRIDGESTONE apollo MICHELIN CEAT



# BROTHERS CATERING

Kuruppanthara

Mob: 9447473938



# MATTATHIL

ELECTRICALS & SANIWARES

M.C. ROAD, KURAVILANGAD

PH: 9447367546

# MATTATHIL AGENCIES

DISTRIBUTORS OF:

wipro BAJAJ POLYCAB Schneider Electric



# QUEEN'S BEAUTY COLLECTIONS

PULICKANS BUILDING
OPP. DEVA MATHA COLLEGE

PH: 7594 827 160



# പ്രധാനപ്പെട്ട ചിലത്

ഞാനും നീയും
ഒന്നും രണ്ടും പറഞ്ഞ്
പരസ്പരം ഉരസി
തീപൊരിയുണ്ടാക്കി
ഊതിപ്പെരുപ്പിച്ച്
ആളിക്കത്തിച്ച്
അലസമായി അണച്ച്
പുകയുണ്ടാക്കി
പുകമറയുണ്ടാക്കി
അപ്പുറവും ഇപ്പുറവുമായി
ഒളിച്ചിരിക്കുന്നു.
നിലയ്ക്കാത്ത സമയപ്പാച്ചിലിൽ
നീറുന്ന കനലുകൾ
നിറകെട്ട് തണുത്തുറഞ്ഞ്
ഒറ്റയാൻ ദ്വീപുകളാകുന്നു.

**NESSY ALPHONS GEORGE**
II DC MALAYALAM



# മഞ്ചാടിക്കണ്ണുകൾ

ഇന്നൊരു ദിവസമാണ് ഇന്നോർത്തു ഇപ്പോഴും കിളിയില്ലല്ലോ എന്തു ചെയ്യാനാ? സമയം നന്നേ ശരിയല്ല പെട്ടെന്ന് എന്റെ മനസ്സും ശരീരവും ഒരുതരം [illegible] ഉന്മേഷമായി. ആദ്യമായി കണ്ട ദിവസം അവൾ മെല്ലെ ഊഞ്ഞാലാടുകയാണ്. അവളുടെ മഞ്ചാടിക്കണ്ണുകൾ നൃത്തത്താൽ വലിച്ചെടുത്തിരിക്കുന്നു. അവളുടെ സൗന്ദര്യം എന്നെ വല്ലാതെ ആകൃഷ്ടനാക്കുന്നു. ആ കാന്തികശക്തിയിൽ ഞാൻ എന്നെത്തന്നെ മറന്നു. ഞാനെന്റെ മനസ്സിനെ മെല്ലെ പൂട്ടി ധൈര്യം സംഭരിച്ചു. എന്നാൽ ഞാൻ മിഴികൾ തുറന്നപ്പോൾ അവൾ അപ്രത്യക്ഷയായി. ഞാൻ അത്ഭുതസ്തബ്ധനായി നിന്നു. എന്റെ നിരാശ പല സംശയങ്ങളും ജ്വലിപ്പിക്കുകയും ചെയ്തു. അന്നത്തെ രാത്രിയിൽ സ്വപ്നങ്ങൾപോലും എന്റെ മനം എന്നെ വിളിച്ചില്ല. പ്രഭാതം ഓടിയെത്തുവാനുള്ള കാത്തിരിപ്പിലായിരുന്നു ഞാൻ.

അങ്ങനെ പുലർ തന്റെ സർവ്വശക്തിയുമെടുത്ത് നീട്ടി വിളിച്ചു. അവൾക്കായുള്ള തിരച്ചിലും ഞാനാരംഭിച്ചു. ഒടുവിൽ ഞാൻ അവളെ കണ്ടെത്തി. ഒരു മരച്ചുവട്ടിലെ ആളൊഴിഞ്ഞ ബെഞ്ചിൽ ഇരിക്കുന്ന അവളെ കണ്ട് എന്റെ മനം തുള്ളിച്ചാടി. സമയം കളയാതെ അടുത്തു ചെല്ലണം, പരിചയപ്പെടണം. അങ്ങനെ ആ സന്ദർഭവും ഒത്തുകിട്ടി. അവളുടെ അരികിൽ ഞാൻ വന്നിരുന്നു. ഞാൻ ഒളികണ്ണിട്ടു നോക്കി. തൽക്ഷണം അവളും എന്നെ നോക്കി. പുഞ്ചിരിയുതിർത്തു. അതു കാണാൻ നല്ല ചേലായിരുന്നു. വളരെ പെട്ടെന്നുതന്നെ ഞങ്ങൾ സുഹൃത്തുക്കളായി. പിന്നെ കാണുമ്പോഴെല്ലാം അവളുടെ സൗഹൃദവും എന്റെ പ്രണയവും [illegible] ഉയർന്നു. ഒരിക്കൽപോലും എന്നെ ഇഷ്ടമാണോ എന്നു ഞാൻ ചോദിച്ചില്ല. തുടങ്ങിവയ്ക്കാനൊരുങ്ങുമ്പോഴെല്ലാം അവളുടെ മനസ്സിൽ പുതിയ ആഗ്രഹങ്ങൾ മുളപൊട്ടും. പിന്നെ ആദ്യമായി പ്രണയം [illegible] പറയേണ്ടിവന്നു.

"വാ, നമുക്ക് അമ്മയുടെ വീട്ടിൽ പോകാം"
"ആരാണത്?"
"എന്റെ കൂട്ടുകാരിയാ"
അവൾ എന്നെയും കൂട്ടി ഒരു വീട്ടിലെത്തി.
അവിടെയുള്ള ഊഞ്ഞാലിൽ അവൾ ചാടിക്കയറി.
"വാ ഊഞ്ഞാലാടാം"
"അയ്യോ.. ഞാനില്ല"
"കയറിയിരിക്കെടോ"
അവളുടെ സ്വരം എന്നെ ചെറുതായൊന്നു ഞെട്ടിച്ചു.

ഇത്തരം സാഹസിക പ്രവർത്തനങ്ങൾ ചെയ്തു ശീലമില്ലാത്ത എന്നെ.. ഞാൻ അവളുടെ കൈകൾ മുറുകെ പിടിച്ചതും അവൾ പൊട്ടിച്ചിരിച്ചു. ഉള്ളിന്റെയുള്ളിൽ നിന്നും പുറത്തു ചാടിയ പേടിയുടെ ചെറുകണങ്ങൾ എന്റെ മുഖത്ത് മഴപോലെ നിന്നതുകൊണ്ടാകാം അവൾ എന്നെ കളിയാക്കിയത്.

"നിനക്കു പേടിയാണല്ലേ?? ഹ.. ഹ.."
"ഏയ്.. എനിക്കോ..??"
ഞാൻ ഒരു ധൈര്യശാലിയെന്ന ഭാവേന പറഞ്ഞു.
"ഞാൻ ഒരാളെ നിനക്കു പരിചയപ്പെടുത്തിത്തരാം."

അവൾ എന്നെയും കൂട്ടി അമ്മയുടെ വീടിനു മുന്നിലെത്തി. അമ്മ തിണ്ണയിലിരുന്ന് ഞങ്ങളെ നോക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. "ഇത് എന്റെ കൂട്ടുകാരനാണ്.. **ബക്കി**" അവൾ ഒരു തടിച്ചു കൊഴുത്ത നായയെ ചൂണ്ടി പറഞ്ഞു. കൂർത്ത ചെവി. നീണ്ട നിറമുള്ള കൂർത്ത രോമാവൃതമായ ആകാരമുള്ള [illegible] നായയായിരുന്നു ബക്കി. കാണുന്ന മാത്രയിലല്ല ഇവനെ സൗമ്യനാണ് എന്നിൽ കൗതുകമുണർന്നു. [illegible] ദിവസങ്ങളിലും പ്രഭാതങ്ങൾ ഞങ്ങൾ ബക്കിനൊപ്പമായിരുന്നു. ഞങ്ങളുടെ കളികളെല്ലാം കണ്ടു രസിച്ച് ആ നായ അങ്ങനെയിരിക്കും. നീലാകാശം സിന്ദൂരമണിഞ്ഞു. പക്ഷികളെല്ലാം മെല്ലെ ശാന്തതയിലേക്കു മടങ്ങി. പിന്നെ പ്രഭാതമുണർന്നത് ഒരു നനുത്ത മഴയിലാണ്. [illegible] ഞാനും അവളും. ആ പടുകൂറ്റൻ വൃക്ഷം ഞങ്ങളെ ഒട്ടും മഴ നനയിച്ചില്ല. അമ്മയുടെ [illegible] കുടപോലെ. അവിടെവച്ചു ഞാനെന്റെ പ്രണയം അവളോട് പറയുകയുണ്ടായി. അവളുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. അനുകൂലമായൊരു മറുപടി അവളും തന്നു. ഞങ്ങളുടെ ഈ സുമുഹൂർത്തത്തിൽ പ്രകൃതിയും പങ്കുചേർന്നതുപോലുണ്ടായ ആനന്ദം അവളറിഞ്ഞിരുന്നു. പിന്നെ ഞങ്ങളുടെ നാളുകളായിരുന്നു. ഒരിക്കൽ ഞാനും അവളും മനസ്സുനിറഞ്ഞ [illegible]

ഇന്നു പെട്ടെന്ന് ബലിഷ്ഠമായ കൈകൾ അവളെ പിടി
ച്ചെടുത്തു. അവൾ പിടഞ്ഞു കരഞ്ഞെങ്കിലും ഞാൻ
പറന്നടുത്തു. ആ കൈകൾ അവളെ ഒരു വലിയ
ഇരുമ്പഴിക്കൂട്ടിലേക്കു തള്ളിയിട്ടു. അതോടെ ബന്ധിച്ചു.
ഞാൻ ഓടിയെത്തി പൂട്ട് തുറക്കാൻ കിണഞ്ഞു
പരിശ്രമിച്ചു. എന്നാൽ നിസ്സഹായനായി പരാജയപ്പെട്ടു.
ഉയരത്തിൽ നിൽക്കുമ്പോഴും ദുഃഖാർദ്രമായിരുന്നു. അന്ന് നമ്മ
ളറിയാതെ എന്റെ ആത്മാവും ഈ അഴിക്കു മുന്നിൽ
ബന്ധിക്കപ്പെട്ടു.

ഇന്നലെ. എന്തിനാണ് ഇവ്വിധമൊരു പരീക്ഷണം? അവൾ
എന്നെ നോക്കി നിൽക്കുന്നു. അവളുടെ വദനം വാടിപ്പോയെങ്കിലും
പുഞ്ചിരിയോടെ, തികച്ചും ഉദാസീനം. ഒരു ദിവസം ആ
വീട്ടിലെ ദീർഘരൂപിയായ സ്ത്രീ അവൾക്ക് ഒരു
മാമ്പഴത്തിന്റെ പകുതി കൊണ്ടു കൊടുത്തു. എന്നാൽ കൂടു
തുറന്ന മാത്രയിൽ അവൾ രക്ഷപ്പെടാൻ ശ്രമിച്ചതിനു
മുതിർന്നു. ശിക്ഷയെന്നവണ്ണം അവൾ അഴികളോടു
ചേർന്ന് അവളുടെ കാലുകൾ ബന്ധിച്ചു. ആ കയറിനെ
പൊട്ടിച്ചു നിൽക്കാനുള്ള ധൈര്യം അവൾക്കില്ലായിരു
ന്നു. അവളെ ഒന്നു കാണുവാൻ ഞാൻ എന്നും
പോയിരുന്നു. എന്നായാലും ഞാൻ വരുന്നത് അവൾക്കൊ
രാശ്വാസമായിരുന്നു. അവൾ തന്റെ കാലുകൾ ഉയർത്തുന്നു.
എന്നോട് വേദനയോടെ പറഞ്ഞു. അഴികൾക്കിടയിലൂടെ
പുറത്തിട്ട അവളുടെ കൈകൾ എന്റെ മുഖത്തോടു
ചേർന്നു. സഹിക്കാൻ കഴിഞ്ഞില്ല. ആ നിമിഷം ഞാൻ
വാനത്തിലിരിക്കുന്ന ദൃഢനാഥനോടു ചേർന്നു. എന്നാൽ
ഞാൻ പറയുന്നത് കേൾക്കാതെ ആ മനുഷ്യൻ
അവശയായ പുതുവാനത്തിൽ മുഴുകി. നിസ്സഹായതയും
കോപവും സഹിക്കവയ്യാതെ ഞാൻ ആ വീടിനു ചുറ്റും
ശാപവാക്കുകൾ മുഴക്കി പാറി നടന്നു.

അവളുടെ അരികിലെത്തി. "നാളെ നീ സ്വതന്ത്രയാകും"
ഞാൻ അവൾക്കു വാഗ്ദാനവും നൽകി. അന്നിനിക്ക്
ഉറങ്ങാനായില്ല. ഞാൻ എങ്ങനെയാണ് അവളെ
രക്ഷപ്പെടുത്തുക? ഒരു നിമിഷം പ്രാർത്ഥനയിൽ മുഴുകി
ഞാൻ നിന്നു. ഇരുട്ടിൽ വന്നെത്തിയ സൂര്യൻ പ്രകാശം
നൽകിയുണർന്നു. അവളെ കാണണം. രക്ഷപ്പെടുത്തണം
ഞാൻ ജനാലയിൽ അവളുടെ അരികിലെത്തി. എന്നാൽ
ഞാൻ ജനാലയിൽ അവളുടെ അരികിലെത്തി. എന്നാൽ അവളെ എന്റെ
സ്വപ്നം മനസ്സിൽ ഉദിച്ചതാണ്. എന്നാൽ അവളെ എന്ത്
വിളിച്ചിട്ടും ഉണരാത്തതെന്താണ്? കരഞ്ഞു കരഞ്ഞു
വിളിച്ചിട്ടും ഉണരാത്തതെന്താണ്? എന്നാൽ അവൾ ഉണരാത്ത
പാവം തളർന്നുറങ്ങിക്കാണും. എന്നാൽ അവൾ ഉണരാത്ത
നിദ്രയുടെ അഗാധ ചുഴിയിലേക്ക് വീഴപ്പെട്ടു എന്ന സത്യം
എന്റെ മനസ്സിനെ ഞാൻ കണ്ണീരോടെ ബോധ്യപ്പെടുത്തി.
എന്റെ മനസ്സ് ആളിക്കത്തി. എന്റെ മരണം പ്രകൃതിയെയും
ഭയപ്പെടുത്തി. ഈ എന്ന ശക്തിയുടെ രൗദ്രഭാവം ഉണർന്നു
ഒരു നാൾ ഞങ്ങളുടെ ബന്ധനത്തെ തകർത്ത പ്രകൃതി
ഞങ്ങളുടെ മുഖത്തിൽ കണ്ണീർ പൊഴിച്ചുതാകാം.

നിലകൾ ആ വലിയ കൂടു തുറന്നു. കയറഴിച്ച് ബന്ധിച്ചു
തുടർന്നാൽ വികൃതമാക്കപ്പെട്ട അവളുടെ കാലിനെ അവർ
സ്വതന്ത്രമാക്കി. കൂടി ഞാൻ സന്ധ്യയായ അവളെ അവർ
മണ്ണോട് ചേർത്തു. പെട്ടെന്ന് മൂർച്ചയേറിയ നിലകൾ
വിരിമാറിലേക്കു ആഴ്ന്നിറങ്ങുന്നത് ഞാൻ കണ്ടിരുന്നു. ഞാൻ
എല്ലാ പറന്നിറങ്ങി. അവളുടെ കണ്ണുനീരിൽ തല
ചായ്ച്ചു കിടന്നു. മരണത്തിലേക്ക് വീണ അവളെ സ്നേഹത്തോട്
തഴുകി ആശ്വസിപ്പിക്കുന്നതുപോലെ. അവളുടെ
ഓർമ്മകൾ എന്നെ വല്ലാതെ കരയിക്കുന്നു. ഞാൻ
എന്റെയടുത്തുള്ളതുപോലെ. എന്നെ മടിയിലിരുത്തുന്നതു
പോലെയെല്ലാം എനിക്കനുഭവപ്പെട്ടു. എന്നാൽ അവൾ ഇനി
തിരികെ വരില്ലല്ലോ. ഇവയെല്ലാം എന്റെ മിഥ്യാബോധങ്ങളിലെ
ചേഷ്ടകൾ മാത്രമാണെന്ന് അവശയായ ഞങ്ങളായിരുന്നു
യിലും ഞാൻ ഉരുവിട്ടുകൊണ്ടിരുന്നു. തലതാഴ്ത്തി ഞാ
നെല്ലാ ഓർത്തിരിക്കുന്നു. ചെറു പുൽനാമ്പിൽ നനവാർന്ന്
പുതുകിരണങ്ങൾ സൂര്യകിരണങ്ങളായി തിളങ്ങി.

പക്ഷിക്കുഞ്ഞുങ്ങളുടെ സ്വരം ഓർത്തു കേട്ടു തുടങ്ങി.
പെട്ടെന്ന് ആ വലിയ വീട്ടിലെ സ്ത്രീ തന്റെ
ഭർത്താവിനോടായി പറഞ്ഞു. ദേ, മനുഷ്യാ, നോക്ക്. ഒരു
കാവളം കാളി പക്ഷി മുറ്റിൽ കിടക്കുന്നു. ജീവനുണ്ടെന്നു
തോന്നുന്നു. കൂട്ടിലിടാം ഉടൻതന്നെ ഗൃഹനാഥൻ ചാടിയിറങ്ങി.
ഞാൻ ഒന്നുമേ പ്രതികരിക്കാതെ മൗനമായി
അനുസരണശീലമുള്ള കുട്ടിയെപ്പോൽ ആ തീർച്ച അവരുടെ
വിരലുകൾക്കുള്ളിലൊതുങ്ങി. എനിക്ക് നിരാശ
തോന്നിയതേയില്ല. അവൾ കിടന്ന കൂട്ടിലേക്കാണ് എന്നെ
കൊണ്ടിടുന്നത്. അവളുടെ അന്ത്യശ്വാസം ആ കൂട്ടിൽ
തങ്ങിനിൽപ്പുണ്ടാവും. അവളുടെ രക്തത്തിന്റെ കറ
ഇരുമ്പുകമ്പികളിൽ പറ്റിപ്പിടിച്ചിട്ടുണ്ടായിരുന്നു. ഇനി
അവൾ കെട്ടിയ എന്റെ കാലിലും അവർ കുരുക്കിടും.
എണ്ണപ്പെട്ട ദിനങ്ങളിലൊന്നിൽ ഞാനും മരിക്കും.
അവളുടെ കുഴിമാടത്തിനോടു ചേർന്ന് എന്നെയും
കുഴിച്ചിടും. അവൾ എന്റെ വരവും പ്രതീക്ഷിച്ചിരിപ്പുണ്ടാവും.
അങ്ങനെ ഞങ്ങൾ വീണ്ടും ജനിക്കും. വീണ്ടും കണ്ടുമുട്ടും.
അങ്ങനെ. അങ്ങനെ. ഒരു ശക്തിക്കും പിരി
ക്കാനാകാതെ ഒരു യുഗം ഞങ്ങൾ പ്രണയിച്ചു തീർക്കും.

പിറ്റേന്ന് ഗൃഹനാഥൻ ആ വലിയ കൂട്ടിനരികിലേക്ക് ഒരു
പുതിയ പക്ഷിയുമായി വന്നു. എന്നാൽ ആ
കുഞ്ഞുപക്ഷിയും ആ ഉണരാത്ത നിദ്രയിലേക്ക്
ആണ്ടുപോയിരുന്നു.

**KAVYA MOL A.B.**
I DC MALAYALAM




# വിമല

## സിൽക്സ് & ടെയ്ലറിംഗ്
## (ലേഡീസ് ഓൺലി)

കുറവിലങ്ങാട് സെന്റ്. മേരീസ് ഹൈസ്കൂളിന് എതിർവശം
ഒന്നാം നില

PH: 9526 725 358, 9656 566 548

ബോട്ടിക് മെറ്റീരിയൽ കളക്ഷൻസ് കോട്ടൺ മെറ്റീരിയൽസ്
റെഡിമെയ്ഡ് ചുരിദാർ പാർട്ടിവെയർ, ഹൈഫാഷൻ റെഡിമെയ്ഡ് ചുരിദാർ
ലെഹംഗ ചോളി & ഗൗൺസ്, കിഡ്സ് റെഡിമെയ്ഡ് ഡ്രസുകൾ
ചുഡി, ലെഗിൻസ്, പട്യാല, ദോത്തി, ഹറം കാപ്രി, ജീൻസ്, പാലാസോ, ദുപ്പട്ടാസ്
ഷാൾസ്, സ്റ്റോൾസ്, നൈറ്റികൾ, ബെഡ്ഷീറ്റുകൾ തുടങ്ങിയ എല്ലാ മെറ്റീരിയലുകളും.

**വിപുലീകരിച്ച വിശാലമായ ഷോറൂമിലേക്ക് എല്ലാവർക്കും സ്വാഗതം**


അരുണം
പ്രതീക്ഷയുടെ പുതുനാമ്പ് തളിർക്കട്ടെ
ഹരിതമായ്
DEVA MATHA COLLEGE

# Pages Contents


സുത സൂര്യൻ ........ 89

നിന്നെ ........ 90

സ്റ്റുഡന്റ് കൗൺസിൽ റിപ്പോർട്ട് ........ 91

ബാവുൾ സംഗീതം ........ 96

Things of Beauty ........ 97

ബുള്ളറ്റ് വന്നു വിളിച്ചപ്പോൾ ........ 98

മഴ ........ 100

A little Star from Heaven ........ 102

ആ ഒരു നീരാളിയുടെ കഥ (എം.എൻ. കാരശ്ശേരി) ........ 104

വെൽക്കം ടു വയനാട് ........ 106

Lost Dream ........ 110


കുത്തുവാൻ മാത്രമോർക്കുന്നത് ........ 111

ജന്മാന്തരങ്ങളിൽ ........ 111

നാഷണൽ യൂത്ത് കോൺഫറൻസ് ........ 114

ഒരു സ്നേഹം ഒരുപാട് വാത്സല്യം ........ 116

# സൂത സൂര്യൻ



സൗവർണ്ണ നിറമാർന്ന തേജസുയർന്നു
സൂര്യകവചത്തിൻ പ്രഭ വിടർന്നു
ഒരുനാളു നിറമുള്ള വേളയതിൻ
മടിയിലായ് വന്നൊരാ ബാലികയും

ആ മന്ത്രസിദ്ധിതൻ കാര്യമോർത്ത്
ആദിത്യനന്നേരം ആലസ്യമായ്
എങ്കിലും നൽകി തൻ പുത്രനായി
എന്നും ജയിച്ചിടാൻ കവചമായി

തത്തിക്കളിച്ചു ചിണുങ്ങിയ കുഞ്ഞിനെ
താനെ സാക്ഷിയായുപേക്ഷിച്ചവൾ
സൂതനാം സാരഥി രക്ഷകനായി
സാമോദം ജീവിച്ചു സൂതനായി

ഓടിവളർന്നൊരാ കൂട്ടുകെട്ടിൽ
തെപരചിന്തകൾക്കിടമില്ല
മധുരിക്കും ഓർമ്മകൾ പങ്കുവയ്ക്കാൻ
മറ്റില്ലാത്തൊരാ പ്രണയകാലം



ഉന്നതനായൊരു മിത്രത്തിനൊപ്പം
ഉന്നതസ്ഥാനത്തിനർഹനായി
ഉൺമയായുള്ളൊരാ കാര്യമെല്ലാം
ഉള്ളുപിടഞ്ഞവൻ കേട്ടുനിന്നു

ശത്രുഭാവേ നിൽക്കും സോദരരെ
ശത്രുവായ് കണ്ടവൻ മിത്രതയ്ക്കായ്
ആഗ്രഹമെല്ലാം അനുജന്നുനൽകി
അവനിയിൽ ജീവിതം ദാനമാക്കി

കാലനാം യുദ്ധം കൊടുമ്പിരികൊൾകേ
കൈവിട്ടതില്ല തൻ ധർമ്മമൊന്നും
പിന്നെ നാം കേട്ടൊരാ ത്യാഗവൃത്തം
ധീരനാം കർണ്ണന്റെ ജീവവൃത്തം

**ASWATHY MANI**
III DC ENGLISH



# നിന്നെ...

അറിയുവാൻ സാധിക്കുന്നു നിന്നെ എന്നും കടലോളം.
എത്തുവാൻ സാധിക്കില്ല എന്നറിഞ്ഞിട്ടും !
കടൽത്തിര പോലൊരു തോണി.
അതിൽ ഉഷുചുക്കുന്ന ഒച്ചുകൾ.

നിന്റെ കൈകളിൽ എത്താതെ !
ചുളിയുന്ന എന്റെ വിരലുകൾ.
ഒവിയിൽ ചെന്നു കുമ്പസാരിക്കുന്നു നീ !
ഇവിടെ ഇനിയും  പിറന്നാൽ !
സൂര്യനെ കാണാതെ ഉറങ്ങിക്കിടക്കാം

പക്ഷേ,
പുതപ്പിൽ നീ തുന്നിയ പൂക്കളുണ്ടായിരിക്കണം !
അതു നിന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും.

**SWADIN SAJAN**
I DC BOTANY

# കുറവിലങ്ങാട് ദേവമാതാ കോളേജ് സ്റ്റുഡന്റ് കൗൺസിൽ

## 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കുറവിലങ്ങാട് ദേവമാതാ കോളേജിൽ 2017 ആഗസ്റ്റ് 22-ാം തീയതി തിരഞ്ഞെടുപ്പു നടന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് തിരഞ്ഞെടുക്കപ്പെട്ടവർ വോട്ടു ചെയ്ത് ഈ വർഷത്തെ വിദ്യാർത്ഥി പ്രതിനിധികളിൽനിന്ന് സ്റ്റുഡന്റ് കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു. യൂണിയൻ അഡ്വൈസർ റെന്നി എ. ജോർജ്ജിന്റെയും ചെയർമാൻ ജോൺ കെ. സേവ്യറിന്റെയും നേതൃത്വത്തിൽ 14 വിദ്യാർത്ഥികളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

**സത്യപ്രതിജ്ഞ**

ഈ വർഷത്തെ യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞാചടങ്ങ് 2017 സെപ്റ്റംബർ 22-ാം തീയതി നടന്നു. പ്രിൻസിപ്പൽ ഡോ. ഫിലിപ്പ് ജോൺ, യൂണിയൻ അഡ്വൈസർ റെന്നി എ. ജോർജ്ജ്, ഡോ. സിബി കുര്യൻ എന്നിവർ സന്നിഹിതരായിരുന്നു.

**യൂണിയൻ ഉദ്ഘാടനം**

കുറവിലങ്ങാട് ദേവമാതാ കോളേജ് സ്റ്റുഡന്റ്സ് കൗൺസിലിന്റെ ഉദ്ഘാടനം 2017 നവംബർ 9 വ്യാഴാഴ്ച നടത്തപ്പെട്ടു. ഈ ചടങ്ങിൽവച്ച് 2017-18 അദ്ധ്യയനവർഷത്തെ യൂണിയനും ആർട്സ് ക്ലബ്ബും ഉദ്ഘാടനം ചെയ്യപ്പെട്ടു. യൂണിയൻ ചെയർമാൻ ജോൺ കെ. സേവ്യറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് സ്വാഗതം ആശംസിച്ചത് വൈസ് ചെയർപേഴ്സൺ ലിബി ഷിജയാണ്. കോളേജ് പ്രിൻസിപ്പൽ ഡോ. ഫിലിപ്പ് ജോൺ ആമുഖപ്രഭാഷണം നടത്തി. മുൻ പി.എസ്.സി. ചെയർമാനും കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസിലറുമായ ഡോ. കെ.എസ്. രാധാകൃഷ്ണനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. തിരി തെളിയിച്ചതിനുശേഷം അദ്ദേഹം വിദ്യാർത്ഥികളോട് സംസാരിച്ചു. യൂണിയൻ അഡ്വൈസർ ശ്രീ. റെന്നി എ. ജോർജ്ജ്, ആർട്സ് ക്ലബ്ബ് സെക്രട്ടറി കൃഷ്ണദാസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി ആൽബിൻ ദേവസ്യ സമ്മേളനത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചു.

**സ്പോർട്സ് ഡേ - 8/1/2018**

ആരോഗ്യകരമായ കായികസംസ്കാരം വളർത്തിയെടുക്കാനായി ഈ വർഷവും ജനുവരി 8-ാം തീയതി വിദ്യാർത്ഥികൾ മത്സരക്കളത്തിലേക്കിറങ്ങി. അന്നേ ദിവസം വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്ന് വിദ്യാർത്ഥികൾ പതാകയുടെ കീഴിൽ അണിനിരന്നു. തുടർന്നു നടന്ന മാർച്ച് പാസ്റ്റിൽ എല്ലാവരും പങ്കു ചേർന്നു. കായികമത്സരങ്ങൾ നടന്നു. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികളും ഡിപ്പാർട്ടുമെന്റ് അനുസരിച്ച് പങ്കെടുത്തു. ഇതിൽ സുവോളജി ഡിപ്പാർട്ടുമെന്റ് ഒന്നാം സ്ഥാനം നേടി.



ഡിപ്പാർട്ട്മെന്റിലെ വത്സൻ സാറിന്റെയും പ്രമീള മിസ്സിന്റെയും നേതൃത്വത്തിൽ എല്ലാ ഇനങ്ങളിലും വിദ്യാർത്ഥികൾ കായികമത്സരത്തിൽ പങ്കുചേർന്നു

**ആർട്സ് ഡേ - 10/1/2018 - 11/1/2018**

ദേവമാതായുടെ കലോത്സവവേദിയിൽ 2018 ജനുവരി 10-ാം തീയതി തിരി തെളിഞ്ഞു. ആർട്സ് ക്ലബ്ബ് സെക്രട്ടറി കൃഷ്ണദാസിന്റെ നേതൃത്വത്തിൽ രണ്ടു ദിവസങ്ങളിലായി വിവിധ കലാമത്സരങ്ങൾ നടന്നു. വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കുചേർന്നു. ഉദ്ഘാടന സമ്മേളനത്തിൽ ജെൽവിൻ കോട്ടയം, രാജേഷ് ജോർജ് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. എഴുത്ത് ഇനങ്ങൾ ഉൾപ്പെടെ എല്ലാ മത്സരങ്ങളും മാർച്ച് 6-ാം തീയതിയോടെ അവസാനിച്ചു. പഠന-പാഠ്യേതര പ്രവർത്തനങ്ങളിലെല്ലാം ദേവമാതായുടെ വിദ്യാർത്ഥികൾ തങ്ങളുടെ മികവു തെളിയിച്ചു.

ആവേശോജ്ജ്വലമായ കലാമത്സരത്തിൽ ഈ വർഷം ഏറ്റവും കൂടുതൽ പോയിന്റ് വാങ്ങി ഒന്നാമതെത്തിയത് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റാണ്.

**കോളേജ് ഡേ**

2018 ഫെബ്രുവരി 7-ാം തീയതി ഈ വർഷത്തെ കോളേജ് ഡേ യൂണിയന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഈ വർഷത്തെ പഠനമികവിനും കലാകായിക രംഗത്തെ മികവിനും വിദ്യാർത്ഥികൾ സമ്മാനം നേടി. ശ്രീ. തൻസീർ മുഹമ്മദ് വിശിഷ്ടാതിഥിയായിരുന്നു. അദ്ദേഹം വിദ്യാർത്ഥികളുമായി സംവാദം നടത്തി. ഔദ്യോഗിക സമ്മേളനത്തിനുശേഷം കലാപരിപാടികളും അരങ്ങേറി.

## ഇതര പ്രവർത്തനങ്ങൾ

**1. ജൈവകൃഷി**

യുവതലമുറയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷത്തെ യൂണിയന്റെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു. ബോട്ടണി ഡിപ്പാർട്ട്മെന്റിലെ വർഗീസ് സാറിന്റെ സഹായത്തോടെയാണ് പദ്ധതി ആരംഭിച്ചത്.

**2. Love Your Neighbour**

ആശ്രയമറ്റവർക്ക് കൈത്താങ്ങാകുവാൻ ദേവമാതായിലെ വിദ്യാർത്ഥികൾ എല്ലാ ആഴ്ചയിലും ഒരു ദിവസം ഭക്ഷണപ്പൊതിയുടെ രൂപത്തിൽ മരിയൻ സൈന്യത്തിലെ അന്തേവാസികൾക്ക് സ്നേഹം പകർന്നു നൽകുന്നു. Love Your Neighbour എന്ന പദ്ധതിയുടെ ഭാഗമായി ജൈക്കിൾ സാറിന്റെ നേതൃത്വത്തിൽ യൂണിയൻ ഭാരവാഹികൾ വിദ്യാർത്ഥികളിൽനിന്നു സമാഹരിച്ച തുക 2017 ഒക്ടോബർ 23-ന് ചേർന്ന യോഗത്തിൽ മരിയൻ സൈന്യം ഡയറക്ടർക്ക് കൈമാറി.

**3. ഓഖി ദുരന്തബാധിതർക്ക് ഒരു സഹായഹസ്തം**

വൻ നാശനഷ്ടങ്ങൾ വിതച്ച ഓഖി ദുരന്തബാധിതരെ സഹായിക്കുന്നതിനുവേണ്ടി കുറവിലങ്ങാട് ദേവമാതാ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഒരു ഫണ്ട് സമാഹരണം നടന്നു.

**4. ഡ്യൂഡാ മാഷേ... TV ഷോ**

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ദേവമാതായിലെ വിദ്യാർത്ഥികൾ തങ്ങളുടെ കഴിവു തെളിയിക്കുക എന്നതിന് ഉദാഹരണമായിരുന്നു ഈ പരിപാടി.



## ...ലൈഫ് എക്സിബിഷൻ

ജീവസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുക, ഭ്രൂണഹത്യാപ്രവണതകളെ ഇല്ലാതാക്കുക എന്നീ ലക്ഷ്യങ്ങളോടെ നമ്മുടെ ...ളജിലെ ആത്മീയസംഘടനയായ ജീസസ് യൂത്തിന്റെയും യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ 2017 ഫെബ്രുവരി ...തീയതി ഒരു പ്രോ-ലൈഫ് എക്സിബിഷൻ നടത്തപ്പെട്ടു. ഇതിനു മുന്നോടിയായി ഭ്രൂണചിത്രാവതരണവും പോസ്റ്റർ ...നിർമ്മാണ മത്സരവും നടന്നിരുന്നു. ക്രിസ് എന്ന വിദ്യാർത്ഥിനിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ ...സിബിഷനിൽ അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി സമൂഹം മുഴുവൻ പങ്കുചേർന്നു.

## ...ട്ടോഗ്രാഫി കോമ്പറ്റീഷൻ

യൂണിയന്റെ നേതൃത്വത്തിൽ ഈ വർഷം നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ഫോട്ടോഗ്രാഫി മത്സരം ...ു വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നായി ഇരുപതോളം മത്സരാർത്ഥികളാണ് ഇതിന്റെ ഭാഗമായത്. 'എന്റെ ക്യാമ്പസ്' എന്ന ...ഷയത്തിന്മേൽ ഇവരുടെ ക്യാമറാക്കണ്ണുകൾ കോളേജിന്റെ വിവിധ ഭാഗങ്ങളെ ഒപ്പിയെടുത്തു. ഇതിൽ ഒന്നാം സ്ഥാനം ബിലൻ ...റ്റിപ്പിനും രണ്ടാം സ്ഥാനം അമൽ സണ്ണിക്കും ലഭിച്ചു.








KURAVILANGAD

DEVA MATHA COLLEGE
KURAVILANGAD


# Union







Celebrate LIFE

DRUGS
DEATH










# Activities















# ബാവുൾ സംഗീതം

ഇന്ത്യൻ നാടോടിസംസ്കാരത്തിന്റെ അവധൂത പാരമ്പര്യമുണർത്തുന്ന നാടോടിക്കൂട്ടമാണ് ബാവുൾ. ഇവരുടെ സംഗീതമാണ് ബാവുൾ സംഗീതം. സങ്കുചിത മനോഭാവങ്ങൾക്കും ചിന്തകൾക്കും അതീതമായി സാഹോദര്യവും സമർപ്പണവും ന്യായവുമുൾച്ചേർന്ന ബാവുൾ സമൂഹത്തിന്റെ ഈശ്വര-മനുഷ്യ-പ്രകൃതിബന്ധങ്ങളെ സമന്വയിപ്പിക്കുന്ന സംഗീതം സ്നേഹത്തിന്റെ ഉദാത്ത ദർശനമാണ്. ബാവുൾ സംഗീതം വ്യക്തിപ്രണയത്തിന്റെ, സ്വാർത്ഥ സ്നേഹത്തിന്റെ അതിർവരമ്പുകൾ മുറിച്ച് വിശ്വപ്രണയത്തിലേക്കിതു വളരുന്നു. വസുധൈവകുടുംബക സങ്കൽപവും ഇതിനോട് ഇഴചേരുന്നു.

കേവല അനുഷ്ഠാനപ്രധാനമായ ഭക്തിപ്രകടനങ്ങൾക്കപ്പുറത്തേക്ക് അപരനെ ഈശ്വരനായി കണ്ടു സ്നേഹിക്കുന്ന ഉന്നത നാടോടിസങ്കല്പത്തിന്റെ പകർന്നാട്ടവും ഉദാത്തമായ സ്നേഹദർശനത്തിന്റെ സംഗീതാവിഷ്കാരവുമാണിത്. ബൗദ്ധ-വൈഷ്ണവ-സൂഫി-താന്ത്രിക് ദർശനങ്ങൾക്കനുസൃതമായ വ്യത്യസ്തതയ്ക്കപ്പുറത്തേക്ക് വിശ്വസ്നേഹത്തിന്റെ സ്വതന്ത്ര ആവിഷ്കാരമാണ് ഈ ബംഗാളി നാടോടി സംഗീതം. നാടൻ സംഗീതോപകരണങ്ങളായ ഏക്താര, ദൊത്താന്ത്രി വീണ, ദൂതാര, ഡുഗ്ഗി, ഡോലക്, ഖോൾ, ഡുപ്കി, ഡ്രം, ഓടക്കുഴൽ, കൈമണി, കാൽചിലങ്ക തുടങ്ങിയവയാണ് പ്രധാന വാദ്യങ്ങൾ.

നാടോടി സംസ്കാരത്തിന്റെ ആത്മാവ് തൊടുന്ന ആവിഷ്കാരശൈലിയാണ് ബാവുൾ സംഗീതത്തിനുള്ളത്. വിശ്വപ്രണയത്തിന്റെ അലയടികൾ ഉയർത്തുന്ന സംഗീതാലാപനം അനുവാചകഹൃദയത്തെ ഭക്തിസാന്ദ്രമാക്കുന്നു. ഒപ്പം നാടോടി വാദ്യങ്ങളുടെ സ്വരച്ചേർച്ചയിൽ സംഗീതം ഹൃദ്യമായിത്തീരുന്നു. അപരനിലെ ദൈവസാന്നിധ്യത്തെ തിരിച്ചറിഞ്ഞ് ആരാധിക്കുന്ന ബംഗാൾ ഗ്രാമീണതയുടെ ഈ ശ്രേഷ്ഠ സംഗീതശാഖ അനുഷ്ഠാനപ്രധാനമായ മതസങ്കൽപങ്ങൾക്കപ്പുറം വളർന്ന് വിശ്വസ്നേഹത്തിന്റെ അലയടികളുയർത്തുന്നു. നീയും-ഞാനും ഈശ്വരതുല്യരെന്നുദ്ഘോഷിക്കുന്നു.

ബാവുൾ സംഗീതം ബംഗാളി ഗ്രാമീണതയുടെ ആത്മാവിനെ തേടലാണ്. ആധുനികതയുടെയും നാഗരികതയുടെയും ആവിർഭാവത്തിൽ നഷ്ടമാകുന്ന ഗ്രാമീണ പച്ചപ്പിന്റെ ഹൃദ്യമായ വെളിവാക്കലാണ്; വിശ്വപ്രണയത്തിന്റെ ഉദാത്തമായ ദർശനങ്ങളുടെ പങ്കുവയ്ക്കലാണ്. ബംഗാളി സംഗീതം ഭക്തിസാന്ദ്രമാണ്; കേവല പ്രകടന അനുഷ്ഠാനങ്ങൾക്കപ്പുറത്തേക്ക് ഹൃദയം തേടുന്ന അപരനിൽ ഈശ്വരനെ കാണുന്ന ഭക്തിപ്രപഞ്ചം. ആ സംഗീതം ഹൃദയത്തെ തൊട്ടുണർത്തുന്നു. ആഖ്യാനങ്ങൾക്കപ്പുറത്തേക്ക് അനുഭൂതിയുടെ തലത്തിലേക്കതുയർത്തുന്നു.

**LIGO AUGUSTIAN**
II DC ENGLISH



# Things of Beauty

Mothers love is immortal
Nice as grace of lord
Baby's smile knows no wrong
But only sort of innocence........

Sun above heads forms shadows
Tides hug the shore and goes
Greenery beckons us to meadows
Moon and stars glitter.....

Music penetrates into the hearts
As soul given to beloved gives joy
Wombs welcomed new buds of life
Loving gazes endear pleasure.........

Friendship conquers borderless minds
Sincere love fills the earth...

"A thing of beauty is a joy for ever"

**ASWATHY MANI**
III DC ENGLISH

# ബുള്ളറ്റ് വന്നു വിളിച്ചപ്പോൾ



യുവമനസ്സുകളിൽ ഒരു വികാരമായി മാറി കഴിഞ്ഞ, പഴമയുടെ എക്കാലത്തെയും താരമായിരുന്ന ബുള്ളറ്റുകൾ എന്നോ സ്മൃതികളിലേയ്ക്ക് മാഞ്ഞിരുന്നു. എന്നാൽ ശക്തമായ ഒരു തിരിച്ചുവരവ് നടത്തിയിരിക്കുകയാണ് യുവ മനസ്സുകളിൽ വീണ്ടും ഇടം കണ്ടെത്തിയ റോയൽ എൻഫീൽഡുകൾ പുതിയ രൂപഭാവങ്ങൾ കൈക്കൊണ്ടു.

ചങ്കാണ്, ചങ്കിടിപ്പാണ് ബുള്ളറ്റ് എന്ന മട്ടിൽ ഇന്നെല്ലാവരും ബുള്ളറ്റിനെ സ്നേഹിക്കുന്നു. ബുള്ളറ്റ് ഓടിച്ച് യാത്രകൾ പോകണമെന്ന് ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ എണ്ണവും കൂടി. പണ്ടൊക്കെ ബുള്ളറ്റ് ബൈക്കുകൾ കാണുമ്പോൾ ദേഷ്യം വരുമായിരുന്നു എനിക്കിപ്പോൾ ബുള്ളറ്റ് കാണുമ്പോൾ തന്നെ അത് ഓടിക്കണമെന്ന ആവേശമാണ്. ബുള്ളറ്റ് പുതിയ രൂപത്തിലും ഭാവത്തിലും അവതരിക്കുമ്പോൾ അതിലൊരു നീണ്ട റൈഡ് പോകുന്നതിനെക്കുറിച്ചോർത്ത് എന്റെ എത്ര പകലുകൾ അസ്വസ്ഥമായി.

പെൺകുട്ടികൾ ബൈക്ക് ഓടിക്കുന്നത് നാട്ടുകാർക്ക് ഇന്നും ആ ചെറിയ അത്ഭുതത്തിനുള്ള വക തന്നെ എന്നിരുന്നാലും. ബുള്ളറ്റിൽ ലോകം ചുറ്റാൻ ഇറങ്ങുന്ന പെൺകുട്ടികൾ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പതാക പാറിക്കുന്നവരാണ് എന്നാണെന്റെ പക്ഷം ഫെമിനിസത്തിന് അതീതമായ ഒരു യാത്രാസ്വപ്നത്തിന്റെ സഫലീകരണത്തിന്റെ പ്രതീകമാണ് പലർക്കും ബുള്ളറ്റ് യാത്രകൾ കട കട ശബ്ദത്തിൽ ചീറി പാഞ്ഞ് പോകുന്ന ബുള്ളറ്റ് യാത്രികർ എന്റെ സ്വപ്നങ്ങളിൽ വന്ന് ഉറക്കം കെടുത്താൻ തുടങ്ങിയപ്പോൾ ഞാനൊന്നു തീരുമാനിച്ചു എനിക്കും പോകണം ബുള്ളറ്റിൽ ഒരു യാത്ര എങ്ങോട്ടെങ്കിലും ഒന്ന് ആഗ്രഹിച്ചാൽ അതു നടപ്പാകുംവരെ അസ്വസ്ഥമാകുന്ന എന്റെ മനസ്സുതന്നെയായിരുന്നു ഏറ്റവും വലിയ പ്രചോദനം

നിറയെ കുന്നും മലയുമുള്ള നാട്ടിൽ ജനിച്ചു വളർന്നതിനാൽ ആദ്യ റൈഡും മലകളിലേയ്ക്കായി ഇ ണ്ട് ഇതെന്തു ഭാവിച്ചാണ് എന്ന് നോക്കി നിന്ന നാട്ടുകാരോട് ഞാനിങ്ങനെയാണെന്ന് പറഞ്ഞ് പുറപ്പെട്ടു. യാത്രയിൽ ഉടനീളം യാത്രികരെ സ്വീകരിക്കാനായി നിൽക്കുന്ന കൊക്കകളെ നോക്കി ആദ്യയാത്ര ഓർമകളിൽ ഇന്നു

കഴിഞ്ഞത് എന്നപോലെ വ്യക്തം

സമൂഹത്തിന്റെ പേരിൽ കല്പിക്കപ്പെടുന്നവ നിർവ്വചിക്കാതെ പോകുന്ന ചിലതിൽ ഒന്നാണ് എന്നതും ചെയ്യാനുള്ള, അല്ലെങ്കിൽ പുരുഷൻ ചെയ്യുന്ന എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് സ്ത്രീകൾക്ക് വേണ്ടത്, മറിച്ച് അവർക്ക് അവരുടെ സ്വപ്നങ്ങൾക്കു പിന്നാലെ പോകാനുള്ള സ്വാതന്ത്ര്യമാണ് വേണ്ടത് എന്ന അഭിപ്രായം പലപ്പോഴും എന്റെ ചിന്തകളിൽ കടന്നുവന്നിരുന്നു

മൂന്നാറിലേക്കുള്ള റൈഡ് കഴിഞ്ഞു വന്നപ്പോൾ തോന്നിയ വികാരം ഇതൊരു തുടക്കമാണ് ഇനി ഒരുപാടെണ്ണം എന്ന വാശിയായിരുന്നു ബൈക്കിൽ ലോകം ചുറ്റുന്ന സ്ത്രീകളോട് തോന്നുന്ന ബഹുമാനവും ആരാധനയും പറഞ്ഞറിയിക്കാൻ ആവാത്ത ഒന്നായി



മാറിയിരിക്കുന്നു

ബൈക്കിൽ യാത്ര പോകുന്നത് സുരക്ഷിതമല്ല എന്ന അഭിപ്രായം ഇന്നും മാറിയിട്ടില്ല എന്നാൽ വേണ്ട മുൻകരുതലുകളും ശ്രദ്ധയുമുണ്ടെങ്കിൽ ഏത് യാത്രയും അപകടമില്ലാത്തത് എന്നനുഭവത്തിൽ നിന്ന് തന്നെ പറയാം. യാത്രകളോട് പ്രണയമുള്ളവർക്ക് ഏറ്റവും ഇഷ്ടം ബൈക്കിൽ കറങ്ങാനായിരിക്കും അപ്പോൾ കിട്ടുന്ന ഒരു ഫീൽ. എന്റെ ഭാഷ. പറഞ്ഞറിയിക്കാൻ പറ്റില്ല. നിയന്ത്രണമില്ലാത്ത ആഘോഷം യാത്രകളെ ദുരിതയാത്രകളാക്കി മാറ്റും. അങ്ങനെയുള്ള അനുഭവങ്ങൾ ധാരാളം കാണാറുണ്ട്

ഇപ്പോഴത്തെ ചെറുപ്പക്കാരിൽ യാത്രപോകാൻ ആഗ്രഹിക്കാത്തവരായി ആരുമില്ല. പുതിയ അനുഭവങ്ങളും രുചികളും കാഴ്ചകളും തേടി പോകാൻ കൂട്ടായെത്തുന്ന വാഹനങ്ങളെ പരിചയപ്പെടാനും അതിലൊരു റൈഡ് നടത്താനും ആഗ്രഹിക്കുന്ന എല്ലാവരോടും ചേരുകയാണ് എന്റെ മനസ്സും.



**MIYANA JOY**
I DC MALAYALAM



# മഴ

ഇന്ന്,
മഴ ഒരു സംഗീതം പോലെ
എനിക്ക് മുമ്പിൽ
സ്നേഹത്തിന്റെ വെള്ളിത്തൂവലുകൾ
ഭൂമിയെ സ്പർശിക്കുന്നത് ഞാനറിഞ്ഞു.

ഇപ്പോൾ,
മഴ ഒരു സ്വാന്തനമാണ്
വിണ്ടുണങ്ങിയ മനസ്സുകൾക്ക്
മുളച്ചുപൊങ്ങാൻ വെമ്പുന്ന വിത്തുകൾക്ക്
കാത്തിരിക്കുന്ന വേഴാമ്പലുകൾക്ക്

ഇനി,
മഴയൊരു കുളിരാണ്
സ്വർഗ്ഗം കനിഞ്ഞുനൽകുന്ന ഉറവാണ്
എപ്രിലും മേയും കാണാൻ കൊതിക്കുന്ന
സംഗീതത്തിന്റെ സ്വരമാണ്

**SR. JESSY LUCKOSE**
I PG MALAYALAM

# Through the 3rd Eye...



CONFLUENCE — DR. JAISON P. JACOB



IN REVERENCE — MR. ALPHIN CHACKO M. A.



SMILE OF INNOCENCE — BIJESH P. BIJU II PG



MY IDENTITY — MILAN FRANCY III DC



THE REFLECTION — GEORGIN JOSE KOYICKAL II DC B.COM



KODAI DIARIES — TIMI THOMAS II PG



THROUGH MOTHERHOOD — RINTU CYRIAC II PG



# A little Star from Heaven

During the midst of a winter night
I gaze upon the vast sky
Hoping to seek light
Then i curse myself, my
lonely days, and the empy height
No stars to be seen, why
The moon itself wasnt in sight

I never knew why
Why i was made to sit there
Why my ma couldn't stay
Why all my uncles are here
Little i know about the star i should pray
The moon wasn't up there
She was here, a new star to the milky way

A cold night of my life
That gave warmth throughout my life
A new star coming out of theater
His eyes were closed so the mouth opens more
A sound I knew will save me from loneliness
I'm freed from my boredom
He gave me new meanings to life

My life was just a reflection
Of the coldness, the loneliness
That manifested upon the empty dark sky
Killing me with unbearable pain
This until he was born
His birth was the ray of sunshine
That brought life to my soul

**JEEVAN VARGHESE**
II DC BOTANY



# മാതാ ഗ്ലാസ്സ് ഹൗസ്

വൈക്കം റോഡ്, കുറവിലങ്ങാട്

Ph: 9400663279, 9846169741

SAINT-GOBAIN Godrej YAMA glass Sleek THE KITCHEN SPECIALIST FABER

MODIGUARD WUDPLY > SAINT GOBAIN > SLEEK > YAMA
SAKTHIMAN > SPIDER > PUMA > PERFECT > ROYAL



# DAWN SPORTS

DEALERS IN SPORTS GOODS &WEARS

PANAMKUZHACKAL BUILDING
NEAR PRIVATE BUS STAND, KURAVILANGAD
KOTTAYAM, KERALA
PH: 9747405801, 8281088281

NIVIA Reebok YONEX SEGA LI-NING



# ആ ഒരു നീരാളിയുടെ കഥ

**എം. എൻ. കാരശ്ശേരി**

2018 ജൂലൈമാസം പതിനൊന്നാം തീയതി എല്ലാ മണി എന്നൊരു സമയം കഴിഞ്ഞാൽ കാണാൻ അനുമതി കാത്ത കാർക്കശ്യം നിറഞ്ഞ എം.എൻ. കാരശ്ശേരി എന്ന അമൂല്യ പ്രതിഭയെ നേരിൽ കാണാൻ പോകുമ്പോൾ മനസ്സു നിറയെ ആശങ്കതി ബഹുമാനം മാത്രമായിരുന്നു. എന്നാൽ കോഴിക്കോട് ഡി.സി. ബുക്സിന്റെ ഗസ്റ്റ് ഹൗസിൽ ഞങ്ങളെ, അതായത് മലയാളവിഭാഗത്തിലെ അധ്യാപകൻ **ജോബിൻസാർ, അക്ഷര, അമല, ആദ്യ, ലിയാന** കാത്തിരുന്നത്, തന്റെ ചിരിയും ചിന്തയുംകൊണ്ട് പ്രകാശം പരത്തുന്ന കാരശ്ശേരി മാഷായിരുന്നു.

അദ്ദേഹം ഞങ്ങളെ വളരെ ഹാർദ്ദമായി സ്വാഗതം ചെയ്തു കസേരയിലിരുത്തി എല്ലാവരെയും പരിചയപ്പെട്ടു. ചെറിയ ചില നർമ്മസംഭാഷണങ്ങൾക്കൊടുവിൽ, ഇന്റർവ്യൂ എടുക്കാൻ ചെന്ന ഞങ്ങൾ സൗഹൃദത്തിലായി. ഒരു Interviewer-ഉം Interviewee-ഉം തമ്മിലുള്ള അതിർവരമ്പുകൾ കടന്ന് ചിരകാല സുഹൃത്തുക്കൾ എന്ന നിലയിലേക്ക് ഞങ്ങൾ ഉയർന്നു.

എന്തുകൊണ്ടെന്നറിയില്ല, മൊഹിയുദ്ദീൻ നടുക്കണ്ടിയിൽ എങ്ങനെ എം.എൻ. കാരശ്ശേരിയായി എന്ന ഞങ്ങളുടെ സംശയംതന്നെ ആദ്യം പുറത്തുവന്നു. കോഴിക്കോടിന്റെ അതിർത്തി ഗ്രാമമായ കാരശ്ശേരിയിൽ ജനിച്ചതുകൊണ്ടാവും അദ്ദേഹത്തിന്റെ എഴുത്തും ഭാഷയും തൂലികാനാമവും അവിടവുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്ന ഞങ്ങളുടെ ധാരണയെ തിരുത്തുന്നതായിരുന്നു.

അദ്ദേഹത്തിന്റെ മറുപടി. നഗരവും ഗ്രാമവും തമ്മിൽ ഒരുപാട് അന്തരമുണ്ട്. നാട്ടിൻപുറത്തിന്റെ ജീവിതത്തിനും ശൈലിക്കും അതിന്റേതായ മൂല്യങ്ങളുണ്ട്. 'റൂം ബോയ്' ചായ കൊണ്ടുവന്നപ്പോൾ നിങ്ങളെയിരുത്തി ഞാൻ കുടിച്ചതും, അത് എനിക്കുള്ളതാണെന്നു മനസ്സിലാക്കി നിങ്ങൾ പരിഭവിക്കാത്തതും നഗരസംസ്കാരത്തിന്റെ ഭാഗമാണ്. നാട്ടിൻപുറത്തിന് അതു മനസ്സിലാകില്ല. അവർ അതിഥിയെ സത്കരിച്ചശേഷമേ കഴിക്കൂ. മാഷിന്റെ ഉമ്മ പറയുന്നതുപോലെ പശിയും പൊരിയും വേണം. തന്റെ വീട്ടിലെ ജോലിക്കാരിയായിരുന്ന കുഞ്ഞാമിനച്ചിക്ക് പശിയില്ലെങ്കിലും പൊരിയുണ്ട് എന്നദ്ദേഹം ഓർമ്മിച്ചു. വീട്ടിൽനിന്നു കളഞ്ഞുകിട്ടിയ പണവുമായി ഇതാരുടേതാണ് എന്നന്വേഷിച്ചു നടക്കുന്ന കുഞ്ഞാമിനച്ചി കളവും പൊളിയും ചതിയും അറിയില്ലാത്ത നാട്ടിൻപുറത്തിന്റെ നന്മകളുടെ പ്രതീകമെന്നു പറയുമ്പോൾ, താൻ നഗരസ്വഭാവത്താൽ കളങ്കപ്പെട്ടവനെന്നും അദ്ദേഹം സമ്മതിക്കുന്നു. ഇത്തരം മൂല്യങ്ങൾ നിറഞ്ഞ നാടിന്റെ പേരിൽ അദ്ദേഹം അറിയപ്പെടാൻ ആഗ്രഹിക്കുന്നതിൽ അത്ഭുതപ്പെടേണ്ട കാര്യമേയില്ല.

സംഭാഷണവഴിയിൽ മുക്കം ഗ്രാമവും പ്രണയവും വിഷയമായപ്പോഴും അദ്ദേഹത്തിന്റെ മറുപടി വ്യത്യസ്തമായിരുന്നു. കുറച്ചു നാളുകൾക്കുമുമ്പ് മുക്കത്തിന്റെ പ്രണയനായിക കാഞ്ചനേടത്തിയെ (കാഞ്ചനമാല) കണ്ട അനുഭവവും അദ്ദേഹം പങ്കുവച്ചു. കാഞ്ചനേടത്തി പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തെ വളരെയധികം ഞെട്ടിച്ചുവത്രേ. "നിങ്ങളുടെയൊക്കെയുള്ളിലാണ് മൊയ്തീൻ മരിച്ചത്, മൊയ്തീൻ എന്റെയുള്ളിൽ ജീവിച്ചിരിക്കുന്നു. ഞാൻ ജീവനോടെയുണ്ട്; അപ്പോ മൊയ്തീൻ എങ്ങനെയാണ് മരിക്കുന്നത്" പക്ഷേ അത് തനിക്കൊരിക്കലും മനസ്സിലാകില്ല എന്നും അതിനു കാരണം താൻ പ്രണയിച്ചിട്ടില്ലെന്നും അദ്ദേഹം ഒരു ചെറുചിരിയോടെ പറഞ്ഞു. ശരിയാണ്, പ്രണയം അങ്ങനെ എല്ലാവർക്കും



മന്ദിരമാകില്ല എന്നാൽ മലയാളത്തിന്റെ സാഹിത്യചരിത്രത്തിൽ ആദ്യം പ്രണയം വിഷയമാക്കിയ 'നടൻ പ്രേമം' പക്ഷേ പറഞ്ഞത് ഒരു പ്രണയവഞ്ചനയുടെ കഥയാണ്.

മതത്തിന്റെയും വിശ്വാസത്തിന്റെയുമൊക്കെ കാര്യത്തിൽ വളരെ വ്യക്തമായ നിലപാടുകൾ അദ്ദേഹത്തിനുണ്ട്. എല്ലാ മതങ്ങളെയും ഒന്നുപോലെ കാണുന്ന മാഷിന്റെ മക്കളുടെ പേരുകൾ പോലും അപ്രകാരം തന്നെ. അവയെല്ലാം തികച്ചും യാദൃച്ഛികമാണ് എന്നദ്ദേഹം തുറന്നു സമ്മതിക്കുന്നു. കാരണം മക്കളുടെ പേരുകൾ തന്റെ ഭാര്യയാണ് കൊടുത്തത്. അതോടൊപ്പംതന്നെ പൂരത്തിനും കൊടുങ്ങല്ലൂർ ഭരണിക്കും മക്കയ്ക്കുമൊക്കെ പോയതുമായ കാര്യങ്ങൾ അദ്ദേഹം പങ്കുവച്ചു.

കുട്ടികൃഷ്ണമാരാരെ ഗുരുവായി കണ്ട അദ്ദേഹത്തിന്റെ ഏകലവ്യനെപ്പോലെയുള്ള ശിഷ്യൻ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ മരണത്തിൽ ഏറെ വ്യസനിച്ച ഒരാൾ; ആ വ്യക്തിത്വത്തിന് അർഹതപ്പെട്ട ആദരം ലഭിക്കാത്തതിൽ പരിഭവിച്ച ആൾ എന്നതിനെക്കുറിച്ചു സംസാരിച്ചപ്പോൾ, ഒരു ചെറുചിരിയും മൗനവുമായിരുന്നു ആദ്യ പ്രതികരണം. അതൊരുപക്ഷേ മനസ്സുകൊണ്ടുള്ള ഒരു ഗുരുവന്ദനമാകാം.

യാത്രകളും രുചിഭേദങ്ങളും ഇഷ്ടപ്പെടുന്നയാൾ എന്ന നിലയിലുള്ള അനുഭവങ്ങളിൽ ചിലത് അദ്ദേഹം പറഞ്ഞു. ഒരു യാത്ര എന്നത് നമ്മൾ നമ്മുടെ വീട്ടിൽനിന്നു മാറി പുതിയ അനുഭവങ്ങൾ തേടിയുള്ള യാത്രയാണ്. നമ്മുടെ അഭിരുചിക്ക് അനുസരിച്ച് ഒന്നും ഉണ്ടാവില്ല. എല്ലാം വ്യത്യസ്തമായിരിക്കും; അങ്ങനെയുള്ള ഏതു സാഹചര്യത്തിലും തറയിൽപോലും കിടന്നുറങ്ങാനുള്ള മനസ്സാണ് പ്രധാനം. അങ്ങനെയൊരു സാഹചര്യത്തിലാണോ നീരാളിയെ കഴിച്ചത് എന്ന ചോദ്യത്തിന് വളരെ കുസൃതി നിറഞ്ഞ ചിരിയോടുകൂടി ഇതെങ്ങനെയറിഞ്ഞു എന്ന ചോദ്യമായിരുന്നു മറുപടി. അതോടൊപ്പം നീരാളി ഒരു സാധു ജീവിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാഹിത്യത്തിലെ ചില സംശയങ്ങളും അവിടെ സംസാരിക്കുകയുണ്ടായി. ബഷീറിന്റെ ഒരു കഥാസമാഹാരത്തിന്റെ പേര് പിടക്കോഴി കൂവുന്നു എന്നായിരുന്നു. അങ്ങനെയൊരു ബഷീറിന്റെ തിരഞ്ഞെടുക്കലിനെക്കുറിച്ചു ചോദിച്ചപ്പോൾ വളരെ നർമ്മരസപ്രധാനമായ ഒരു മറുപടിയാണ് ലഭിച്ചത്. കശ്മീരിൽ മൂന്നു മുസ്ലീം സഹോദരികൾ ചേർന്നു രൂപീകരിച്ച ഗായകസംഘം സമൂഹമാധ്യമങ്ങളിലൂടെ ലോകം മുഴുവനും അറിയപ്പെട്ട തുടങ്ങിയ സാഹചര്യത്തിൽ ചില മുസ്ലീം പുരോഹിതർ അവരെ അതിൽനിന്നു വിലക്കുകയും അവർ മാറി അത് ഉപേക്ഷിക്കുകയും ചെയ്തു. ഈ സംഭവത്തിന് ബഷീറിന്റെ മനസ്സിലേക്ക് ആദ്യം എത്തിയത് നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള പിടക്കോഴി കൂവുന്നു എന്ന ചൊല്ലാണ്. അതുപോലെതന്നെ അറബി മലയാള സാഹിത്യത്തിന്റെ പുനരുജ്ജീവനത്തെക്കുറിച്ചു പ്രതിപാദിച്ചപ്പോൾ അതൊന്നും ഇനി ഉണ്ടാവില്ല എന്നും ഉണ്ടായാൽ തന്നെ പരിശീലിക്കേണ്ടതിന്റെയൊന്നും ആവശ്യമില്ല എന്നും വളരെ വ്യക്തമാക്കി.

എന്തിനും ഏതിനും ശക്തമായ നിലപാടുകളുള്ള, വാക്കും പ്രവൃത്തിയും ഒരുപോലെ കൊണ്ടുപോകുന്ന ഒരു മനുഷ്യൻ - അതാണ് കാരശ്ശേരി. രാഷ്ട്രീയം, മതം, ജനാധിപത്യം, സാഹിത്യം, യാത്ര, ഭക്ഷണം തുടങ്ങി എന്തിനെക്കുറിച്ചു ചോദിച്ചാലും വ്യക്തമായ മറുപടികൾ.

ഒരു പൂവു ചോദിച്ചു ചെന്ന ഞങ്ങൾക്ക് ഒരു വർണ്ണവസന്തം സമ്മാനിച്ച കാരശ്ശേരി മാഷ്, മുൻപൊരിക്കൽ പോലും കണ്ടിട്ടില്ലാത്ത ഞങ്ങളെ ചിരകാല സുഹൃത്തുക്കളോട് എന്നപോലെയാണ് പെരുമാറിയത്. ഞങ്ങളുടെ പേരുകൾ ചോദിച്ച്, അത് ഓർമ്മയിലിരുത്താനെന്നോണം വീണ്ടും വീണ്ടും ആവർത്തിച്ചു. ഞങ്ങളുടെ ഭാവി ആഗ്രഹവും അദ്ദേഹം ചോദിച്ചറിഞ്ഞു.

സമയം അതിക്രമിച്ചപ്പോൾ ഞങ്ങൾതന്നെ അദ്ദേഹത്തിനോട് യാത്ര പറഞ്ഞു. ഞങ്ങളെ യാത്രയാക്കാൻ മാഷ് പടികൾവരെ വന്നു നിന്നു. വഴി മായുംവരെ ഒരു യാത്രയയപ്പിന്റെ എല്ലാ മോടികളോടുംകൂടി അദ്ദേഹത്തിന്റെ കണ്ണുകൾ ഞങ്ങളെ അനുഗമിച്ചു. ■



# വെൽക്കം ടു വയനാട്



യാത്രകൾ ഇഷ്ടപ്പെടാത്തവരായി ആരുംതന്നെ ഉണ്ടാവില്ല. ഓരോ യാത്രയും സമ്മാനിക്കുന്നത് മാസ്മരികമായ അനുഭവങ്ങളാണ്.

വയനാട്... ഏതൊരു സഞ്ചാരിയെയും മോഹിപ്പിക്കുന്ന വശ്യസുന്ദരിയായ 'വയനാട്' സാഹസികത ഇഷ്ടപ്പെടുന്നവരുടെ പറുദീസയാണിവിടം. രണ്ടു ദിവസത്തെ യാത്രയ്ക്കായി ഞങ്ങൾ തിരഞ്ഞെടുത്തതും വയനാടുതന്നെ. വേനൽമഴ പെയ്ത് ചൂടു ശമിച്ച ഏപ്രിൽ മാസത്തെ അവസാന ആഴ്ചയാണ് യാത്ര പോയത്. കോഴിക്കോട്, കണ്ണൂർ ജില്ലകളുടെ ഭാഗമായിരുന്ന പ്രദേശങ്ങൾ അടർത്തിയെടുത്താണ് കേരളത്തിന്റെ പന്ത്രണ്ടാം ജില്ലയായി വയനാട് രൂപംകൊള്ളുന്നത്. തമിഴ്നാടിനോടും കർണ്ണാടകത്തോടും അതിർത്തി പങ്കിടുന്ന ഏകജില്ലയാണ് വയനാട്.

**DAY I: മലമുകളിലെ എടയ്ക്കൽ ഗുഹ**

മനുഷ്യപുരോഗതി ചിത്രലിപികളിൽ അടയാളപ്പെടുത്തിയ എടയ്ക്കൽ ഗുഹയിലേക്കാണ് ആദ്യം പോയത്. ദിവസവും ആയിരങ്ങളാണ് ഇവിടെയെത്തുന്നത്. മുപ്പതു രൂപ ടിക്കറ്റ് എടുത്തു വേണം മുകളിലെത്താൻ. പശ്ചിമഘട്ടത്തിന്റെ ഭാഗമായ അമ്പുകുത്തി മലയിലാണ് പ്രകൃതിജന്യമായ എടയ്ക്കൽ ഗുഹ സ്ഥിതിചെയ്യുന്നത്. മലകയറ്റം അല്പം കഠിനമാണ്. വഴിയിൽ കുരങ്ങുകൾ ധാരാളം. ചെറുശിലായുഗത്തിലെ ലിഖിതങ്ങൾ ഈ ഗുഹയിൽ കാണപ്പെടുന്നു. സമുദ്രനിരപ്പിൽനിന്ന് ഏകദേശം നാലായിരം അടി ഉയരത്തിലാണ് അമ്പുകുത്തി മല നില്ക്കുന്നത്. മലമുകളിലെ വലിയ പാറയിൽ രൂപപ്പെട്ട വിള്ളലിലേക്ക് മറ്റൊരു കൂറ്റൻ പാറ പതിച്ചാണ് എടയ്ക്കൽ ഗുഹ ഉണ്ടായത്. കേരളത്തിലെ അതിപുരാതനമായ മനുഷ്യവാസത്തെപ്പറ്റി സൂചന നല്കുന്ന എടയ്ക്കൽ ശിലാലിഖിതങ്ങൾ ലോക കൊത്തുചിത്രകലയുടെ ആദിമ മാതൃകകളിലൊന്നാണ്. മലമുകളിലേക്കു കയറാനും ഇറങ്ങാനും രണ്ടു വഴികളാണ്. പാറയിടുക്കിലൂടെ കുത്തനെയുള്ള യാത്ര അവിസ്മരണീയമാണ്.

ചരിത്രമുറങ്ങുന്ന എടയ്ക്കലിൽനിന്ന് യാത്ര മറ്റൊരിടത്തേക്ക്.

**മണ്ണുകൊണ്ടൊരു അണക്കെട്ട്**

കിഴക്കോട്ടൊഴുകും കബനീനദിയുടെ പോഷകനദിയായ കരമനത്തോടിനു കുറുകെ സ്ഥിതിചെയ്യുന്ന ബാണാസുര സാഗർ അണക്കെട്ടിലേക്കാണ് ഞങ്ങൾ യാത്ര തിരിച്ചത്. കക്കയം ജലവൈദ്യുതപദ്ധതിക്കു ജലം എത്തിക്കുന്നത് ഇവിടെനിന്നാണ്. ജലസേചനം, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്കും ബാണാസുര സഹായിക്കുന്നുണ്ട്. കൽപ്പറ്റയിൽനിന്ന് ഇരുപത്തിയൊന്ന് കി.മീ. ദൂരമുണ്ട് ഇവിടേക്ക്.

ഇന്ത്യയിലെ ഏറ്റവും വലിയ മണ്ണുനിർമ്മിത അണക്കെട്ടായ ബാണാസുര സാഗർ സാഹസിക മലകയറ്റത്തിനുള്ള തുടക്കസ്ഥാനമാണ്. അതു മാത്രമല്ല



പ്രകൃതിരമണീയങ്ങളായ ചെറുദ്വീപുകളാണ് മറ്റൊരാകർഷണം. ബോട്ടുയാത്രയും കുട്ടികൾക്കായുള്ള പാർക്കും സഞ്ചാരികളെ ആഹ്ലാദിപ്പിക്കുന്നു.

**പഴശ്ശി സ്മാരകം**

ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടിയ ധീരദേശാഭിമാനി കേരളവർമ്മ പഴശ്ശിരാജയുടെ സ്മാരകം മാനന്തവാടിയിലാണ്. മാവിലാംതോട് എന്ന സ്ഥലത്തുവച്ച് അന്തരിച്ച അദ്ദേഹത്തിന്റെ മൃതദേഹം ബ്രിട്ടീഷുകാർ ഇവിടേക്കു കൊണ്ടുവന്ന് ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കുകയായിരുന്നു. കൽപ്പറ്റയിൽനിന്ന് 32 കിമീ. വടക്കു-കിഴക്കായാണ് മാനന്തവാടി. പഴശ്ശി സ്മാരകത്തോടു ചേർന്ന് പഴശ്ശി മ്യൂസിയവും സ്ഥിതിചെയ്യുന്നു. കേരളീയരുടെ ധൈര്യാഭിമാനത്തിന്റെ സ്മാരകത്തിൽനിന്ന് യാത്ര ഇനി കാന്തൻപാറയിലേക്ക്.

**കാന്തൻപാറയിലെ കുഞ്ഞു വെള്ളച്ചാട്ടം**

വയനാട്ടിലെ അതിസുന്ദരമായ നിരവധി വെള്ളച്ചാട്ടങ്ങളിൽ വലിപ്പത്തിൽ കുഞ്ഞനാണ് കാന്തൻപാറ വെള്ളച്ചാട്ടം. മേപ്പാടിക്ക് എട്ടു കിമീ. കിഴക്കായാണ് കാന്തൻപാറ. ഏകദേശം മുപ്പതു മീറ്ററാണ് വെള്ളച്ചാട്ടത്തിന്റെ ഉയരം. ചെറുതാണെങ്കിലും വെള്ളച്ചാട്ടവും പരിസരവും മനോഹരമാണ്. പ്രധാന നിരത്തിൽനിന്ന് എളുപ്പത്തിൽ നടന്നെത്താവുന്ന ഇവിടം വിനോദയാത്രകൾക്ക് അനുയോജ്യമാണ്. സൂചിപ്പാറ വെള്ളച്ചാട്ടത്തിൽനിന്നു നോക്കിയാൽ വെള്ളിനൂലുപോലെ കാന്തൻപാറ കാണാം.

കാന്തൻപാറയിൽനിന്നു തിരിച്ചപ്പോൾ ഇരുട്ടു വീണിരുന്നു. വന്യപ്രദേശമായതുകൊണ്ട് അഞ്ചുമണിയോടെ ടൂറിസ്റ്റ് കേന്ദ്രങ്ങളെല്ലാം അടയ്ക്കും. ആദ്യദിവസത്തെ യാത്ര മതിയാക്കി ഞങ്ങളും വിശ്രമത്തിനായി നീങ്ങി.

## DAY II

**കുറുവ ദ്വീപ്**

രണ്ടാം ദിനത്തെ യാത്ര അതിരാവിലെ ആരംഭിച്ചു. കാണാൻ ഏറെ ആഗ്രഹിച്ചിരുന്ന ഇടത്തേക്കാണ് ആദ്യം പോയത്. കുറുവദ്വീപിലേക്ക്. 950 ഏക്കർ വിസ്തൃതിയുള്ള കബനീനദിയിലെ ദ്വീപാണ് കുറുവ. ഇവിടെ ഇപ്പോൾ ദിവസം 200 സന്ദർശകർക്കു മാത്രമേ പ്രവേശനമുള്ളൂ. അതുകൊണ്ടുതന്നെ അതിരാവിലെതന്നെ ഞങ്ങൾ അവിടെയെത്തി.

സംരക്ഷിതമേഖലയായ കുറുവയിൽ പല വിഭാഗത്തിലുമുള്ള പക്ഷികളും സസ്യങ്ങളുമുണ്ട്. 150-ഓളം ചെറുദ്വീപുകളുടെ സമൂഹമാണ് കുറുവ. കുറുവയിലെത്താൻ ചങ്ങാടമോ വഞ്ചിയോ ആവശ്യമാണ്. മുളകൊണ്ടുള്ള ചങ്ങാടത്തിലാണ് ഞങ്ങൾ പോയത്. പാറക്കെട്ടുകൾ നിറഞ്ഞ കൊച്ചരുവികളിലൂടെ കാൽനടയായി വേണം ദ്വീപുകളിലെത്താൻ. കുളിർമയേറിയ ജലമാണ് അരുവികളിലേത്. ധാരാളം ആളുകൾ വെള്ളം കൂടുതലുള്ള പ്രദേശത്ത് മുങ്ങിക്കുളിക്കുന്നതു കാണാം. ഞങ്ങളും ഒരു മുങ്ങിക്കുളി അങ്ങു പാസാക്കി.

വനത്തുടർച്ച നഷ്ടപ്പെട്ട കാവുപോലെ നിലകൊള്ളുന്ന കുറുവയിൽനിന്നു മടങ്ങാൻ അത്ര എളുപ്പമല്ല. കാരണം, മനസ്സു സമ്മതിക്കില്ല.

**ഉൾക്കാടിനെ അറിയാം, മുത്തങ്ങയിൽ**

വയനാട് വന്യജീവി സങ്കേതത്തിലെ ഒരു ഭാഗമാണ് മുത്തങ്ങ. മൂന്നു സംസ്ഥാനങ്ങൾ ചേരുന്നിടമാണ് വയനാട് വന്യജീവി സങ്കേതം. കർണാടകവും തമിഴ്നാടും കേരളവും ചേരുന്ന ഇവിടം 'ട്രയാങ്കിൾ പോയിന്റ്' എന്നാണ് അറിയപ്പെടുന്നത്. മുത്തങ്ങയിലേക്കുള്ള യാത്ര രസകരമായിരുന്നു. ബത്തേരിയിൽനിന്ന് മൈസൂരിലേക്കുള്ള പാതയിലാണ് മുത്തങ്ങ. പല ഇനത്തിൽപ്പെട്ട ധാരാളം പക്ഷികളും



ഇങ്ങനെയും ഇവിടെയുണ്ട്.

ഫോറസ്റ്റ് വകുപ്പിന്റെ പ്രത്യേക ജീപ്പിലാണ് വനത്തിനുള്ളിലൂടെ യാത്ര ചെയ്യുന്നത്. കാട്ടുപോത്ത്, കടുവ, മാൻ, ആന, മലയണ്ണാൻ തുടങ്ങിയ ജീവികളെ ഞങ്ങൾക്കു കാണാൻ സാധിച്ചു. സംരക്ഷിത വനമേഖലയായ ഇവിടേക്ക് സന്ദർശനത്തിന് അകത്തുനിന്നും പുറത്തുനിന്നുമായി നിരവധി ആളുകൾ ദിവസവും എത്തിച്ചേരുന്നുണ്ട്. സഞ്ചാരികൾക്കായുള്ള ഏറുമാടത്തിലും ഞങ്ങൾ കയറി. വന്യസൗന്ദര്യം ആസ്വദിക്കുന്നതിനു പൂർണ്ണത കിട്ടണമെങ്കിൽ ആദിവാസി ഊരുകളിൽക്കൂടി പോകണം. സമയമില്ലാത്തതിനാൽ ആ മോഹം മാറ്റിവച്ചു.

ഇനി യാത്ര തിരുനെല്ലിയിലേക്ക്.



**പുണ്യം തുളുമ്പുന്ന തിരുനെല്ലി ക്ഷേത്രം**
'സഹ്യമല ക്ഷേത്രം' എന്നറിയപ്പെടുന്ന തിരുനെല്ലി മഹാവിഷ്ണുക്ഷേത്രം, ബ്രഹ്മഗിരി മലനിരകളിലെ കമ്പമല, കരിമല, വരടിഗ മലകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. മുപ്പതു കരിങ്കൽ തൂണുകളാൽ താങ്ങിനിർത്തിയിരിക്കുന്ന തിരുനെല്ലി ക്ഷേത്രം കേരളീയ വാസ്തുവിദ്യയുടെ മികച്ച ഉദാഹരണമാണ്. ക്ഷേത്രത്തിന്റെ തറ കരിങ്കല്ലു പാകിയതാണ്. മഹാവിഷ്ണുവാണ് പ്രധാന പ്രതിഷ്ഠ. സമീപത്തെ ഗുഹയിൽ പരമശിവന്റെ ജ്യോതിർലിംഗ പ്രതിഷ്ഠയും കാണാം. 'ദക്ഷിണകാശി', 'ദക്ഷിണ ഗയ' എന്നീ പേരുകളിലും തിരുനെല്ലി അറിയപ്പെടുന്നു. ഭക്തരുടെ പാപങ്ങൾ കഴുകിക്കളഞ്ഞ് മോക്ഷത്തിലേക്ക് നയിക്കുന്നതിനായി 'പാപനാശിനി' എന്ന നീർത്തടവും ഇവിടെ കാണാം. ബ്രഹ്മഗിരിയിൽനിന്ന് ഉദ്ഭവിക്കുന്ന പാപനാശിനിയിലെ ജലം ഔഷധഗുണമുള്ളതായി കരുതപ്പെടുന്നു. ഇവിടെ ശ്രീരാമനും പരശുരാമനും പിതൃതർപ്പണം ചെയ്തിട്ടുണ്ടെന്നാണ് വിശ്വാസം.



**സാഹസികം സൂചിപ്പാറ വെള്ളച്ചാട്ടം**
തിരുനെല്ലിയുടെ പുണ്യത്തിൽനിന്നു ഞങ്ങൾ യാത്ര തിരിച്ചത് സൂചിപ്പാറയിലേക്കാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സൂചിപ്പാറ വെള്ളച്ചാട്ടം 'സെന്റിനൽപ്പാറ' എന്നും അറിയപ്പെടുന്നു. പല സ്ഥലങ്ങളിലും 100 മുതൽ 300 അടി വരെ ഉയരത്തിൽനിന്നു വീഴുന്ന വെള്ളം നയനാനന്ദകരമാണ്. താഴെ വെള്ളം വന്നു വീഴുന്ന ചെറുതടാകത്തിൽ നീന്തുവാനും കുളിക്കുവാനും കഴിയും. ഞങ്ങളും ഇവിടെ കുറച്ചു നേരം നീന്തിത്തുടിച്ചു.

സൂചിപ്പാറയായിരുന്നു ഞങ്ങളുടെ അവസാന ലക്ഷ്യസ്ഥാനം. അതും കണ്ട് ഇനി മടക്കം. മടങ്ങുന്നതിനുമുമ്പ്, വയനാടൻ യാത്രയിൽ ഞങ്ങൾക്കു തുണയായിരുന്ന, അടുത്ത സുഹൃത്ത് അനുവിന്റെ അച്ഛനോടൊപ്പം അവരുടെ വീട്ടിലും പോയി. അമ്മയും അച്ഛനും മുത്തച്ഛനും മുത്തശ്ശിയും അടങ്ങിയ സന്തുഷ്ട കുടുംബമാണ് അനുവിന്റേത്. ഏറെ സ്നേഹത്തോടെയാണ് അവർ ഞങ്ങളെ വരവേറ്റത്. മുത്തശ്ശി നൽകിയ വയനാടൻ ഭോജനത്തിന്റെ മധുരത്തിൽ അവർ വാത്സല്യംകൂടി ചേർത്തിരുന്നു.

അനുവിനോടും കുടുംബത്തോടും യാത്ര പറഞ്ഞ് ഞങ്ങൾ മടങ്ങുമ്പോൾ, ആകാശപ്പറവകൾ കൂടുകളിലേക്ക് ചേക്കേറിയിരുന്നു. ചാറ്റൽമഴയുടെ അകമ്പടിയോടെയാണ് വയനാടൻ മണ്ണ് ഞങ്ങൾക്കു യാത്രയയപ്പു നൽകിയത്. 'വീണ്ടും വരാം' എന്നു വാക്കു പറഞ്ഞ് ഞങ്ങളും യാത്ര തിരിച്ചു.

**HARISHANKAR J.**
II DC B.COM

Zi A/C
ഹെർബൽ
ബ്യൂട്ടിപാർലർ &
സ്പർശ്
ബുട്ടീക്
ഫസ്റ്റ് ഫ്ളോർ, നിധീരി ബസാർ, ട്രാഫിക്ക്
സിഗ്നലിന് സമീപം, സെൻട്രൽ ജംഗ്ഷൻ
കുറവിലങ്ങാട്
ബ്യൂട്ടീഷ്യൻ: ശ്രീജ ബിജുമോൻ (നൂബൽഹി)
PH: 8137 933 966



ഹോട്ടൽ
നൈസ്‌ലാന്റ്
ചൊള്ളനാൽ ബിൽഡിംഗ്സ്
കുറവിലങ്ങാട്
Ph: 9447324261,7034243001
ഇൻഡ്യൻ, ചൈനീസ്, കോണ്ടിനെന്റൽ
തന്തൂരി, അൽഫാം
ഹോം ഡെലിവറി

അദ്ധ്യാപക സഹകരണസംഘം ക്ലിപ്തം നമ്പർ K.333
ഇടനാട്, ഫോൺ : 233322, 258829, H.O. ഇടനാട്
ബ്രാഞ്ച്: കുറവിലങ്ങാട്
1 ലക്ഷം, 3ലക്ഷം, 5 ലക്ഷം രൂപയുടെ GDCS ഉടൻ ആരംഭിക്കുന്നു,
ഡെയ്‌ലി ഡിപ്പോസിറ്റ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
A ക്ലാസ്സ് അംഗങ്ങൾക്ക് 6 ലക്ഷം വരെ ആൾജാമ്യത്തിൽ വായ്പ



ACOS നീതി മെഡിക്കൽസ്
പള്ളിക്കവല, കുറവിലങ്ങാട്
(സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന് എതിർവശം)
13% മുതൽ 50%
വരെ വിലക്കുറവിൽ
ഇംഗ്ലീഷ്, ആയുർവേദ, വെറ്ററിനറി
മരുന്നുകൾ ലഭിക്കുന്നു

BW A/C
BLACK &
WHITE



GENTS & KIDS BEAUTY HUB & SPA
9562270862 - 8281923074
KURAVILANGAD



# Lost Dream

The day comes to an end
And the night takes over
The twinkling stars are gone
And the streets are lone

I'm still alone
All my dreams are dead
Buried deep
There's no reason for my survival

I survive
But not for me
For the sake of others
To make them glad

It's time to burn all my worries
A time to calm my mind
I find myself lost in the gloomy darkness
With my dreams shattered.......

**LINNET ANNMARIA THOMAS**
III DC ENGLISH



# കുത്തുവാൻ മാത്രമോർക്കുന്നത്...

ഓരോരോ നിറമുള്ള ബലൂണുകൾ !
ഓരോരോ വലുപ്പത്തിൽ വെളിച്ചത്തിൽ !
ഊതിവീർപ്പിച്ചു തൂക്കിയിടുമ്പോഴേ-
യ്ക്കോടിവന്നോമനിക്കും വിരലുകൾ.

കുട്ടികൾക്ക് ബലൂൺ ഇത്രയും !
ഇഷ്ടമാകുവാനെന്താണ് കാരണം.?
ഉത്തരം കിട്ടുവോളം ക്ഷമിക്കണേ !
കുത്തുവാൻ മാത്രമോർക്കുന്ന സൂചിയെ..

**MIANA JOY**
I DC MALAYALAM

# ജന്മാന്തരങ്ങളിൽ

കിളിർക്കും മുൻപുതന്നെ
മനസ്സിൽ ഉറപ്പിച്ചതാണ്
ഒരു കലാലയമുറ്റത്ത് പിറക്കണമെന്ന്
എന്നിട്ട് ജന്മാന്തരങ്ങളിൽ
കത്തിജ്ജ്വലിക്കുന്ന വിപ്ലവ പ്രണയങ്ങൾക്ക്
സാക്ഷിയായി, കുസൃതികാട്ടുന്ന
കണ്ണിനോട് ഒന്നുമുരിയാടാതെ
പതിയെ മിഴിയടച്ച് , പൊട്ടി
മുളയ്ക്കുന്ന നറും തളിരിന്
വിൽപത്രമെഴുതിക്കൊടുത്തിട്ട്
ഒരുപോക്ക്, എങ്ങോട്ടാണ്..?



**MIANA JOY**
I DC MALAYALAM

# DREAMPOINT

**Holidays & Travel Services**

We make it Your Dreams...

Phone: 0482 2231164
+91 9539890510
7593062550

Palackathadathil Building, Kuravilangad-Kottayam

info@dreampointholidays.com, dreampointtravels@gmail.com

https://dreampointholidays.com

"Life is full of Beauty" enjoy, smell the rain and feel the wind. Adventure brings power and Love back into your life, live your life to the fullest......, there are no limitations to dreams, Dreams does not work unless you ponder it. A DREAM ALONE IS ONLY A DREAM... A DREAM TOGETHER WITH EXERTION IS REALITY AND IT BECOMES DIVINE PERFECTION.

When you wish to experience the trust meanings of heavenly and charm...you can contact us we are amassed with best packages it includes group, and individual packages. It helps you to meet and explore the beauty of nature without worrying about budget, convenience etc...., The aim of our travel service can be put into a simple logic that is prominent, quicker and value of your money. WE WILL WORK WITH YOU TO FIND THE RIGHT CHOICE AT YOUR CONVENIENCE... Wherever you go becomes a part of yours somehow..... There we stand as...... DREAMPOINT.

ഏറ്റവും കുറഞ്ഞ
നിരക്കിലുള്ള എയർ ലൈൻ

AUTHORISED AGENT OF
RAILWAY TICKETING

(Nominal service Charge only)



## OUR SERVICES

- Airlines Tickets (International & Domestic)
- Train Tickets (General, Tatkal and Spl Category)
- Visa Stamping for any Country, Visit Visas, Foreign Exchange and Money Transfer to any Country
- Hotel & Resort Bookings, Package Tours, House Boat Parties, Corporate Meetings etc.
- Tourist Buses, Travellers, Cars etc. For Tour, Marriage and for any Occasions
- International Higher Education Consultancy

DREAMPOINT HOLIDAYS & TRAVEL SERVICES
PALACKATHADATHIL BUILDING
KURAVILANGAD – KOTTAYAM
TEL: 04822231164, +91 9539890510, 7593062550
E-Mail; dreampointtravels@gmail.com







# LEMON
## TOURS & TRAVELS
K O T T A Y A M

*A concept of Travelmates tour planners...*

| BELJO | LINU | RENJITH | GOKUL | AKHIL |
|---|---|---|---|---|
| 9746625208 | 9447687989 | 9495961168 | 9446725489 | 9656568241 |

Travel Mates
Tour Packaging & Travel Company

Travelmates
Tour Planners

*Come as a guest go as a friend*

- SCHOOL / COLLEGE TOUR PACKAGES
- FAMILY TOUR PACKAGES
- HONEYMOON PACKAGES








# നാഷണൽ യൂത്ത് കോൺഫറൻസ്

ഈ വർഷത്തെ നാഷണൽ യൂത്ത് കോൺഫറൻസിൽ പങ്കെടുക്കുവാൻ സെലക്ഷൻ ലഭിച്ചുവെന്നറിഞ്ഞതുമുതൽ മനസ് യാത്രയ്ക്കായി ഒരുങ്ങിയിരുന്നു. ഇതുവരെ കാണാത്ത ജയ്പൂർ നഗരത്തെ മനസിൽ കണ്ടു. എന്നാൽ യാത്രയ്ക്കു മൂന്നു ദിവസം മുമ്പാണ്, ചില സാങ്കേതിക കാരണങ്ങളാൽ കോൺഫറൻസ് യുപിയിലെ നോയിഡയിലേയ്ക്ക് മാറി എന്നറിഞ്ഞത്. 2018 ജനുവരി 9-ാം തീയതി എറണാകുളത്തുനിന്ന് ട്രെയിൻ കയറുമ്പോൾ ആകാംക്ഷയായിരുന്നു മനസു നിറയെ. 80 വിദ്യാർത്ഥികളും 4 അദ്ധ്യാപകരുമടങ്ങിയതായിരുന്നു കേരള ടീം.

മൂന്ന് ദിവസത്തെ ട്രെയിൻ യാത്രയിൽ അപരിചിതമുഖങ്ങളെല്ലാം പരിചിതങ്ങളായി മാറി. 11-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിയോടെ ഞങ്ങൾ ജയ്പൂരിലെ കോട്ട റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. രാത്രി 11 മണിക്ക് ഞങ്ങൾക്കു വേണ്ടിയുള്ള ബസ് വന്നു. യാത്രാക്ഷീണം കാരണം പലരും ഉറങ്ങിപ്പോയി. തണുപ്പും പൊടിയും പലപ്പോഴും ഞങ്ങളുടെ കാഴ്ചകളെ മറച്ചിരുന്നുവെങ്കിലും ഉറക്കത്തിലാണ്ടുപോയ നഗരത്തെ ഞാൻ ആവോളം ആസ്വദിച്ചു. ശീഘ്രവേഗത്തിൽ പാഞ്ഞുപോകുന്ന നാഷണൽ പെർമിറ്റ് ലോറികൾ. ആ തണുപ്പിൽ ഒരു തട്ടുകടയിൽ നിന്നും വാങ്ങിക്കുടിച്ച ചായ പ്രത്യേക ഉന്മേഷം നൽകി. ഏകദേശം ആറേകാലോടെ ഞങ്ങൾ നോയിഡയിലെ ഗൗതമബുദ്ധ യൂണിവേഴ്സിറ്റിയിലെത്തി ചേർന്നു. കാപ്പികുടിക്കുശേഷം പെൺകുട്ടികൾ സെറ്റ് സാരിയും ആൺകുട്ടികൾ ഷർട്ടും മുണ്ടും ധരിച്ച് ഔദ്യോഗിക സമ്മേളനത്തിൽ സന്നിഹിതരായി. രാജ്യം കണ്ട ഏറ്റവും വലിയ യുവജനസമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചത് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ്.

ഇന്ത്യയിലെ തിരഞ്ഞെടുക്കപ്പെട്ട യുവജനപ്രതിനിധികൾ, തങ്ങളുടെ നാടിന്റെ സംസ്കാര-പൈതൃകം വിളിച്ചോതാൻ തനതായ വസ്ത്രാലങ്കാരങ്ങളോടെയാണ് സമ്മേളനത്തിനെത്തിയത്. അവിടെ നമ്മുടെ വള്ളംകളിപ്പാട്ടും തിരുവാതിരയും അവതരിപ്പിച്ചത് മലയാളിയുടെ സ്വകാര്യ അഹങ്കാരത്തിന്റെ ഭാഗമായിട്ടാണ്. അതിൽത്തന്നെ മറ്റ് സംസ്ഥാനക്കാരും താൽപര്യപൂർവ്വം പങ്കുചേർന്നു. ഏകദേശം അയ്യായിരത്തോളം യുവജനങ്ങൾ.വ്യത്യസ്ത നിറങ്ങൾ ...സംസ്കാരങ്ങൾ....ഭാഷകൾ.....വ്യക്തിത്വങ്ങൾ.. എല്ലാവരുടെയും കണ്ഠങ്ങളിൽ നിന്ന് ഒരേസമയം ദേശീയഗാനമുയർന്നപ്പോൾ ഉണ്ടായ വികാരം അത് വാക്കുകൾക്കതീതമാവുകയായിരുന്നു. എല്ലാ സംസ്കാരങ്ങളെയും ഉൾക്കൊള്ളുന്ന ഭക്ഷണരീതി എല്ലാ നാടിന്റെയും രുചിഭേദങ്ങൾ ആസ്വദിക്കാനുള്ള വേദിയായിരുന്നു അത്. എയർഫോഴ്സിൽ ഉൾപ്പെടെ രാജ്യം കണ്ട പ്രധാന വ്യക്തികളുടെ ക്ലാസ്സുകളെക്കാളും ഞങ്ങളുടെ മനസ്സിൽ മായാതെ കിടക്കുന്നത് സൗഹൃദത്തിന്റെ നിമിഷങ്ങൾ തന്നെയാണ്. ഡിജെ നൈറ്റ്സ്, കൾച്ചറൽ പ്രോഗ്രാംസ് അതിൽ തന്നെ കളരിപ്പയറ്റും, ഓട്ടൻതുള്ളലും, കഥകളിയും, തിരുവാതിരയുമൊക്കെ ചേർന്ന നവ്യാനുഭവം ഓർമയിലുണരുന്നു.







എത്ര തണുപ്പാണെങ്കിലും ദിവസവും രാവിലെ എഴുന്നേറ്റ് സേവനം ചെയ്യുന്ന ഗോവയിലെ എൻഎസ്എസ് വോളണ്ടിയേഴ്സ്. ഭക്ഷണസമയത്ത് എപ്പോഴും കൂട്ടായിരുന്ന ബീഹാർ എൻഎസ്എസ് വോളണ്ടിയേഴ്സ്, ഉത്സാഹത്തോടെ കണ്ടുമുട്ടിയ ആസാം എൻഎസ്എസ് വോളണ്ടിയേഴ്സ്. ആദ്യം പിണക്കത്തിലും പിന്നീട് ഇണക്കത്തിലും ആയിരുന്ന ഹരിയാനക്കാർ ... കാശ്മീർ, ഗുജറാത്ത് എന്നു വേണ്ട എല്ലാ സംസ്ഥാനത്തെയും എൻഎസ്എസ് വോളണ്ടിയേഴ്സിനെയും പരിചയപ്പെടാൻ സാധിച്ചു. ഒരു ദിവസം ചുറ്റിനടന്നു കണ്ടാലും തീരാത്ത ഗൗതമബുദ്ധ യൂണിവേഴ്സിറ്റി... അവിടെയുള്ള ബുദ്ധപ്രതിമ. അവിടെ ഉപരിപഠനം നടത്തുന്ന ചേട്ടന്മാരും ചേച്ചിമാരും എല്ലാം ഓർമ്മത്താളുകളിൽ ഇടം പിടിച്ചിട്ടുണ്ട്.

മടക്കയാത്രയ്ക്ക് ഒരു ദിവസം മുമ്പ് ആണ് 2 ദിവസത്തെ ട്രിപ്പ് പ്ലാൻ ചെയ്തത്. ആഗ്രയും താജ്മഹലുമൊക്കെ കാണാൻ ഞങ്ങൾ ഒരുങ്ങി. അങ്ങനെ വിഷമത്തോടെയാണെങ്കിലും നോയിഡയോട് ഞങ്ങൾ വിടവാങ്ങി. കുറെ നല്ല ഓർമകൾ സമ്മാനിച്ച നാഷണൽ യൂത്ത് കോൺഫറൻസ് അവസാനിച്ചപ്പോൾ മനസിലെവിടെയോ ശൂന്യത ബാക്കിയായി. 16-ാം തീയതി രാവിലെ വണ്ടിയിൽ ഞങ്ങളെ കയറ്റിവിട്ടത് അല്ലെങ്കിൽ അതുവരെ കൂടെയുണ്ടായിരുന്നത് ബീഹാറിലെ ...വോളണ്ടിയേഴ്സ് ആയിരുന്നു. അങ്ങനെ ആഗ്രയിലേക്ക് ലോകാത്ഭുതങ്ങളിലൊന്നായ താജ്മഹലിനെ അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയുമായിരുന്നുള്ളൂ. പിറ്റേദിവസം കണ്ട ജയ്പൂർ പാലസും ഞങ്ങളെ വിസ്മയഭരിതരാക്കി.

അങ്ങനെ 17-ാം തീയതി വൈകിട്ട് കേരളത്തിലേക്ക് ട്രെയിൻ കയറി. ഇരുവശവും വയലിൽ നിറഞ്ഞുനിൽക്കുന്ന മഞ്ഞപ്പൂക്കൾ ഡിഡിഎൽജെയിലെ വഴികളും കാഴ്ചകളും പോലെ തന്നെ. ഒരിക്കൽ ആ സിനിമ കണ്ടപ്പോൾ ആ വഴികളിലൂടെ ഒന്നു സഞ്ചരിക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ എന്ന് മനസിൽ ആഗ്രഹിച്ചിരുന്നു. ഞാനും പോകുന്നത് സ്വപ്നം കണ്ടിരുന്നു. അങ്ങനെ പഞ്ചാബിന്റെ വഴികളും അന്വർത്ഥമായി. ജീവിതം അങ്ങനെയാണ് നമുക്ക് ഒരിക്കലും പ്രതീക്ഷിക്കാത്ത അവസരങ്ങളാവും നമുക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. ഒരു പക്ഷേ ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന അവസരങ്ങൾ അവ പരമാവധി പ്രയോജനപ്പെടുത്തുക. എനിക്കും അത്തരത്തിൽ ലഭിച്ച ഈ അവസരത്തിന് ദൈവത്തിനു നന്ദി പറയുന്നു. ഒപ്പം പ്രോഗ്രാം ഓഫീസർ ജയ്സൺ സാറിനും.

**അവസരങ്ങളെ അനുഭവങ്ങളാക്കി മാറ്റാം.**
**അനുഭവങ്ങളെ മധുര സ്മരണകളായും... നന്ദി...**

**AMALA TREESA JAMES**
II DC MALAYALAM



# ഒരു സ്നേഹം ഒരുപാട് വാത്സല്യം

ദേവമാതയുടെ ഗേറ്റ് കടന്നാൽ കാണുന്ന വൃത്തിയും വെടിപ്പും സൗന്ദര്യവുമെല്ലാം നമ്മുടെ ചേച്ചിമാരുടെ കൈകളിലാണ്. അവരെ ചുറ്റി മുട്ടിയുരുമ്മി നടക്കുന്ന കുറിഞ്ഞിപൂച്ചയ്ക്കറിയാം അവരുടെ കൊച്ചു സങ്കടങ്ങൾ വലിയ വലിയ സന്തോഷങ്ങൾ ബുദ്ധിമുട്ടുകൾ പരിദേവനങ്ങൾ പരാതികൾ എല്ലാം. ഇവയെല്ലാം ഇവിടെ പറന്നു പാറി നടക്കുന്ന കുട്ടികളുടെ സന്തോഷത്തിൽ അലിഞ്ഞുപോകുന്നതും കണ്ട് കുറിഞ്ഞി പൂച്ച മയങ്ങും. കുറിഞ്ഞിക്ക് ചിലപ്പോൾ അത്ഭുതം തോന്നാറുണ്ട്.

ഈ ചേച്ചിമാർക്ക് എന്തൊരം മക്കളാണ്. എത്രയെത്ര സ്വഭാവവൈവിധ്യം നിറഞ്ഞവർ എല്ലാവരെയും ഒരു പോലെ സ്നേഹിക്കുന്നവർ ഭാഗ്യവതികൾ. സ്വന്തം മക്കൾക്കുപോലും അടിസ്ഥാനസൗകര്യങ്ങൾക്ക് ഒരുക്കുവാൻ ഇത്രയും തിടുക്കം ഇവർ കാട്ടുമോ ആവോ. അടിസ്ഥാനം നന്നായാൽ ഇലയും പൂവും കായുമായി പുഷ്പിക്കുന്ന വൻമരങ്ങളായി മാറുന്ന സമൂഹം അവരുടെ ആത്മസന്തോഷത്തിന്റെ സംതൃപ്തിയുടെ പൊൻ കിരണങ്ങളാണ്.



സ്നേഹപൂർവ്വം ഞങ്ങളുടെ ചേച്ചിമാർക്ക്.

# Farewell to Teachers



DR. T.T. MICHAEL



SRI. BABY MATHEW

വിദ്യ ദാനം ചെയ്ത
ഗുരുഹൃദയങ്ങൾക്ക്



SRI. K.J. MATHEW

**നന്ദി**



DR. M.J. JOSEPH

സേവനം നൽകിയ
നന്മയുടെ കരങ്ങൾക്ക്



SRI. JOSEPH GEORGE



SR. ROCILY C.T.

# Unit of Unity


AKSHARA V.


ASWATHY S.


AADHYA BABU

കലാപകലുഷിതമായ
പുതിയ കാലത്ത് വേരുകൾ ശുഭ
സന്ദേശവാഹകരാണ്. മണ്ണിനടിയിൽ അവ
തീർക്കുന്ന സൗഹൃദവലയം,
വിഭാഗീയതകളിൽപ്പെട്ടുഴലുന്ന മനുഷ്യർക്ക്
അനുകരണീയ മാതൃകയുമാണ്.
യുവതയുടെ സ്പന്ദനമറിയുന്ന ക്യാമ്പസിൽ
നിന്നുമാണ് അനുരഞ്ജനത്തിന്റെ ഭാഷ
ഉരുവം കൊള്ളേണ്ടത്. അതിനുള്ള
പരിശ്രമത്തിൽ സഹകരിച്ചവർക്ക്


AKHIL ROY


MIANA JOY

## നന്ദി...

സഹിഷ്ണുതയുടെ സഹകരണത്തിന്റെ
ദയയുടെ സ്നേഹത്തിന്റെ '**വേരുകൾ**'
പിണയുന്ന ഒരു ശുഭകാലത്തെ സ്വപ്നം
കാണട്ടെ.

എഡിറ്റർ.


SEBIN JOSE


SRUTHI V.S.


NEETHU ROY


SAMSON JOSE


Think About Uniforms, Think Unitex
UNITEX
UTX
THE UNIFORM SPECIALIST
The Ultimate Destination of Uniforms
READY MADE UNIFORMS AVAILABLE FOR
SCHOOLS, COLLEGES, HOTELS,
FOR PETROL PUMPS BPC, HPC, IOC,
CORPORATE ORGANIZATIONS etc.
Door no : XIII/538D
New Kanjiramattom Byepass Jn.
Thodupuzha, Pin:685584
Idukki - Kerala
Office No.: 04862 209569
Mob. 98 95 97 56 04
Email ID : utx.uniform@gmail.com
DEALERS IN : ALL TYPE OF UNIFORM FABRICS
DEVA MATHA COLLEGE


AMIGOS
COMMUNICATIONS
SALES & SERVICE
Ph: 9846780036
Easy EMI
0%
Interest
പാൻകാർഡ് ഇല്ലാതെ
മൊബൈൽ ഫോൺ
തവണവ്യവസ്ഥയിൽ
MI REDMI
oppo
vivo
Smart Phone
SAMSUNG
honor
iPhone
MOTOROLA
GIONEE
htc
NOKIA
ASUS
Pine Labs
BAJAJ FINSERV
EMI
Br. Kuravilangad - Kaduthuruthy - Thellakom - Thalayolaparambu - Koothattukulam